# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം
2018 സെപ്തംബർ-ഒക്ടോബർ വാല്യം 45 ലക്കം 6 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ

# പേമാരിയെ പ്രളയമാക്കി; ജനങ്ങളിന്നും ദുരിതക്കയത്തിൽ

## പ്രളയബാധിതരുടെ പുനഃരധിവാസം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക

**മഹാപ്രളയത്തിന്റെ ആഘാതത്തിൽനിന്നും ജനങ്ങൾ ഇനിയും മുക്തരായിട്ടില്ല. അനിശ്ചിതമായ ഭാവിയുടെ മുന്നിൽ അന്തംവിട്ടുനിൽക്കുകയാണവർ. എല്ലാം നഷ്ടപ്പെട്ടിടത്തുനിന്ന് ഒരിഞ്ച് മുന്നോട്ട് പോകാനാവാത്തവിധം തകർച്ച പൂർണ്ണമാണ്. എന്നിരിക്കിലും കേരളത്തെ മുക്കിക്കൊല്ലാൻപോന്ന പ്രളയത്തിൽനിന്ന് ജീവിതം തിരിച്ചുപിടിക്കാൻ വാശിയോടെ ജനങ്ങൾ ഇറങ്ങിപ്പുറപ്പെട്ടു കഴിഞ്ഞു.**

**2018** ആഗസ്റ്റ് മാസത്തിൽ കേരളത്തെ വിഴുങ്ങിയ പ്രളയദുരന്തം കഴിഞ്ഞ 100 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വലിയ ഒന്നായിരുന്നു. ആഗസ്റ്റ് 6നു തുടങ്ങി ക്രമേണ ശക്തിപ്പെട്ട് 11 ദിവസം തുടർച്ചയായി പെയ്ത പേമാരിയും തുടർന്നുവന്ന മഹാപ്രളയവും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കാത്ത ഒരാളും കേരളത്തിലില്ല. 99-ലെ വെള്ളപ്പൊക്കമെന്ന് വിശേഷിപ്പിക്കപ്പെടുന്ന 1924-ലെ ദുരന്തം മധ്യകേരളത്തിലെ 6 ജില്ലകളെ ഉലച്ച ഒന്നായിരുന്നു. എന്നാൽ 2018ന്റെ പ്രളയം കേരളത്തിന്റെ 14 ജില്ലകളെയും ബാധിച്ചു. 8 ജില്ലകൾ അത്യധികമായ കെടുതികൾക്ക് ഇരയായി. പ്രളയം ജനങ്ങൾക്ക് എല്ലാ തലങ്ങളിലും സൃഷ്ടിച്ച ആഘാതത്തിൽനിന്ന് പൂർണ്ണമായി കരകയറാൻ മാസങ്ങളല്ല, വർഷങ്ങൾതന്നെ വേണ്ടിവരും.

ഈ വർഷം ജൂലൈ മാസത്തിൽ പെയ്ത മഴയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും സൃഷ്ടിച്ച അവർണ്ണനീയമായ ദുരിതങ്ങൾ വടക്കൻ കേരളവും കുട്ടനാടും വലിയതോതിൽ അനുഭവിച്ചിരുന്നു. അതിൽനിന്ന് കരകയറാൻ കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കവെയാണ് ആഗസ്റ്റ് 6 ന് വീണ്ടും മഴ ശക്തിപ്പെടുന്നത്. ആലപ്പുഴ ജില്ലയുടെ കുട്ടനാട് താലൂക്കിലെയും കോട്ടയം, പത്തനംതിട്ട ജില്ലകളിലെ അപ്പർ കുട്ടനാടൻ മേഖലകളിലെയും ജനങ്ങളിൽ ഏതാണ്ട് എഴുപതു ശതമാനവും ദുരിതാശ്വാസ ക്യാമ്പുകളിലായിരുന്നു. മടങ്ങി വന്ന് ജീവിതം പുനരാരംഭിക്കാൻ തയ്യാറെടുക്കുമ്പോഴാണ് പെരുമഴ വീണ്ടും ആർത്തലച്ച് പെയ്തുതുടങ്ങിയത്. കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ വടക്കൻ ജില്ലകളിലും ഇടുക്കിയിലും ആരംഭിച്ച മഴ, ക്രമേണ സംസ്ഥാനം മുഴുവൻ വ്യാപിച്ച് ആഗസ്റ്റ് 14 ആയപ്പോൾ കേരളത്തിൽ ഭീതി വിതച്ചുകൊണ്ട് അസാധാരണമായ നിലയിൽ തീവ്രമായി. ആഗസ്റ്റ് 15, 16, 17 തീയതികളോടെ കേരളത്തിന്റെ നാലിലൊന്ന് പ്രദേശത്തും നാലടി മുതൽ 17 അടി വരെ ഉയരത്തിൽ വെള്ളം വന്നുമൂടി.

കാര്യങ്ങൾ കൈവിട്ടുപോകുമെന്ന് അനുഭവംകൊണ്ട് തിരിച്ചറിഞ്ഞ ജനങ്ങൾ പലായനത്തിന് തയ്യാറെടുത്തു. സാഹചര്യങ്ങളുടെ ഗുരുതരാവസ്ഥ മനസ്സിലാക്കിയവർ ഓടിനടന്ന് ആളുകളെ രക്ഷപ്പെടുത്തി. വള്ളത്തിലും ബോട്ടുകളിലുമായി നാട്ടുകാർ കുട്ടനാട്ടിൽനിന്നും ആലപ്പുഴയിലേയ്ക്കും ചങ്ങനാശ്ശേരിയിലേയ്ക്കും കോട്ടയത്തേയ്ക്കും പലായനം ചെയ്തു. ഒരായുസ്സു മുഴുവൻ പണിയെടുത്തുണ്ടാക്കിയതെല്ലാം പ്രളയത്തിന് വിട്ടുകൊടുത്ത് ഉടുതുണിയുമായി നീന്തിക്കയറുന്ന ജനങ്ങളുടെ മഹാപ്രവാഹം. ഹൃദയഭേദകമായ കാഴ്ചയായിരുന്നു അത്.

ആറടി വരെയുള്ള വെള്ളത്തിലൂടെ ഓടിയ വലിയ ഭാരവണ്ടികളിൽ അവർ തളർന്ന് കുഴഞ്ഞ് വന്നിറങ്ങി. ചിലരുടെ ചുമലിൽ കുട്ടികളും വൃദ്ധരുമെങ്കിൽ മറ്റുചിലർ തലയിലേറ്റിയത് ആടിനെയും കോഴിയെയും വളർത്തുമൃഗങ്ങളെയുമായിരുന്നു. നിസ്സഹായതയും ഭീതിയും അവരെ വേട്ടയാടിയിരുന്നു. കുട്ടനാടിന്റെ പ്രമുഖ പാതയായ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ ഇ

*(ശേഷം 2-ാം പേജിൽ)*



**പ്രളയഭൂമിയിൽനിന്നുള്ള സാഹസികമായ പലായനങ്ങളിലൊന്ന്**

# കന്യാസ്ത്രീകളുടെ സമരത്തിന് ഐക്യദാർഢ്യം

**ഫ്രാ**ങ്കോ മുളയ്ക്കലിനെ അറസ്റ്റുചെയ്യണമെന്നും സർക്കാർ ഒത്തുകളി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നു.

എറണാകുളം വഞ്ചിസ്ക്വയറിൽ കന്യാസ്ത്രീകൾ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സ്ത്രീ സുരക്ഷാ സമിതി, എഐഡിവൈഒ, മഹിളാ സാംസ്കാരിക സംഘടന എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സമരപന്തലിലേയ്ക്ക് മാർച്ച് നടത്തി. ബിഷപ്പിന്റെ അറസ്റ്റ് വൈകുന്നത് ദുരുപദിഷ്ടമാണെന്നും നീതിക്കുവേണ്ടി കേഴുന്ന കന്യാസ്ത്രീയെ വിരട്ടി പിന്തിരിപ്പിക്കാനുള്ള ശ്രമത്തിനുപകരം ലഭ്യമായ തെളിവുകളുടെ പശ്ചാത്തലത്തിൽ സാധ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് അന്വേഷണ ഉദ്യോഗസ്ഥർ ചെയ്യേണ്ടതെന്നും മാർച്ചിനെ അഭിസംബോധന ചെയ്തുകൊണ്ട് കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ അഭിപ്രായപ്പെട്ടു. ഭരണഘടന പൗരന് വാഗ്ദാനം ചെയ്യുന്ന സാമാന്യനീതിയുടെ നഗ്നമായ ലംഘനമാണ് തുടർച്ചയായി ഈ കേസ്സിലുൾപ്പെടെ നടക്കുന്നത്. ഏതൊരു കേസ്സിലും നടക്കേണ്ടുന്ന മിനിമം നടപടികൾപോലും കന്യാസ്ത്രീയുടെ പരാതിയിൽ ഉണ്ടായിട്ടില്ല. കേസ്സ് കളവാണെന്ന് വരുത്താനുള്ള ശ്രമം ഉന്നതങ്ങളിൽ നിന്നുതന്നെ നടക്കുന്നുവെന്ന് ബോധ്യപ്പെടുത്തുന്ന കാര്യങ്ങളാണ് പോലീസ് ചെയ്യുന്നത്. പണവും വോട്ടുബാങ്കും കണ്ട് കണ്ണ് മഞ്ഞളിക്കുന്ന ഭരണകർത്താക്കൾക്കും അഴിമതിക്കാരായ ഉദ്യോഗസ്ഥലോബിക്കുമെതിരെ ശക്തമായ താക്കീതാണ് ഇവിടെ ഉയരുന്നതെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു.

സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ, പ്രമുഖ ഗാന്ധിയനും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് മുൻ പ്രിൻസിപ്പലുമായ പ്രൊഫ. എം.പി.മത്തായി, എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ്, ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് എൻ.കെ.ബിജു എന്നിവരും സമരത്തെ അഭിസംബോധന ചെയ്തു.




**കന്യാസ്ത്രീകളുടെ സമരപ്പന്തലിലേയ്ക്ക് എഐഎംഎസ്എസ്, എഐഡിവൈഒ, സ്ത്രീ സുരക്ഷാ സമിതി എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ ഐക്യദാർഢ്യ മാർച്ച്**

**മഹാപ്രളയം**

# ഐതിഹാസികമായ ജനകീയ പ്രവർത്തനവും നിഷ്ക്രിയമായ സർക്കാർ സംവിധാനങ്ങളും

*(1-ാം പേജിൽ നിന്ന്)*

രുവശങ്ങളിലായുള്ള നിരവധി ഗ്രാമങ്ങളിൽനിന്നും തുരുത്തുകളിൽനിന്നും വാഴപ്പിണ്ടി ചങ്ങാടങ്ങളിലും ചെറുവള്ളങ്ങളിലും സാഹസികമായി സ്വയം രക്ഷപെട്ടും മറ്റുള്ള അനേകരെ രക്ഷപെടുത്തിയും പതിനായിരങ്ങൾ എ.സി.റോഡിൽ എത്തിച്ചേർന്നു. അവരിൽ വലിയൊരു പങ്കും നെഞ്ചോളം വെള്ളത്തിൽ പത്തും പതിനഞ്ചും മണിക്കൂർ നനഞ്ഞുവിറച്ച് വലിയ ഭാരവണ്ടിയും പ്രതീക്ഷിച്ച് വിശന്ന വയറോടെ കാത്തുനിന്നു. ചില സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനികളും വ്യക്തികളും ക്രമീകരിച്ച വലിയ ഭാരവണ്ടികൾ (ടോറസ്) ആറടി വെള്ളത്തിലൂടെ വിശ്രമമില്ലാതെ എ.സി.റോഡിലൂടെ ഓടി. കുട്ടനാട്ടിലെ ജലപാതകളിൽ ഓടിയ വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ചില ബോട്ടുകളൊഴികെ, സർക്കാർ സംവിധാനങ്ങളുടെ ചെറിയസാന്നിദ്ധ്യം പോലും അവിടെയില്ലായിരുന്നു.

ആഗസ്റ്റ് 13ന് ശബരിമലയിലെ പമ്പ ത്രിവേണിയെ മുക്കിയ വെള്ളം മൂന്ന് ദിവസത്തിനുശേഷമാണ് കുട്ടനാട്ടിലെ ഭയാനകമായ വെള്ളപ്പൊക്കമായി മാറുന്നത്. വിലപ്പെട്ട മൂന്ന് ദിവസം പ്രയോജനപ്പെടുത്തി, കുട്ടനാട്ടിലെ ജനങ്ങളെ മുൻകൂറായി ഒഴിപ്പിച്ചിരുന്നെങ്കിൽ ജനങ്ങൾ അനുഭവിച്ച കൊടിയ യാതനകൾ ഒഴിവാക്കാനാവുമായിരുന്നു. ഇത് കുട്ടനാട്ടിലെ സാധാരണ ജനങ്ങളുടെ അനുഭവമായിരുന്നെങ്കിൽ റാന്നിയിലും ആറന്മുളയിലും ചെങ്ങന്നൂർ പാണ്ടനാട്ടും എറണാകുളം ജില്ലയിലെ ആലുവായിലും പറവൂരും തൃശൂർ ജില്ലയിൽ ചാലക്കുടിയിലും എവിടെയും ജനങ്ങളുടെ അനുഭവം ഒന്നു തന്നെയായിരുന്നു.

### പെരുമഴയെ പ്രളയ ദുരന്തമാക്കിയത് സർക്കാർ

സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമായി മാറിയ മഹാപ്രളയത്തിന്റെ അടിസ്ഥാനകാരണം എന്താണ്? അസാധാരണമായി പെയ്ത പേമാരിയാണ് ഈ പ്രളയം സൃഷ്ടിച്ചത് എന്നാണ് സർക്കാരിന്റെ വിശദീകരണം. ഈ വിശദീകരണത്തിനു വിരുദ്ധമായി മുല്ലപ്പെരിയാർ ഡാമിന്റെ എല്ലാ ഷട്ടറുകളും ഒരുമിച്ച് തുറന്നതാണ് ഇടുക്കിയിലെ പ്രളയത്തിനു കാരണമെന്ന് ഇതേ സർക്കാർതന്നെ സുപ്രീം കോടതിയിൽ വാദമുയർത്തുകയും ചെയ്തു. തമിഴ്നാടാകട്ടെ പേമാരിയാണ് പ്രളയത്തിന്റെ കാരണമെന്ന് വാദിച്ചു. അപ്പോൾ യഥാർത്ഥ വസ്തുതകളെന്താണ്?

ഓഖി ദുരന്തത്തിന്റെ ആദ്യ നാളുകളിൽ അങ്ങേയറ്റം നിസ്സംഗതയോടെ നിലകൊണ്ട സർക്കാരിനെയാണ് നാം കണ്ടത്. സർക്കാർ സംവിധാനങ്ങൾ ഉണർന്നുവന്നപ്പോഴേയ്ക്കും കാര്യങ്ങൾ കൈവിട്ടുപോയിരുന്നു. വേണ്ടത്ര മുന്നറിയിപ്പുകൾ നൽകാതെയും കാര്യക്ഷമമായ രക്ഷാപ്രവർത്തനങ്ങൾ ഏകോപനത്തോടെ നടത്താതെയും നൂറുകണക്കിന് മത്സ്യത്തൊഴിലാളികളെ അന്ന് മരണത്തിലേയ്ക്ക് തള്ളിവിട്ടു. അതിൽനിന്നും സംസ്ഥാന സർക്കാർ കാര്യമായ പാഠങ്ങളൊന്നും പഠിച്ചില്ല എന്നതാണ് പ്രളയദുരന്തത്തിന്റെ അനുഭവം കാണിക്കുന്നത്.

ഇപ്പോൾ പെയ്ത മഴ സംസ്ഥാനത്തിന്റെ 100 വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന മഴയല്ല എന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 100 വർഷത്തിനിടയിൽ ഇതേ സ്വഭാവത്തിൽ പേമാരി പെയ്ത പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉണ്ടാകാതെ പോയ മഹാപ്രളയം ഇപ്പോഴെന്തുകൊണ്ടുണ്ടായി? ആഗസ്റ്റ് 10 ന് തന്നെ കനത്തമഴയുടെ മുന്നറിയിപ്പും അതീവ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നെന്ന് കേന്ദ്ര കാലാവസ്ഥാനിരീക്ഷണ കേന്ദ്രവും വാദമുയർത്തിയിരിക്കുകയാണ്. കനത്ത മഴയുടെ മുന്നറിയിപ്പ് കിട്ടിയിട്ടും അതിതീവ്രമഴ മൂലം വരാനിടയുള്ള പെരുംവെള്ളത്തെ നിയന്ത്രിക്കുന്നതിനായി സമഗ്രമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ സർക്കാർ ഏതാണ്ട് പൂർണ്ണമായി പരാജയപ്പെട്ടു എന്നതാണ് പെരുമഴ മഹാപ്രളയമായതിന്റെ പ്രധാന കാരണം. വസ്തുനിഷ്ഠമായി പരിശോധിച്ചാൽ അത് തെളിയിക്കാൻ കഴിയുന്ന ഉദാഹരണങ്ങൾ നിരവധിയാണ്.

ഇടുക്കി ജലസംഭരണിയുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനം മാത്രം പരിശോധിച്ചാൽ സർക്കാരിന്റെ കുറ്റകരമായ വീഴ്ചയുടെ ആഴം മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ഇത്തവണ മെയ് മുതൽ തന്നെ ശരാശരി മഴയുടെ അളവ് കൂടുതലായിരുന്നു. ജൂലൈ മാസത്തിൽ ശക്തമായ മഴ ലഭിച്ചതിനെത്തുടർന്ന് ജൂലൈ 25നു മുമ്പുതന്നെ കേരളത്തിലെ എല്ലാ ഡാമുകളിലും 90 ശതമാനത്തിലധികം വെള്ളം നിറഞ്ഞു. ചില ഡാമുകൾ തുറക്കുകയും ചെയ്തു. ജൂലൈ 27 മുതൽ വീണ്ടും മഴ കനത്തു. ആഗസ്റ്റ് 2ാം തീയതി മുതലുള്ള ഏതു ദിവസവും ഇടുക്കി ഡാം തുറക്കുമെന്ന സ്ഥിതി വന്നു. മാധ്യമപ്രവർത്തകർ ചെറുതോണിയിൽ തമ്പടിച്ചു. ആഗസ്റ്റ് 4 ആയപ്പോൾ ഇടുക്കി ഡാമിലെ ജലനിരപ്പ് 2396.34 അടി ആയി. ഈ ദിവസം മഴ ചെറുതായി ശമിച്ചപ്പോൾ ഡാം തുറക്കേണ്ടതില്ലെന്ന് കെഎസ്ഇബി അധികാരികൾ തീരുമാനിച്ചു. എന്നാൽ ആഗസ്റ്റ് 6നും 7നും മഴ വീണ്ടും കനത്തു. 2403 അടിയായാലും ഡാം തുറക്കണ്ടേതില്ലെന്ന് ആഗസ്റ്റ് 7ാം തീയതി പത്രസമ്മേളനം നടത്തി ഡാം സുരക്ഷാ അതോറിറ്റി പ്രഖ്യാപിച്ചു. 9ാം തീയതി ആയപ്പോൾ ഇടുക്കി ജലനിരപ്പ് 2399.4 അടിയായി. കാര്യങ്ങൾ കൈവിട്ടുപോകുമെന്ന സ്ഥിതി വന്നപ്പോൾ 9ാം തീയതി കാര്യമായ ഒരു മുന്നറിയിപ്പും നൽകാതെ ഉച്ചയ്ക്ക് 12.30നു ട്രയലെന്ന പേരിൽ ഒരു ഷട്ടർ തുറന്നു. അടുത്ത ദിനം രാവിലെ അവശേഷിക്കുന്ന ഷട്ടറുകൾ മുഴുവൻ ഒന്നൊന്നായി തുറന്നു. ട്രയലായി തുറന്ന ഷട്ടർ അടയ്ക്കാൻ പറ്റിയില്ലെന്നു മാത്രമല്ല ഒഴുക്കിവിടുന്ന വെള്ളത്തിന്റെ അളവ് ക്രമാതീതമായി വീണ്ടും വീണ്ടും വർദ്ധിപ്പിച്ചു. എന്നിട്ടും സംഭരണിയിലെ ജലനിരപ്പ് താഴ്ന്നില്ല. പെരിയാർ സംഹാരരൂപിണിയായി. ചെറുതോണി മുതൽ ആലുവ, പറവൂർ വരെയുള്ള നഗരങ്ങളും ചെറുപട്ടണങ്ങളും ഗ്രാമങ്ങളും മുങ്ങി. കിലോമീറ്ററുകളോളം ഇരുകരകളിലേയ്ക്കും പെരിയാർ കവിഞ്ഞൊഴുകി, ജലനിരപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലായി. ലക്ഷക്കണക്കിന് ജനങ്ങൾ പ്രളയത്തിൽ മുങ്ങി.

ഇത്തരമൊരു സാഹചര്യം എന്തുകൊണ്ട് സൃഷ്ടിക്കപ്പെട്ടു എന്നത് ഗൗരവപൂർവ്വം പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്. 2396 അടി ജലനിരപ്പെത്തിയ ആഗസ്റ്റ് 2-ാം തീയതി എന്തുകൊണ്ട് ചെറുതോണി ഡാം തുറന്നില്ല എന്നത് സർക്കാർ മറുപടി പറയേണ്ടുന്ന ചോദ്യമാണ്. ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ സംഭരണിയിലെ വെള്ളം, ഇടമലയാർ തുറന്നുവിട്ടിരിക്കുന്ന സാഹചര്യം (ഇടമലയാറിലെ വെള്ളവും ഒഴുകിയെത്തുന്നത് പെരിയാറിലേക്കാണ് എന്നതിനാൽ രണ്ടും ഒരുമിച്ചു തുറക്കുന്നത് നിയന്ത്രണാതീതമായ സാഹചര്യം സൃഷ്ടിക്കും), ശക്തമായ മഴ പ്രവചിക്കപ്പെട്ടിരിക്കുന്ന സന്ദർഭം, ഇടുക്കി ജില്ലയിലെ എല്ലാ ഡാമുകളും നിറഞ്ഞുകവിയാറായിരിക്കുന്ന സ്ഥിതി, വൃഷ്ടിപ്രദേശത്ത് നിലവിൽ പെയ്ത മഴ ഇതെല്ലാം ഒരുമിച്ച് കണക്കിലെടുത്തുകൊണ്ട് ഏറ്റവും ശാസ്ത്രീയവും സമഗ്രവുമായ തീരുമാനം എടുക്കേണ്ടപ്പോൾ വൈദ്യുതിബോർഡിന്റെ ലാഭതാൽപ്പര്യം മാത്രം കണക്കിലെടുത്ത് ഡാം തുറക്കേണ്ടതില്ലെന്ന് ആഗസ്റ്റ് 4ന് തീരുമാനിച്ചു. ആഗസ്റ്റ് 9നും 5 ദിവസം മുമ്പ് ഡാം തുറന്ന് വെള്ളത്തെ നിയന്ത്രിച്ചുനിർത്താനുള്ള അവസരം അങ്ങിനെ നഷ്ടപ്പെടുത്തി. ആഗസ്റ്റ് 2നു തന്നെ തുറന്നിരുന്നെങ്കിൽ ഇത്രയും അളവ് വെള്ളം ഒറ്റയടിക്ക് ഒരു കാരണവശാലും തുറന്ന് വിടേണ്ടി വരുമായിരുന്നില്ല. ആഗസ്റ്റ് 10 മുതൽ ചെറുതോണി ഡാമിലൂടെ ഒഴുക്കി വിട്ട അതിഭീമമായ അളവിലുള്ള വെള്ളമാണ് പെരിയാറിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്കം സൃഷ്ടിച്ചത്. ഒരു പെരുമഴ പ്രവചിച്ചിട്ടില്ലെങ്കിൽക്കൂടി ജലനിരപ്പ് 2397 അടിയിലെത്തിയാൽ തുറക്കുകയായിരുന്നു ഏറ്റവും ശാസ്ത്രീയമായ സമീപനമെന്നിരിക്കെ, അതിതീവ്ര മഴ പ്രവചിക്കപ്പെട്ടിരിക്കുമ്പോൾ അതുചെയ്തില്ല എന്നത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഏറ്റവും ഗുരുതരമായ വീഴ്ചയാണ്. അപകട സാധ്യത എത്ര ചെറുതെങ്കിലും ഒട്ടും റിസ്ക് എടുക്കാനാവാത്ത സാഹചര്യമാണെങ്കിൽ അതല്ലേ മാനദണ്ഡമാക്കേണ്ടത്. ദുരന്തനിവാരണത്തിന്റെ ഈ അടിസ്ഥാന പാഠം വിസ്മരിക്കപ്പെട്ടത് ഒരു വിധത്തിലും നീതീകരിക്കാനാവില്ല. 6 വർഷം മുമ്പ് ഒഡിഷയുടെ തീരത്ത് കൊടുങ്കാറ്റ് ആഞ്ഞുവീശാനുള്ള സാധ്യത 30 ശതമാനം മാത്രമായിരുന്നു. അപകട സാധ്യത അത്രയും ചെറുതായിട്ടുപോലും ഒറ്റ രാത്രികൊണ്ട് 3 ലക്ഷം പേരെ മാറ്റിപ്പാർപ്പിച്ചത് ഏറ്റവും പിന്നാക്കമായ ഒഡീഷയിലാണ്.

പെരിയാറിലെ അസാധാരണമായ ജലനിരപ്പ് ആലുവ, പറവൂർ മേഖലകളെ ദുരന്തഭൂമിയാക്കുക മാത്രമല്ല ചെയ്തത്. കുട്ടനാട്ടിലെ സ്ഥിതിഗതികളെ വളരെ വഷളാക്കുന്നതിനും അതു നിമിത്തമായി. പെരിയാറിന്റെ അഴിമുഖത്ത് ഉണ്ടായ അളക്കാനാവാത്ത ജലപ്രവാഹം, കൊച്ചിയുടെ അഴിമുഖത്ത് വമ്പിച്ച സമ്മർദ്ദമാണുണ്ടാക്കിയത്. അങ്ങിനെ 5 വലിയ നദികൾ വന്നുചേരുന്ന വേമ്പനാട്ടുകായലിലെ വെള്ളത്തിന് ഒഴുകാനാകാതെ കായലിൽ തിങ്ങിപ്പൊങ്ങുന്ന സ്ഥിതി ഉണ്ടായതോടെ കുട്ടനാട് അതിന്റെ ചരിത്രത്തിലെ ഏറ്റവും ഭീകരമായ ദുരന്തത്തിന് ഇരയായി. എല്ലായിടത്തുനിന്നും വെള്ളം ഇറങ്ങിയിട്ടും കുട്ടനാട്ടിലെ വെള്ളം ആഗസ്റ്റ് 28നു പോലും ഒഴിയാതെ നിന്ന വിചിത്രമായ പ്രതിഭാസമുണ്ടായത് ഇക്കാരണത്താലാണ്. ചുരുക്കത്തിൽ ഇടുക്കി ജലസംഭരണിയിലെ വെള്ളം ഒഴുക്കിവിട്ടുകൊണ്ട് പെരുമഴയുടെ വെള്ളത്തെ നിയന്ത്രണവിധേയമാക്കുന്നതിൽ സർക്കാരിനുണ്ടായ ഗുരുതരമായ വീഴ്ച, പ്രത്യക്ഷമായി പെരിയാറിലും പരോക്ഷമായി കുട്ടനാട്ടിലും ദുരന്തം വിതയ്ക്കാൻ ഇടയാക്കി എന്നത് സംശയാതീതമായ വസ്തുതയാണ്. സർക്കാരോ ബന്ധപ്പെട്ട അധികാരികളോ ഇത് അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യം ഭാവിയിൽ ഈ ദുരന്തം ആവർത്തിക്കാനുള്ള ആപൽക്കരമായ സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

> **ജനങ്ങൾ ഒറ്റക്കെട്ടായി നടത്തിയ ഐതിഹാസികമായ രക്ഷാപ്രവർത്തനം സൃഷ്ടിച്ച നേട്ടങ്ങളുടെമേൽ സ്വന്തം മേൽവിലാസം ചാർത്തി മേനി നടിക്കുകയാണ് സർക്കാർ ചെയ്തത്. ദുരിതാശ്വാസമെത്തിക്കുന്നതിനും മനുഷ്യസ്നേഹികളുടെയും സന്നദ്ധ സംഘടനകളുടെയും നിർലോഭമായ സംഭാവനകളും പ്രവർത്തനങ്ങളുമാണ് ദുരിതബാധിതർക്ക് ഏറ്റവും വലിയ കൈത്താങ്ങായത്.**

കാലാവസ്ഥാ ശാസ്ത്രജ്ഞരും ഡാം വിദഗ്ദ്ധരും ദുരന്തനിവാരണ അധികാരികളും റവന്യൂ ഉദ്യോഗസ്ഥരും തുടങ്ങി ഈ മേഖലയിൽ പരിജ്ഞാനമുള്ള വ്യക്തികൾവരെ ഒരുമിച്ചിരുന്ന് സാഹചര്യത്തെ സംബന്ധിച്ച് വിശദമായ ഒരു ചർച്ച കാലേകൂട്ടി നടത്തിയിരുന്നെങ്കിൽ നിശ്ചയമായും അപകടസാധ്യത കൃത്യമായി അളക്കാൻ കഴിയുമായിരുന്നു. അത്തരമൊരു ചർച്ച നടന്നതേയില്ല. കാര്യങ്ങൾ കൈവിട്ടുപോയതിനുശേഷം ചർച്ച നടത്തിയിട്ട് ഒരു പ്രയോജനവുമില്ല എന്നത് മഹാപ്രളയം തെളിയിച്ചു. ഒരു സംവിധാനത്തിന്റെ കാര്യക്ഷമത അളക്കുന്നത് കാര്യങ്ങളെ മുൻകൂട്ടി കാണാനുള്ള അതി

*(ശേഷം 3-ാം പേജിൽ)*






**അപ്പർകുട്ടനാടൻ മേഖലയിൽ രക്ഷാപ്രവർത്തനത്തിലും സഹായവിതരണത്തിലും ഏർപ്പെട്ടിരിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ**

മഹാപ്രളയം

# പ്രകൃതിക്കുമേൽ സർക്കാർ ഒത്താശയോടെയുള്ള കയ്യേറ്റങ്ങൾ ദുരന്തത്തിന് കാരണമാകുന്നു

*(2-ാം പേജിൽ നിന്ന്)*

...ന്റെ ശേഷിയെ അടിസ്ഥാനപ്പെടുത്തിയാണ്. ഏറ്റവും ആധുനികമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിവിധ ഉറവിടങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളെ കോർത്തിണക്കിയും താരതമ്യം ചെയ്തും ഇന്നത്തെ കാലത്ത് ഫലപ്രദമായി നിർവ്വഹിക്കാവുന്ന ഒന്നാണ് ദുരന്തസാധ്യതയെ സംബന്ധിച്ച നിഗമനങ്ങളും ഒപ്പമുള്ള മുന്നറിയിപ്പും. ഇത് നിർവ്വഹിക്കപ്പെട്ടതേയില്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ചെങ്ങന്നൂരും കുട്ടനാട്ടിലും സംഭവിച്ചത്.

ആനത്തോട്, കൊച്ചു പമ്പ ഡാമുകൾ തുറന്നതിനേത്തുടർന്ന് ആഗസ്റ്റ് 9നു ശബരിമലയിലെ പമ്പ ത്രിവേണി മുങ്ങിത്തുടങ്ങി. ആഗസ്റ്റ് 13 ആയപ്പോൾ ത്രിവേണിയും പരിസരത്തുണ്ടായിരുന്ന കെട്ടിട സമുച്ചയവും പൂർണ്ണമായും വെള്ളത്തിന്നടിയിലായി. പമ്പയിൽ 18 അടി വരെ വെള്ളമുയർന്നു. ഒന്നര ദിവസം പിന്നിട്ട് 15നു വൈകുന്നേരത്തോടെയാണ് റാന്നി നഗരം പൂർണ്ണമായും മുങ്ങുന്നത്. ചെങ്ങന്നൂരും പാണ്ടനാടും നിലയില്ലാത്ത കയമായി മാറുന്നത് ആഗസ്റ്റ് 17നാണ്. അതായത് ത്രിവേണിയും ശബരിമലയും മുങ്ങി കൃത്യം മൂന്നാം ദിവസമാണ് പാണ്ടനാട് കര, സംസ്ഥാനത്തെ ഞെട്ടിച്ച ദുരന്തഭൂമിയായി മാറുന്നത്. പമ്പാ ത്രിവേണി, മഹാപ്രളയത്തിൽ മുങ്ങിയാൽ ആ വെള്ളം ഏതാണ്ട് 8 മണിക്കുറിനുള്ളിൽ ചെങ്ങന്നൂരിലെത്തി തുടങ്ങുമെന്ന് അറിയാത്തവർ ആരുണ്ട്? മണിമലയാറും അച്ചൻകോവിലാറും പമ്പയുമായി സംഗമിക്കുന്നത് ഇതിനു സമീപത്താണെന്നതിനാൽ വെള്ളം നിയന്ത്രണാതീതമായി ഉയരുമെന്ന, ഏതൊരു കുട്ടിക്കും അറിയാവുന്ന വസ്തുത ഗ്രഹിക്കാൻ നമ്മുടെ ഭരണാധികാരികൾക്ക് കഴിയാതെ പോയി. ആഗസ്റ്റ് 13ന് നൽകേണ്ടുന്ന മുന്നറിയിപ്പ് നൽകിയത് 16നു മാത്രമാണ്. അതും ചിലയിടങ്ങളിൽ ജനങ്ങൾ ജാഗ്രതയോടെ ഇരിക്കണമെന്നും മറ്റു ചിലയിടങ്ങളിൽ ജനങ്ങൾ സുരക്ഷിതസ്ഥാനത്തേക്ക് മാറണമെന്നുമായിരുന്നു അറിയിപ്പ്. വീടിന്റെ രണ്ടാം നിലയും മൂന്നാം നിലയും വരെ മുങ്ങുന്ന വെള്ളത്തിൽ എന്തു ജാഗ്രതയാണ് ജനങ്ങൾ കാട്ടേണ്ടത്. വിവിധ ജില്ലകളിൽ ഓറഞ്ച് അലർട്ടും, റെഡ് അലർട്ടുമൊക്കെ പ്രഖ്യാപിക്കുമ്പോഴും, വ്യക്തമായ മുന്നറിയിപ്പുകൾ പ്രശ്നബാധിത മേഖലകളിലെ ജനങ്ങളെ അറിയിക്കുന്നതിൽ ഗവണ്മെന്റ് സംവിധാനം അമ്പേ പരാജയപ്പെട്ടു. സുരക്ഷിതസ്ഥാനങ്ങളിലേയ്ക്ക് മാറാൻ ആവശ്യപ്പെട്ടിടങ്ങളിൽ ആ സുരക്ഷിത സ്ഥാനം എവിടെ എന്ന് ചൂണ്ടിക്കാട്ടാൻ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് കഴിഞ്ഞില്ല. പലരും അഭയംതേടിയ സ്ഥാനങ്ങൾ വീണ്ടും പ്രളയത്തിലകപ്പെട്ടു. പ്രളയസാധ്യതയെക്കുറിച്ച് മുഖ്യമന്ത്രി മാധ്യമങ്ങളിലൂടെ നൽകിയ അറിയിപ്പുകൾ പോലും തെറ്റായിരുന്നു എന്ന് പിന്നീടുണ്ടായ സംഭവഗതികൾ തെളിയിച്ചു.

ഡാമുകൾ വെള്ളപ്പൊക്ക നിയന്ത്രണത്തിനും കൂടിയുള്ള സംവിധാനമാണ്. വൈദ്യുതി ഉൽപ്പാദനത്തിനു മാത്രമുള്ള ഒന്നല്ല. വലിയ ഡാമുകളുടെ ഉടമസ്ഥതയുള്ള വൈദ്യുതി ബോർഡ് വൈദ്യുതോൽപ്പാദനം മാത്രമേ ലക്ഷ്യമിടുന്നുള്ളൂ. കേരളത്തിലെ ജലസംഭരണികളിൽ നിറയുന്ന വെള്ളത്തിന്റെ കൈകാര്യം ചെയ്യൽ വിവിധ സൂചകങ്ങളുടെ മാനദണ്ഡത്തിൽ തീരുമാനിക്കപ്പെടേണ്ടവയാണ്. വൈദ്യുതോൽപ്പാദനം എന്ന ഒരൊറ്റ ലക്ഷ്യം മാത്രം മാനദണ്ഡമാക്കാനാവില്ല. കൃഷി, ജനങ്ങളുടെ സുരക്ഷ, നദികളുടെയും ഭൂമിയുടെയും റീ ചാർജ്ജിംഗ്, വൃഷ്ടിപ്രദേശത്ത് നിലവിൽ പെയ്ത മഴ, പ്രവചിക്കപ്പെട്ടിരിക്കുന്ന മഴ ഇപ്രകാരം ഒട്ടനവധി ഘടകങ്ങൾ പരിഗണിച്ചുകൊണ്ടുമാത്രമേ ജലസംഭരണികളിലെ വെള്ളത്തിന്റെ മാനേജുമെന്റ് തീരുമാനിക്കാനാവൂ. ഡാമുകളുടെ ലക്ഷ്യങ്ങളിലൊന്നായ വെള്ളപ്പൊക്ക നിയന്ത്രണം പൂർണ്ണമായി വിസ്മരിക്കപ്പെട്ടത് ഇപ്പോഴുണ്ടായ മഹാപ്രളയത്തിന്റെ ഒരു പ്രധാന കാരണമാണ്.

അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന ഒരു പെരുമഴയുടെ വിദൂരസാധ്യതപോലും പരമപ്രധാന പരിഗണനയാകണമെന്ന ശാസ്ത്രീയ പാഠം വിസ്മരിക്കപ്പെട്ടതാണ് സംസ്ഥാനത്തെ ഡാമുകൾ മുഴുവൻ ഒറ്റയടിക്ക് നിറഞ്ഞുകവിയുന്ന സാഹചര്യം സൃഷ്ടിച്ചത്. ഒരു മുന്നറിയിപ്പ് നൽകാനുള്ള സാവകാശം പോലും ലഭിച്ചില്ല എന്നതിൽനിന്നും എത്ര ലാഘവത്തോടെയും നിരുത്തരവാദപരമായുമാണ് ഈ വിഷയം കൈകാര്യം ചെയ്തതെന്ന് വ്യക്തമാണ്. ചില ഡാമുകൾ തുറന്നത് ജില്ലാ ഭരണകൂടം പോലുമറിയാതെയാണെന്ന് പത്രവാർത്തകൾ വന്നിരുന്നു. കേരളത്തിലുണ്ടായ തീവ്രമഴ ഒരു സൂചനയുമില്ലാതെ അപ്രതീക്ഷിതമായിവന്ന ഒന്നല്ല. ഇത്തരമൊരു സാഹചര്യത്തിലേക്കാണ് പോകുന്നതെന്ന് എല്ലാ മുന്നറിയിപ്പുകളുമുണ്ടായിരുന്നു. എന്നിട്ടും ഈ സാഹചര്യത്തെ ശാസ്ത്രീയമായി വിലയിരുത്താനോ തദനുസൃതമായ നടപടികൾ സ്വീകരിക്കാനോ തയ്യാറാകാതെ സമയം പാഴാക്കിയ സർക്കാർ, ഒടുവിൽ നിറഞ്ഞുകവിഞ്ഞ വെള്ളം ഒരറിയിപ്പുപോലും നൽകാതെ ജനങ്ങളുടെ ശിരസ്സിലേക്ക് ഒഴുക്കിവിടാൻ തീരുമാനിക്കുകയാണ് ചെയ്തത്. അങ്ങിനെയാണ് പെരുമഴ പ്രളയമായി മാറിയത്.

**ഏകോപനമില്ലായ്മയും പിടിപ്പുകേടും ജീവൻരക്ഷാപ്രവർത്തനത്തെ അടിമുടി ബാധിച്ചു**

സംസ്ഥാനത്ത് പെയ്തത് അസാധാരണമായ മഴയായിരുന്നുവെന്നത് തർക്കമറ്റ കാര്യം തന്നെ. അത്തരമൊരു പെരുമഴ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചിലവയെങ്കിലും നിയന്ത്രണാതീതമാകുമെന്നതും സ്വാഭാവികം തന്നെ. എന്നാൽ ഈ അതിതീവ്രമഴയുടെ വെള്ളത്തെ നിയന്ത്രിക്കുന്നതിനും പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിനുമുള്ള മുന്നൊരുക്കങ്ങളും നടപടികളും എത്രയോ സാധ്യമായിരുന്നു. അവ പ്രവർത്തിപ്പിക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ പാടേ പരാജയപ്പെട്ടു എന്നു പറയാതിരിക്കാനാവില്ല. കുറെയധികം ഉദ്യോഗസ്ഥരും ജീവനക്കാരും രാപകലില്ലാതെ സമർപ്പിതരായി അദ്ധ്വാനിച്ചു. എന്നാൽ എന്തു ചെയ്യണമെന്നറിയാതെ പകച്ചുപോയ ഒരവസ്ഥയായിരുന്നു സർക്കാർ സംവിധാനത്തിന്റെ പൊതുവായ ചിത്രം. തീരുമാനമില്ലായ്മയും നിസ്സഹായതയും അമ്പരപ്പും ഏകോപനമില്ലായ്മയും എവിടെയും കാണാൻ കഴിയുമായിരുന്നു. ഭരണനേതൃത്വമാകട്ടെ സങ്കുചിതമായ രാഷ്ട്രീയകണക്കുകൂട്ടലുകൾ മാനദണ്ഡമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. സംസ്ഥാന സർക്കാരിന്റെ സംവിധാനങ്ങൾക്ക് കൈകാര്യം ചെയ്യാനാവുന്നതിലും എത്രയോ അപ്പുറത്താണ് ദുരന്തത്തിന്റെ മാനമെന്ന് ആഗസ്റ്റ് 10നു തന്നെ വ്യക്തമാക്കപ്പെട്ടുകഴിഞ്ഞിരുന്നു. അഥവാ സർക്കാർ ഏജൻസികളുടെ ഏകോപിതമായ കൂടിയാലോചനകളിലൂടെ ദുരന്തത്തിന്റെ മാനം അളക്കാൻ കഴിയണമായിരുന്നു. അപ്രകാരം കഴിഞ്ഞിരുന്നില്ലെങ്കിൽ അത് തികഞ്ഞ പിടിപ്പുകേടാണ്.

വളരെ പരിമിതമായ സമയത്തിനുള്ളിൽ, പ്രതികൂലമായ സാഹചര്യത്തിൽ അതിവേഗം ജീവൻ രക്ഷാപ്രവർത്തനം നിർവ്വഹിക്കപ്പെടേണ്ട ദുരന്തമുഖത്ത് ഒരു ലൈഫ് ബോട്ടുപോലുമില്ലാത്ത കേരളത്തിലെ വില്ലേജ് ഓഫീസർമാർക്കും തഹസീൽദാർമാർക്കും എന്തുചെയ്യാനാകും? ആധുനികങ്ങളായ ജീവൻരക്ഷാ ഉപകരണങ്ങളും അതിവേഗം നീങ്ങാനുള്ള സജ്ജീകരണങ്ങളും കൈവശമുള്ള, ദുരന്തമുഖങ്ങളിൽ ചടുലമായി പ്രവർത്തിക്കാനുള്ള പരിശീലനം ലഭിച്ച, ആൾശേഷിയിൽ പരിമിതികളില്ലാത്ത സൈന്യത്തിനു വളരെ ഫലപ്രദമായി ഈ മഹാപ്രളയത്തിൽ പ്രവർത്തിക്കാൻ കഴിയുമായിരുന്നു. ജീവൻരക്ഷാ പ്രവർത്തനം സൈന്യത്തെ ഏൽപ്പിക്കണമെന്ന ആവശ്യം നിരവധി കോണുകളിൽ നിന്നുയർന്നു. സ്വന്തം കഴിവുകേട് മറച്ചുവയ്ക്കുന്നതിനുവേണ്ടിയോ ദുരഭിമാനംമൂലമോ സങ്കുചിത രാഷ്ട്രീയ കണക്കൂട്ടലിന്റെ അടിസ്ഥാനത്തലോ സർക്കാർ ഈ ആവശ്യം തള്ളി. ജീവൻ രക്ഷിക്കണമെന്ന് നിലവിളിയുയർത്തി പ്രളയബാധിതരും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും സഹായകേന്ദ്രങ്ങളിലേക്ക് വിളിച്ച് അപേക്ഷിച്ചുകൊണ്ടേയിരുന്നു. സർക്കാർ പ്രസിദ്ധീകരിച്ച ഹെൽപ്പ്ലൈൻ നമ്പരുകൾ ഒരു പ്രയോജനവുമില്ലാതെയായി. ജീവൻരക്ഷാപ്രവർത്തനത്തിന്റെ രംഗത്ത് അടിമുടി കുഴഞ്ഞുമറിഞ്ഞ അവസ്ഥ സൃഷ്ടിക്കപ്പെട്ടു.

വീടിന്റെ ടെറസ്സുകളിലും തുണ്ടുകരകളിലും നാലും അഞ്ചും ദിവസം ഭക്ഷണം കഴിക്കാതെ പതിനായിരങ്ങൾക്ക് അവശരായി കാത്തുകിടക്കേണ്ടിവന്നു. ചിലർ മരണത്തിനു കീഴടങ്ങി. 'ദയവായി ഞങ്ങൾക്ക് ഒരു ഹെലികോപ്റ്റർ തരൂ. ഞാൻ യാചിക്കുകയാണ്.. ദയവായി സഹായിക്കൂ... എന്റെ നാട്ടുകാർ മരിക്കും.. പതിനായിരം പേർ എന്റെ നാട്ടിൽ മരിക്കും. ദയവായി സഹായിക്കൂ. എയർ ലിഫ്റ്റിംഗ് അല്ലാതെ മറ്റൊരു വഴിയുമില്ല. ഇവിടെ പട്ടാളം വരണം..ഞങ്ങൾ മരിക്കും..സഹായിക്കൂ.. ദയവായി...' ഭരണകക്ഷിയുടെ ചെങ്ങന്നൂർ എംഎൽഎ ആഗസ്റ്റ് 17ന് മാധ്യമങ്ങളിലൂടെ നടത്തിയ ഈ വിലാപം പ്രളയത്തിന്റെ ഗുരുതരമായ സ്ഥിതിവിശേഷവും സർക്കാരിന്റെ പിടിപ്പുകേടും ഒരു പോലെ വ്യക്തമാക്കി.

ലക്ഷക്കണക്കിന് സാധാരണജനങ്ങൾ നടത്തിയ ജീവൻരക്ഷാപ്രവർത്തനമാണ് മരണസംഖ്യ ഇത്രയും കുറയാനിടയാക്കിയത്. എന്നാൽ ഈ സന്നദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനോ, മാർഗ്ഗ നിർദ്ദേശം നൽകാനോ ഭരണ സംവിധാനങ്ങൾക്കായില്ല. ജീവൻരക്ഷാ പ്രവർത്തനത്തിന് കൊണ്ടുവന്ന ബോട്ട് തിരികെ എത്തിക്കാൻ പോലും പണമില്ലാതെ മൽസ്യത്തൊഴിലാളികൾ വലഞ്ഞു. കടലിലെ ഇളകിമറിയുന്ന വെള്ളത്തിൽ തൊഴിലെടുത്തുജീവിക്കുന്ന മൽസ്യത്തൊഴിലാളികളുടെ സഹായം തേടുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ചതേയില്ല. അവർ സ്വന്തം നിലയിൽ തീരുമാനമെടുത്താണ് പ്രളയമേഖലയിൽ എത്തിയത്.

**സാധാരണജനങ്ങൾ പതിനായിരങ്ങളുടെ രക്ഷകരായി**

പെരുവെള്ളത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയത് ജനങ്ങളാണ്. ദുരിതത്തിൽപ്പെട്ടുഴറിയ ജനലക്ഷങ്ങളെ സഹായിക്കാൻ സഹജീവികൾ, മനുഷ്യത്വത്തിന്റെ എത്ര ഉദാത്തമായ വികാരത്തോടെയാണ് കുതിച്ചൊഴുകുന്ന വെള്ളത്തിലേക്ക് എടുത്തുചാടിയത്. ഗർഭിണികളെ, പിഞ്ചുകുഞ്ഞുങ്ങളെ, വൃദ്ധരെ, രോഗികളെ ജീവൻ അവഗണിച്ചും രക്ഷിക്കാൻ സംസ്ഥാനം മുഴുവൻ സാധാരണജനങ്ങൾ 7 ദിനരാത്രങ്ങൾ ഉണർന്നു പ്രവർത്തിച്ചു. പെരുത്തുകയറുന്ന കടലിന്റെ ആക്രമണം സ്ഥിരം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ സ്വന്തം മുൻകൈയിൽ രക്ഷാപ്രവർത്തിന് ഇറങ്ങി. പലപ്പോഴും രക്ഷാപ്രവർത്തകരുടെ പ്രാണൻ തന്നെ അപകടത്തിലായി. യുവതലമുറ അമ്പരപ്പിച്ചുകൊണ്ട് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കരകാണാ വെള്ളത്തിൽ കുടുങ്ങിപ്പോയവരെ കരയ്ക്കെത്തിക്കാൻ, ക്യാമ്പുകളിൽ എത്തിപ്പെട്ടവർക്ക് ഭക്ഷണവും വസ്ത്രവും വൈദ്യസഹായവുമെത്തിക്കാൻ അവർ ഊണും ഉറക്കവും ഉപേക്ഷിച്ചു. പലായനം ചെയ്തെത്തിയവരെ ജനങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിച്ചു. സ്വന്തം വീടുകളിലടക്കം അവർക്ക് താമസസൗകര്യങ്ങൾ നൽകി. പ്രാണനും കൈയിൽപിടിച്ച് നീന്തിക്കയറിവന്നവർക്ക് ഭക്ഷണവും

*(ശേഷം 4-ാം പേജിൽ)*

**പ്രകൃതിയുടെമേൽ രാഷ്ട്രീയസ്വാധീനമുപയോഗപ്പെടുത്തിക്കൊണ്ട് നടക്കുന്ന കൈയേറ്റങ്ങളെക്കുറിച്ച് ബോധപൂർവ്വം മൗനം പാലിക്കുകയാണ് കേരളത്തിലെ രാഷ്ട്രീയ നേതൃത്വം. ചെത്തിനിർത്തിയ കുന്നുകളും മലകളും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഇടയാക്കി. അനധികൃത നിർമ്മാണങ്ങളും ക്വാറികളും മണ്ണിന്റെ സ്വാഭാവിക ഘടനയ്ക്ക് ക്ഷതവും ആഘാതവും ഏൽപ്പിച്ചു.**



**കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ശുചീകരണത്തിന്റെ വിവിധ ദൃശ്യങ്ങൾ**

**മഹാപ്രളയം**

# സുതാര്യത ഉറപ്പാക്കാൻ ദുരിതാശ്വാസത്തിന് പ്രത്യേക ഫണ്ട് രൂപീകരിക്കണം

(3-ാം പേജിൽ നിന്ന്)

വസ്ത്രവും നൽകി. ഇതൊന്നും പരപ്രേരണയില്ലാതെ ജനങ്ങൾ ചെയ്തു. സംസ്ഥാനമെമ്പാടും നം കണ്ട ഈ കാഴ്ചകൾ ഏവരുടെയും കണ്ണുകളെ ഈറനണിയിച്ചു.

ജീവൻ അപകടത്തിലാക്കികൊണ്ടുള്ള പാവപ്പെട്ട തൊഴിലാളികളുടെ തികച്ചും മാതൃകാപരമായ ഈ പ്രവർത്തി പ്രശസ്തിക്കോ ഭൗതിക നേട്ടങ്ങൾക്കോ വേണ്ടിയായിരുന്നില്ല. മനുഷ്യന്റെ നിലനിൽപ്പിന്റെ സഹജമായ സമ്പ്രദായമാണത്. പരസ്പരം സഹായിച്ചും സഹകരിച്ചുമല്ലാതെ മനുഷ്യന് നിലനിൽപ്പില്ല. എല്ലാ ഭേദങ്ങളും കൃത്രിമമാണെന്നും മനുഷ്യൻ അടിസ്ഥാനപരമായി ഒന്നാണെന്നുമുള്ള മഹത്തായ ജീവിതപാഠം പ്രളയം ഒരിക്കൽകൂടി തെളിയിച്ചു. പേമാരിയുടെ വെള്ളത്തിൽ ജാതിയും മതവും സാമ്പത്തിക ഭേദങ്ങളും ഒഴുകിപ്പോയപ്പോൾ ജീവൻ രക്ഷാ പ്രവർത്തനത്തിലൂടെയും ദുരിതാശ്വാസപ്രവർത്തനത്തിലൂടെയും മനുഷ്യത്വം കര കയറിവന്നു. കക്ഷി-രാഷ്ട്രീയ-ജാതി-മത-പ്രാദേശിക മതിലുകൾ തകർത്ത് സാധാരണ ജനങ്ങൾ ഒത്തുചേർന്ന് നടത്തിയ രക്ഷാ പ്രവർത്തനം പുതിയ ലോക മാതൃക തന്നെയാകുകയും പതിനായിരക്കണക്കിനാളുകളുടെ രക്ഷകരാകുകയും ചെയ്തു.

**സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾ ദുരിതാശ്വാസപ്രവർത്തനത്തിനും വിലങ്ങുതടിയായി**

മനുഷ്യനായിരിക്കുക എന്നത് വളരെയേറെ അർത്ഥതലങ്ങളുള്ള സവിശേഷമായ ഒരു അവസ്ഥയാണ് എന്ന പാഠം ഭരണ രാഷ്ട്രീയ നേതൃത്വങ്ങൾ ഒഴികെ എല്ലാവരും മനസ്സിലാക്കി. രാഷ്ട്രീയം കളിച്ചത് കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പാർട്ടികളും നേതാക്കൻമാരും മാത്രമാണ്. സമൂഹമൊന്നാകെ മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും പുതിയ ചരിത്രം രചിച്ചുകൊണ്ട് പ്രളയബാധിതരെ കൈ പിടിച്ചുയർത്തിയപ്പോൾ അതിനെ കോർത്തിണക്കാനോ നേതൃത്വം നൽകാനോ കഴിയാതെ, തങ്ങളുടെ സങ്കുചിത ലക്ഷ്യങ്ങളും അജണ്ടകളുമായി മുന്നോട്ടുപോയ കേന്ദ്ര-സംസ്ഥാന സർക്കാരുകളെയാണ് നാം കണ്ടത്. മുക്കാൽപങ്കും പരപ്രേരണയേതുമില്ലാതെ ജനങ്ങൾ സ്വന്തം മുൻകൈയിൽ ചെയ്തുകഴിഞ്ഞപ്പോഴാണ് സർക്കാർ കാര്യങ്ങൾ ആലോചിച്ചു തുടങ്ങിയത്.

ജനങ്ങൾ ഒറ്റക്കെട്ടായി നടത്തിയ ഈ ഐതിഹാസിക പ്രവർത്തനങ്ങൾ സൃഷ്ടിച്ച നേട്ടത്തിന്റെമേൽ സ്വന്തം മേൽവിലാസം ചാർത്തി മേനി നടിക്കുകയാണ് സർക്കാർ ചെയ്തത്. ദുരിതാശ്വാസമെത്തിക്കുന്നതിനും മനഷ്യസ്നേഹികളുടെയും സന്നദ്ധ സംഘടനകളുടെയും നിർലോഭമായ സംഭാവനകളും പ്രവർത്തനങ്ങളുമാണ് ദുരിതബാധിതർക്ക് ഏറ്റവും വലിയ കൈത്താങ്ങായത്. ദുരന്ത ബാധിത മേഖലയിലേയ്ക്ക് പ്രവഹിച്ച സഹായങ്ങൾ ഒരു ഘട്ടം പിന്നിട്ടപ്പോൾ ഗവണ്മെന്റു വഴി മാത്രം  സഹായം എന്ന നിബന്ധനയിലൂടെ കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും കുമിഞ്ഞുകൂടി നശിച്ചു പോകുന്നതിലേയ്ക്ക്വരെ നയിച്ചു. അതേ സമയം ഉൾപ്രദേശങ്ങളിലെ ക്യാമ്പുകളിൽ ഭക്ഷ്യവസ്തുക്കൾക്കടക്കം ക്ഷാമം നേരിടുന്ന സാഹചര്യവുമുണ്ടായി. എത്തിച്ചേർന്ന ദുരിതാശ്വാസ സാധനങ്ങൾ കാര്യക്ഷമതയോടെ എല്ലായിടങ്ങളിലും എത്തിക്കുന്നതിന് പോലും സർക്കാർ സംവിധാനങ്ങൾക്ക് പ്രവർത്തിക്കാനായില്ല.

ക്യാമ്പുകളുടെ നടത്തിപ്പ് മിക്കയിടങ്ങളിലും ഭരണകക്ഷിയായ സിപിഐ(എം) ന്റെ നിയന്ത്രണത്തിലാകുകയും, അങ്ങേയറ്റം അരാജകത്വം അരങ്ങേറുകയും ചെയ്തു. സാധനങ്ങളുടെ വിതരണത്തിൽ പക്ഷപാതിത്വവും അഴിമതിയും വ്യാപകമായി ആരോപിക്കപ്പെട്ടു. വിവിധ സംഘടനകൾ സമാഹരിച്ച ദുരിതാശ്വാസ വസ്തുക്കൾ സിപിഐ(എം) ബലപ്രയോഗത്തിലൂടെ തട്ടിയെടുത്ത് സ്വന്തം പേരിൽ വിതരണം ചെയ്ത സംഭവങ്ങളും നിരവധിയാണ്. അനവധി സർക്കാർ ഉദ്യോഗസ്ഥരും സർക്കാർ ഡോക്ടർമാരും ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി രാപകലില്ലാതെ പ്രവർത്തിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം അവരുടെ വ്യക്തിപരമായ ശുഷ്കാന്തിയുടെയും ആത്മാർത്ഥതയുടെയും പ്രതിഫലനമായിരുന്നു. സർക്കാരിന്റെ മേൽതലത്തിലുള്ള പിന്തുണയുടെയോ ഏകോപനത്തിന്റെയോ ബലത്തിലല്ല അവരൊന്നും പ്രവർത്തിച്ചത്. വ്യക്തിപരമായ ജാഗ്രത ഉണ്ടാകാതെ പോയ ഇടങ്ങളിൽ കാര്യങ്ങൾ കുത്തഴിഞ്ഞതും അതുകൊണ്ടാണ്. ഒരൊറ്റ ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ജനങ്ങൾ മടങ്ങിപ്പോകുന്നതിനുമുമ്പ് ക്യാമ്പുകളിൽ വിതരണം ചെയ്യുമെന്ന് സർക്കാർ ഔദ്യോഗികമായി അറിയിച്ചിരുന്നു. എന്നാൽ ഒരിടത്തും അത് എത്തിച്ചു നൽകാൻ സർക്കാരിനു കഴിഞ്ഞില്ല. അതുകൊണ്ടുമാത്രം ആദ്യഘട്ടത്തിൽ എലിപ്പനി പടർന്നുപിടിച്ചു. 82 പേർ മരിക്കാനിടയായി.

മടങ്ങിപ്പോകുന്നതിനുമുമ്പ് എല്ലാവർക്കും പതിനായിരം രൂപ നൽകുമെന്ന വാഗ്ദാനത്തിനും സംഭവിച്ചത് ഇതേ കാര്യംതന്നെയാണ്. ഒരാൾക്കുപോലും മടങ്ങിപ്പോകുന്നതിനുമുമ്പ് പ്രസ്തുത തുക നൽകാൻ കഴിഞ്ഞില്ല. ഇപ്പോൾ കേൾക്കുന്നത് പലിശരഹിത വായ്പ എന്ന വാഗ്ദാനവും ജലരേഖയാകുമെന്നാണ്. (പ്രളയ ബാധിതർക്ക് വായ്പ നൽകുക എന്നതു തന്നെ ക്രൂരമായ നടപടിയാണ്) വായ്പയുടെ പലിശ അടയ്ക്കണമെന്നും മുഴുവൻ തുകയും തവണ മുടക്കാതെ അടച്ചാൽ മാത്രം പലിശ തിരികെ നൽകുമെന്നുമാണ് ഇപ്പോൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുള്ളത്. സുനാമിയിൽ സംഭവിച്ചതുപോലെ വാഗ്ദാനങ്ങളെല്ലാം പാഴ്വാക്കാകുമെന്ന സൂചനയാണ് ഇതുനൽകുന്നത്.

**പശ്ചിമഘട്ട മേഖലയുടെ പാരിസ്ഥിതിക തകർച്ച ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു**

ഇപ്പോഴുണ്ടായ മഹാപ്രളയവും അനുബന്ധ ദുരന്തങ്ങളും നമ്മെ ചില വിലപ്പെട്ട പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. മഴ നിലച്ച് 10 ദിവസം പിന്നിടുമ്പോഴും ഇടുക്കി, വയനാട് എന്നിവിടങ്ങളിൽനിന്ന് കേൾക്കുന്നത് മണ്ണിടിച്ചിലിന്റെ വാർത്തകളാണ്. വലിയ മലകളും പാറക്കെട്ടുകളും ഇടിയുകയോ നിരങ്ങി ഇറങ്ങുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുനിലക്കെട്ടിടങ്ങൾ ഭൂമിയ്ക്കടിലേക്ക് താഴ്ന്നുപോയ പത്തിലേറെ സംഭവങ്ങൾ റിപ്പോർട്ടുചെയ്യപ്പെടുകയുണ്ടായി. ചെറുതും വലുതുമായി ഏതാണ്ട് നാനൂറോളം ഉരുൾപ്പൊട്ടലുകൾ സംസ്ഥാനത്ത് ഉണ്ടായി! നൂറുകണക്കിന് മണ്ണിടിച്ചിലുകൾ വേറെയും. അവിശ്വസനീയമാംവിധമാണ് മേൽമണ്ണ് ഇത്തവണ ഒലിച്ചുപോയിരിക്കുന്നത്. മണ്ണിന്റെ മേൽപാളിയും പാറക്കെട്ടുകളും തമ്മിലുള്ള ബന്ധം വളരെയധികം ദുർബ്ബലമായിരിക്കുന്നു. യഥാർത്ഥത്തിൽ വരാനിരിക്കുന്ന വലിയ പാരിസ്ഥിതിക ദുരന്തത്തിന്റെ സൂചനകളാണിവയെല്ലാം. ഈ സാഹചര്യം എന്തുകൊണ്ട് സൃഷ്ടിക്കപ്പെട്ടു?

പ്രകൃതിയുടെ മേൽ രാഷ്ട്രീയ സ്വാധീനമുപയോഗപ്പെടുത്തിക്കൊണ്ട് നടക്കുന്ന കൈയേറ്റങ്ങളെക്കുറിച്ച് ബോധപൂർവ്വം മൗനം പാലിക്കുകയാണ് കേരളത്തിലെ രാഷ്ട്രീയ നേതൃത്വം. ചെത്തിനിർത്തിയ കുന്നുകളും മലകളും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഇടയാക്കി. അനധികൃത നിർമ്മാണങ്ങളും ക്വാറികളും മണ്ണിന്റെ സ്വാഭാവിക ഘടനയ്ക്ക് ക്ഷതവും ആഘാതവും ഏൽപ്പിച്ചു. ഉരുൾപൊട്ടിയ കണ്ണൂരിലെ അമ്പായത്തോട്ടിൽ ക്വാറികൾ 37 എണ്ണമാണത്രെ. പശ്ചിമഘട്ടമലനിരകളിൽ ക്വാറികൾ എത്രയുണ്ട് എന്നതിന് ആർക്കെങ്കിലും കണക്കുണ്ടോ എന്നറിയില്ല.

> **ദുരന്തബാധിതരെ സഹായിക്കുകയെന്ന ലക്ഷ്യംവെച്ച് ജനങ്ങൾ നൽകുന്ന ഓരോ രൂപയും യഥാർത്ഥത്തിൽ അർഹരായവർക്ക് മാത്രം ലഭ്യമാകത്തക്കവിധത്തിൽ സമ്പൂർണമായും സുതാര്യമായി വിനിയോഗം ചെയ്യാനായി പ്രത്യേക ഫണ്ട് രൂപീകരിച്ച് ലഭിച്ച പണം അതിലേക്ക് കൈമാറാൻ സർക്കാർ അമാന്തിക്കരുത്.**

പാടശേഖരങ്ങളും തണ്ണീർതടങ്ങളും ചതുപ്പുനിലങ്ങളും കണ്ടൽകാടുകളുമൊക്കെ മഴവെള്ളം സംഭരിക്കപ്പെടുന്ന സ്വാഭാവിക ഇടങ്ങളായിരുന്നു. ഏതാണ്ട് പുകുതികണ്ട് അവയുടെ വിസ്തൃതി കുറഞ്ഞിരിക്കുന്നതായി പഠനങ്ങൾ വെളിവാക്കുന്നു. പാടശേഖരങ്ങൾ മാത്രമല്ല, പാടശേഖരങ്ങൾക്കിടയിൽ വളഞ്ഞും പുളഞ്ഞും ഒഴുകിയിരുന്ന തോടുകളും യഥേഷ്ടം ഉണ്ടായിരുന്നു. ഇതെല്ലാം വൻതോതിൽ ജലം ഉൾക്കൊള്ളാനും സംഭരിക്കാനും പോന്നവയുമായിരുന്നു. എന്നാൽ പ്രകൃതിദത്തമായ ഈ ജലസംഭരണികളും നീർത്തടങ്ങളും ഇന്ന് ഏതാണ്ട് നിർമ്മാർജ്ജനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭൂമിക്കടിയിലേയ്ക്ക് ജലം കിനിഞ്ഞിറങ്ങാനുള്ള എല്ലാ അവസരങ്ങളും നിഷേധിച്ചുകൊണ്ട് വമ്പൻ ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, കെട്ടിട സമുച്ചയങ്ങൾ, എന്തിന് വീട്ടുമുറ്റംവരെയും ടൈൽസ് പാകിയിരിക്കുകയാണ്. ഇടറോഡുകളുടെയും ചെറുറോഡുകളുടെയും വശങ്ങൾപോലും ടൈൽസ് പാകിയോ കോൺക്രീറ്റ് ഇട്ടോ മിനുസപ്പെടുത്തിയിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ റോഡിനിരുപുറവുമുള്ള അവസാനത്തെ മരങ്ങളും വെട്ടി മാറ്റുകയാണ്.

സഹ്യപർവ്വതത്തിൽ പെയ്യുന്ന മഴ എവിടെയും തങ്ങാതെ നേരെ ഒഴുകി കടലിൽ എത്തുകയാണ്. വൻതോതിലുള്ള വനനശീകരണം മൂലം മണ്ണിന് ജലത്തെ സംഭരിച്ചു നിർത്താനുള്ള സ്വാഭാവികശേഷി നഷ്ടപ്പെട്ടിരിക്കുന്നു. വനത്തിലെ മണ്ണ് ഒരു സ്പോഞ്ചുപോലെയാണ് ജലത്തെ സംഭരിച്ചു നിർത്തുന്നത്. സഹ്യപർവ്വതമടക്കം ചെറുതും വലുതുമായ കുന്നുകളും മലകളും ഇടിച്ചു നിരത്തുന്നതും വെള്ളത്തിന്റെ സ്വാഭാവിക സംഭരണശേഷിയെ ബാധിച്ചിരിക്കുന്നു. പിവി അൻവർ എംഎൽഎയുടെ അനധികൃത വാട്ടർതീം പാർക്കിൽ എട്ടിടത്താണത്രെ ഉരുളുപൊട്ടലും മണ്ണിടിച്ചിലുമുണ്ടായിരിക്കുന്നത്. നിർമ്മാണം നിരോധിച്ചിരിക്കുന്ന മേഖലയിൽ പ്രളയാനന്തരവും തകൃതിയായി പണിനടക്കുന്നു എന്ന വാർത്തയാണ് നാം കേട്ടത്. കോഴിക്കോട് ഉണ്ടായ രണ്ടു ഉരുൾപൊട്ടലുകളുടെയും കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് പ്രകൃതിയുടെമേലുള്ള അനധികൃതമായ ഇടപെടലുകളാണ്.

കൈയേറ്റവും മണൽവാരലും നദികളെയും ശോഷിപ്പിച്ചിരിക്കുന്നു. നദികളുടെ സംഭരണശേഷിയെ ഇത് ദോഷകരമായി ബാധിച്ചിരിക്കുന്നു. മരണത്തെ മുന്നിൽ കാണുന്ന കായലുകളും കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് കാരണമാണ്. ഏറ്റവും വലിയ ജലസംഭരണികളായിരുന്ന കായലുകൾ പലതും ഇന്ന് അകാല ചരമമടയുകയാണ്. ചൂണ്ടിക്കാണിക്കപ്പെടുന്ന ഗുരുതരമായ മറ്റൊരു പ്രശ്നം വിസ്തൃതിയും ആഴവും കുറഞ്ഞ് ചെറുതാകുന്ന വേമ്പനാട്ടുകായലിന് വെള്ളം ഉൾക്കൊള്ളാനുള്ളശേഷി കുറയുന്നു എന്നതാണ്. കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കണക്കനുസരിച്ച് വേമ്പനാട്ടു കായലിന്റെ വിസ്തൃതി മൂന്നിലൊന്നായി ചുരുങ്ങി. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓഷ്യോനോഗ്രാഫിയുടെ കണക്കനുസരിച്ച് കായലിന്റെ ആഴം 9 മീറ്ററിൽനിന്ന് 2.5 മീറ്ററായി ചുരുങ്ങിയിരിക്കുന്നു.

(ശേഷം 5-ാം പേജിൽ)










**വിവിധ ജില്ലകളിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന മെഡിക്കൽ ക്യാമ്പുകൾ**

**മഹാപ്രളയം**

# പ്രളയബാധിതർക്കുമേൽ പ്രഹരമേൽപ്പിച്ച് പെട്രോളിയം വിലവർദ്ധനവും സെസ്സും

(4-ാം പേജിൽ നിന്ന്)

വാട്ടർ റീച്ചാർജിംഗിന്റെ രംഗത്തും ഇത് വലിയ പ്രത്യാഘാതമാണ് സൃഷ്ടിച്ചിരിക്കുന്നത്. പെയ്ത്തുവെള്ളം മുഴുവൻ എത്രയും വേഗം കടലിലേക്ക് ഒഴുക്കി വിടുകയെന്നതാണ് എല്ലാ നിർമ്മാണത്തിന്റെയും പരിണിതഫലം. മഹാപ്രളയം പിൻവാങ്ങിയതോടെ കേരളത്തിലെ കിണറുകളിൽ ജലനിരപ്പ് വലിയ തോതിൽ താഴ്ന്നത് ഭൂമിയ്ക്കടിയിലെ ജലനിക്ഷേപം കുറയുന്നതുകൊണ്ടാണ്. ഭൂമിയുടെ റീച്ചാർജ്ജിംഗ് നടക്കാത്തതുമൂലം വെള്ളം പ്രളയമായി മാറുകയാണ്.




പെട്രോളിയം വിലവർദ്ധനവിനെതിരെ ചങ്ങനാശ്ശേരിയിൽ നടന്ന പ്രതിഷേധ പ്രകടനം

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2013 നവംബർ ലക്കം **യൂണിറ്റി**യിൽ ഞങ്ങൾ പ്രസിദ്ധീകരിച്ച വാക്കുകളാണ് പിന്നാലെ ചേർത്തിട്ടുള്ളത്:

*പശ്ചിമഘട്ട മേഖലയപ്പാടെ എത്തിച്ചേർന്നിട്ടുള്ള വർത്തമാന സ്ഥിതിയെന്താണ്? പതിനായിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി വൻകിട സ്വകാര്യവ്യക്തികൾ തികച്ചും നിയമവിരുദ്ധമായി കൈയ്യേറിയിരിക്കുന്നു. ആദിവാസികളുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും ആയിരക്കണക്കിന് ഏക്കർ ഭൂമിയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതൊരു ഭരണസംവിധാനത്തെയും വിലയ്ക്കെടുത്തും വെല്ലുവിളിച്ചും ഈ വൻകിട ഭൂ മാഫിയ മുന്നേറുകയാണ്... നിയമവിരുദ്ധമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അതീവദുർബലമായ പശ്ചിമ ഘട്ട ആവാസവ്യവസ്ഥയെ ഏതാണ്ട് തകർത്തുകഴിഞ്ഞു. അനധികൃതമായ നാനാതരം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നിർബാധം നടന്നുവരുന്നു. പാറതുരക്കലും പൊട്ടിക്കലും അനിയന്ത്രിതമായി മുന്നേറുന്നു. ഉടുമ്പഞ്ചോല താലൂക്കിൽ മാത്രം പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ 216 ആണ്. ഗോവയിലും മഹാരാഷ്ട്രയിലും നിയമവിരുദ്ധമായ ഖനനം ആ മേഖലയെ ഏതാണ്ട് അടിമുടി കീഴ്മേൽമറിച്ച് കഴിഞ്ഞു. കഴിഞ്ഞ ആറ് പതിറ്റാണ്ടായി രാജ്യത്തിന്റെ പൊതുസമ്പത്തായ വനം കൊള്ളയടിക്കപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. പശ്ചിമഘട്ടത്തിലെ 26 ശതമാനം വനം അപ്രത്യക്ഷമായതായി സർക്കാർ കണക്കുകൾ പറയുന്നു.*

*അതായത് വനംകൊള്ളക്കാരും ഖനന-ക്വാറി മാഫിയയും വമ്പൻ ഭൂമികൈയ്യേറ്റക്കാരും ടൂറിസത്തിന്റെ മറവിൽ പ്രവർത്തിക്കുന്ന വൻകിട ഹോട്ടൽ-റിസോർട്ട് ഗ്രൂപ്പുകളും ചേർന്ന് പശ്ചിമഘട്ടമേഖലയെ വീണ്ടെടുക്കാനാവാത്തവിധം തകർത്തുകൊണ്ടിരിക്കുകയാണ്. മൂലധനത്തിന്റെ ഒടുങ്ങാത്ത ലാഭദുര ഉത്തരഖണ്ഡിൽ സൃഷ്ടിച്ച അതേ സാഹചര്യമാണ് ഇന്ന് പശ്ചിമഘട്ടമലനിരകളിൽ നിലനിൽക്കുന്നത്. മഹാരാഷ്ട്രയിലെ രത്നഗിരിയിലും തമിഴ്നാട്ടിലെ ഊട്ടിയിലും കേരളത്തിന്റെ ഇടുക്കിയിലും വിശിഷ്യാ മൂന്നാറിലും സംഭവിക്കുന്നത് പശ്ചിമഘട്ടമാകെ പടർത്തുകയാണ് ഈ ശക്തികൾ.*

മഹാപ്രളയത്തിനും മണ്ണിടിച്ചിലിനും കാരണമായ ഉത്തരാഖണ്ഡിലെ സാഹചര്യമാണ് ഇന്ന് പശ്ചിമഘട്ടത്തിൽ നിലനിൽക്കുന്നതെന്ന മേലുദ്ധരിച്ച വാക്കുകൾ അക്ഷരാർത്ഥത്തിൽ ഇന്ന് ഇടുക്കിയും വയനാടും ശരിവയ്ക്കുകയാണ്. പാരിസ്ഥിതിക സന്തുലനം തകർക്കുന്ന മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളാണ് ഇടുക്കിയിലും വയനാട്ടിലും ഇപ്പോഴുണ്ടായിരിക്കുന്ന വൻതോതിലുള്ള മണ്ണിടിച്ചിലിനും കാർഷികത്തകർച്ചയ്ക്കും നിമിത്തമായിട്ടുള്ളത്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്ന ഗാഡ്ഗിൽ ശുപാർശ എത്രയും വേഗം നടപ്പാക്കിയില്ലെങ്കിൽ നമ്മുടെ പശ്ചിമഘട്ട മേഖലയൊന്നാകെ വലിയ വില നൽകേണ്ടി വരും.. ഇപ്പോഴുണ്ടായിട്ടുള്ള ഈ പ്രളയത്തെ ഒരു മുന്നറിയിപ്പായി സ്വീകരിച്ചുകൊണ്ട് പ്രകൃതിയുടെ പാരിസ്ഥിതികമായ നിലനിൽപ്പ് മുഖ്യപരിഗണനയായി കൈക്കൊള്ളുന്ന ഒരു സമീപനം സർക്കാരുകളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ജനങ്ങൾ സമ്മർദ്ദമുയർത്തണം.

എംഎൽഎമാരും മന്ത്രിമാരും ഒന്നും പഠിക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് നിയമസഭയുടെ പ്രത്യേക സമ്മേളനം വെളിവാക്കി. ഇടുക്കിയിൽ വെട്ടിപ്പിടിച്ച ഏക്കറുകളുള്ളവരും സ്വന്തമായി വാട്ടർതീം പാർക്കുകളുള്ളവരും കായലും പാടവും നികത്തി കെട്ടിടങ്ങൾ പണിതുയർത്തിയവരുമൊക്കെ ഉറഞ്ഞുതുള്ളുന്നതാണ് ജനങ്ങൾ ചാനലുകൾവഴി കണ്ടത്. 'പിന്നെ കടലിൽ മഴപെയ്യുന്നതോ' എന്ന ചോദ്യത്തെ ഹാസ്യരൂപേണ നോക്കിക്കണ്ടിരുന്ന ജനങ്ങൾ 'പിന്നെ കാട്ടിൽ ഉരുളുപൊട്ടിയതോ' എന്ന ചോദ്യത്തിനുമുന്നിൽ നാണിച്ചുപോയി. 'ഏതു ഗാഡ്ഗിൽ എന്തു ഗാഡ്ഗിൽ, വല്ലതും പറയാനുണ്ടെങ്കിൽ സർക്കാരിനോടു പറയണം, അവിടെയും ഇവിടെയുമിരുന്ന് റിപ്പോർട്ട് എഴുതിയിട്ട് കാര്യമില്ല' എന്ന് ആക്രോശിക്കുന്ന മന്ത്രിയെയും കണ്ടു. നിയമസഭയുടെ പ്രത്യേക സമ്മേളനം കൂടി കൂടുതൽ പിരിവെടുക്കാൻ തീരുമാനിച്ചു എന്നതൊഴിച്ചാൽ പിരിച്ചത് എന്ന് നാട്ടുകാർക്ക് നൽകും എന്ന വിഷയത്തിൽ തീരുമാനമൊന്നുമില്ല. 'നഷ്ടപരിഹാരത്തുക'യ്ക്ക് അവകാശികൾ നാലുലക്ഷം കടന്നപ്പോൾ ഇനി പുതിയതായി ആരെയും രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും തീരുമാനിച്ചു. കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശമായ പശ്ചിമഘട്ടം സംരക്ഷിക്കണം എന്ന് പത്തുവർഷംമുമ്പ് ചൂണ്ടിക്കാണിച്ച മാധവ് ഗാഡ്ഗിലിനെ ശവംതീനി കഴുകൻ എന്നുവിളിക്കാൻ പോലും മുതിർന്ന ഇടുക്കി എംപി. ഇത്തരം എംഎൽഎമാരും എംപിമാരും രാഷ്ട്രീയനേതാക്കൻമാരും ഉള്ളപ്പോൾ, പ്രളയം ഏൽപ്പിച്ച കനത്ത ആഘാതത്തെ മറികടക്കാൻ എന്താണ് പോംവഴി എന്ന് ആശങ്കപ്പെടുകയാണ് ജനങ്ങൾ

### ദുരന്തത്തിന്റെ സാമ്പത്തികശാസ്ത്രം

ഒദ്യോഗിക വിശദീകരണമനുസരിച്ച് മഹാപ്രളയം 520 പേരുടെ ജീവനെടുത്തു. തുടർന്നു വന്ന എലിപ്പനി നിമിത്തം 82 പേരു കൂടി മരിച്ചു. അർദ്ധപ്രാണനായവർ അതിലുമെത്രയോ. പ്രളയം തകർത്തത് ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവിതമായിരുന്നു. സന്നദ്ധപ്രസ്ഥാനങ്ങളുടെ കണക്കെടുപ്പുപ്രകാരം 35000 ത്തോളം വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർന്നു. ഒരായുസ്സ് മുഴുവൻ അദ്ധ്വാനിച്ച് സ്വരുക്കൂട്ടിയ ജീവിത സമ്പാദ്യങ്ങളെല്ലാം വെള്ളത്തിൽ ഒലിച്ചുപോയി. ആയിരക്കണക്കിന് ഏക്കർ പ്രദേശത്തെ കാർഷിക വിളകളും കൃഷിയും വെള്ളത്തിൽ മുങ്ങി നശിച്ചു. ജീവനോപാധികൾ നഷ്ടപ്പെട്ട് തുടർന്നുള്ള ജീവിതത്തിന്റെ ആശ്രയം നഷ്ടപ്പെട്ടു. ഇലക്ട്രിക്കൽ ഉപകരണങ്ങളും പാത്രങ്ങളും വീട്ടുപകരണങ്ങളും വസ്ത്രങ്ങളും പൂർണ്ണമായും ഉപയോഗശൂന്യമായി. ചെറുതും വലുതുമായ ഏതാണ്ട് 40 ഓളം നഗരങ്ങളിലും പട്ടണങ്ങളിലും വെള്ളം കയറി. വ്യാപാരസ്ഥാപനങ്ങളിലെ വസ്തുവകകൾ തിരിച്ചെടുക്കാനാവാത്തവിധം നശിച്ചുപോയി. സർക്കാരിന്റെ പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത് 35,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ്. പ്രളയം സൃഷ്ടിച്ച നാശനഷ്ടത്തിന്റെവസ്തുനിഷ്ഠമായ ഒരു കണക്കല്ല ഇത്. മാധ്യമങ്ങളിലൂടെ ചില സാമ്പത്തിക വിദഗ്ദർ ചൂണ്ടിക്കാട്ടിയത് ആകെ നഷ്ടം ഒരു ലക്ഷംകോടിരൂപയുടേതാണെന്നാണ്.

ചുരുക്കത്തിൽ, ജീവൻ നഷ്ടപ്പെട്ടില്ലെങ്കിലും സ്വന്തം നിലയിൽ തിരിച്ചുകൊണ്ടുവരാനാവാത്ത വിധം ജീവിതമാർഗ്ഗം നഷ്ടപ്പെട്ട ലക്ഷക്കണക്കായ മനുഷ്യർ സർക്കാരിന്റെയും സമൂഹത്തിന്റെയും കാരുണ്യം തേടുന്ന പരിതാപകരമായ അവസ്ഥയാണ് പ്രളയം അവശേഷിപ്പിച്ചിരിക്കുന്നത്. ഭരണകൂടത്തിന്റെ ഒത്താശയോടെ സമൂഹത്തിലെ ദുഷ്ടശക്തികൾ ദശാബ്ദങ്ങൾകൊണ്ട് വളർത്തിയെടുത്ത വിഭാഗീയതകളും വിദ്വേഷങ്ങളും വലിച്ചെറിഞ്ഞുകൊണ്ട് മനുഷ്യന്റെ സഹജമായ നന്മകൾ ഉയിർത്തെഴുന്നേറ്റുവന്ന് ദുരന്തത്തിലാണ്ടവരെ പിടിച്ചുയർത്തുന്ന കാഴ്ചയും നാം കണ്ടു.

ഓരോ ദുരന്തവും സൃഷ്ടിക്കുന്ന ദൈന്യതയാണ് സഹജീവികളെ പുനരധിവസിപ്പിക്കാനുള്ള ധനസഹായത്തിന് ആളുകളെ പ്രേരിപ്പിക്കുന്നത്. സർക്കാർ ധനവിനിയോഗ സംവിധാനങ്ങളോട് താരതമ്യാർത്ഥത്തിലുള്ള വിശ്വാസ്യത കാരണമാണ് ജനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നത്. പക്ഷേ, സുനാമിമുതലിങ്ങോട്ട് വിശ്വാസവഞ്ചനയും കെടുകാര്യസ്ഥതയും ക്രമക്കേടുകളുമാണ് സർക്കാരുകൾ ഈ ഫണ്ടിന്റെ പേരിൽ പ്രദർശിപ്പിക്കുന്നത്. 2004 ലെ സുനാമി ബാധിതർ ദയനീയമായ സാഹചര്യത്തിൽ ഇപ്പോഴും തുടരുന്നു. ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ ജീവിതവും ദുരിതപൂർണ്ണമായി തുടരുമ്പോൾ ആ ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ പാർട്ടി നേതാവിന്റെ കുടുംബത്തിന് അനുവദിക്കുന്നു. ഇത്തരം അനുഭവങ്ങളാണ് പ്രളയദുരന്ത പുനരധിവാസത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ ന്യായം. പക്ഷേ, സർക്കാർ അത് തള്ളിക്കളയുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്താലേ ഇൻകം ടാക്സ് ഇളവ് ലഭിക്കുവെന്നാണ് വാദം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിചാരിച്ചാൽ ഇൻകം ടാക്സ് ഇളവുകളോടെ ഒറ്റദിവസം കൊണ്ട് ഇത്തരത്തിലൊരു ഫണ്ട് ആരംഭിക്കാവുന്നതേയുള്ളൂ. അപ്പോൾ പിന്നെ എന്താണ് യാഥാർത്ഥ്യം? മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്നതാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്. പാർട്ടികമ്മിറ്റികളുടെ ശുപാർശ സഹിതം വരുന്ന ധനസഹായങ്ങളാണ് ഏറെയും നൽകപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒരു ദുരന്തം കണ്ട് മനസ്സലിഞ്ഞ് ജനങ്ങൾ നൽകുന്ന ധനം ആ ആവശ്യത്തിനുമാത്രം നൽകണമെന്ന് യാതൊരു നിഷ്കർഷയുമില്ലാത്ത ഒരു പണ്ടാരപ്പെട്ടിയാണത്.

**ജനങ്ങൾ പ്രളയദുരിതത്തിൽ ഞെട്ടിത്തരിച്ചിരിക്കുമ്പോഴാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സാമ്പത്തികാക്രമണങ്ങൾ അഴിച്ചുവിടുന്നത്. സംസ്ഥാന ജി.എസ്.ടിയുടെ മേൽ 10 ശതമാനം സെസ് ഏർപ്പെടുത്താനുള്ള നീക്കമാണ് അതിലൊന്ന്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ചരിത്രത്തിലില്ലാത്തവിധം കുതിക്കുകയാണ്. നികുതിയിനത്തിൽ കോടിക്കണക്കിന് രൂപയാണ് സംസ്ഥാന-കേന്ദ്രസർക്കാരുകൾ ദുരിതബാധിതരായ കേരളീയരിൽനിന്ന് അധികമായി കവർന്നെടുത്തത്.**




എറണാകുളം, ആലപ്പുഴ ജില്ലകളിലെ ശുചീകരണ ദൃശ്യങ്ങൾ

ദുരന്തബാധിതരെ സഹായിക്കുകയെന്ന ലക്ഷ്യംവെച്ച് ജനങ്ങൾ നൽകുന്ന ഓരോ രൂപയും യഥാർത്ഥത്തിൽ അർഹരായവർക്ക് മാത്രം ലഭ്യമാകത്തക്കവിധത്തിൽ സമ്പൂർണമായും സുതാര്യമായി വിനിയോഗം ചെയ്യാനായി പ്രത്യേക ഫണ്ട് രൂപീകരിച്ച്

(ശേഷം 6-ാം പേജിൽ)

**മഹാപ്രളയം**

# ദുരന്തഭൂമിയിൽ കമ്പോളത്തിന്റെ കഴുകൻ കണ്ണുകളുമായി മുതലാളിത്തം

(5-ാം പേജിൽ നിന്ന്)

ലഭിച്ച പണം അതിലേക്ക് കൈമാറാൻ സർക്കാർ അമാന്തിക്കരുത്.

1500 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് വ്യക്തികളും സംഘടനകളും ഇതിനോടകം സംഭാവന ചെയ്തിരിക്കുന്നത്. സംഭാവനകൾ വന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ 600 കോടി രൂപ നൽകി. ജനങ്ങൾ സംഭാവന നൽകിയ നൂറുകണക്കിന് കോടിരൂപ വിലമതിക്കുന്ന സാധനസാമഗ്രികൾ കൊണ്ടാണ് ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിച്ചത്. നമ്മുടെ പാർട്ടി അടക്കമുള്ള സംഘടനകളും വ്യക്തികളും തത്തുല്യമായ അളവിൽ സാധന സാമഗ്രികൾ ക്യാമ്പുകളിലെത്തിയവർക്കും അല്ലാത്തവർക്കും നേരിട്ട് എത്തിച്ചുകൊടുത്തിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകൾ നടത്താൻ സർക്കാരിന് കാര്യമായ കലവൊന്നും വേണ്ടിവന്നിട്ടില്ല. നിരവധി ദേശീയ അന്തർദ്ദേശീയ സംഘടനകൾ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും സംഭാവന നൽകിയിട്ടുണ്ട്. അവയെത്രയെന്ന് വെളിപ്പെടുത്തിയിട്ടില്ല. ഐക്യരാഷ്ട്ര സഭയും യു.എ.ഇ അടക്കമുള്ള വിദേശരാഷ്ട്രങ്ങളും വൻതോതിൽ ദുരിതാശ്വാസം നൽകാനുള്ള സന്നദ്ധത പ്രഖ്യാപിച്ചിരുന്നു. പക്ഷെ കേന്ദ്രസർക്കാർ അവയൊക്കെ നിരസിച്ചു. ഇന്ത്യൻ മുതലാളി വർഗ്ഗത്തിന്റെ സാമ്രാജ്യത്വ താല്പര്യങ്ങളായിരുന്നു ആ തീരുമാനത്തിന്റെ പിന്നിൽ. ഐക്യരാഷ്ട്രസഭയിൽ സ്ഥിരാംഗത്വം ലഭിക്കുവാൻ വേണ്ടി നടത്തുന്ന ശ്രമങ്ങളുടെ സാധ്യത കുറയ്ക്കും എന്നതായിരുന്നു യഥാർത്ഥ കാരണമെന്നാണ് അറിയുന്നത്.

പ്രളയത്തെ മറയാക്കി ജനങ്ങളെ പിഴിയുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. പ്രളയവേളയിൽത്തന്നെ ദുരിതാശ്വാസ ധനസമാഹരണത്തിൽ നിന്നും പ്രസ്ഥാനങ്ങളെ തടഞ്ഞ ഗവണ്മെന്റ് എല്ലാ ഫണ്ടും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സമാഹരിക്കുകയാണ് ചെയ്തത്. അതോടൊപ്പം ജിഎസ്ടിയിൽ 10 ശതമാനം അധികസെസ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിന് സംഭാവന നൽകിയിട്ടില്ലാത്ത ഒരാളു പോലും കേരളത്തിലില്ല എന്നതാണ് വസ്തുത. സഹജീവികളുടെ ദുരിതത്തിൽ മനസ്സലിഞ്ഞ് ഒട്ടനവധി ആളുകൾ അവർക്ക് നൽകാനാവുന്നതിലുമധികം തുകയും സഹായവും നൽകിക്കഴിഞ്ഞു. അവരെ ഭീഷണിപ്പെടുത്തി പിരിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**പ്രളയബാധിത ജനങ്ങൾക്കുമേലുള്ള കടന്നാക്രമണങ്ങൾ**

ജനങ്ങൾ പ്രളയദുരിതത്തിൽ ഞെട്ടിത്തരിച്ചിരിക്കുമ്പോഴാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സാമ്പത്തികാക്രമണങ്ങൾ അഴിച്ചുവിട്ടത്. സംസ്ഥാന ജി.എസ്.ടിയുടെ മേൽ 10 ശതമാനം സെസ് ഏർപ്പെടുത്താനുള്ള നീക്കമാണ് അതിലൊന്ന്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ചരിത്രത്തിലില്ലാത്തവിധം കുതിക്കുകയാണ്. നികുതിയിനത്തിൽ കോടിക്കണക്കിന് രൂപയാണ് സംസ്ഥാന-കേന്ദ്രസർക്കാരുകൾ ദുരിതബാധിതരായ കേരളീയരിൽനിന്ന് അധികമായി കവർന്നെടുത്തത്. പ്രളയത്തിന്റെ മറയിൽ സാധാരണക്കാരന്റെ കീശ കവരാൻ തുനിയുമ്പോൾ ധനികരെ സ്പർശിക്കാൻ പോലും സർക്കാരിന് താല്പര്യമില്ല. ശതകോടീശ്വരന്മാർപോലും തുച്ഛമായ നികുതികളാണ് നൽകുന്നത്. ജനങ്ങളെ ചൂഷണംചെയ്ത് സമ്പാദിക്കുന്ന സമ്പത്തിന്റെ ഒരുഭാഗം പിടിച്ചെടുക്കുന്ന കാര്യം സർക്കാർ ചിന്തിക്കുന്നുപോലുമില്ല. ഇത്തരത്തിൽ സാധാരണക്കാരെ പിഴിഞ്ഞ് സർക്കാർ സ്വരുക്കൂട്ടിയ ധനത്തിൽ വളരെ തുച്ഛമായ തുകയാണ് ദുരിതബാധിതരിൽ നേരിട്ടെത്തുന്നത്.

ദുരിതാശ്വാസ ക്യാമ്പ് വിടുമ്പോൾ നൽകുമെന്ന് പ്രഖ്യാപിച്ച 10,000 രൂപ നൽകിക്കഴിഞ്ഞു എന്ന് സർക്കാർ കള്ളം പറയുന്നു. നിരവധി പേർക്ക് ഇനിയും തുക ലഭിച്ചിട്ടില്ല. ഈ തുകതന്നെ ബാങ്കിൽ നിന്ന് നേടിയെടുക്കാനുള്ള പ്രയാസങ്ങൾ ഏവർക്കുമറിയാവുന്നതാണ്. ഈ പതിനായിരം രൂപയല്ലാതെ ഒരു ചില്ലിക്കാശ്പോലും ദുരിതബാധിതർക്ക് നേരിട്ട് ധനസഹായമായി സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. ബാക്കിയെല്ലാം ബാങ്ക് വായ്പയായാണ് അനുവദിക്കുന്നത്. ഒരു ലക്ഷം മുതൽ 4 ലക്ഷം വരെ. എല്ലാം നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ച് നൽകുന്നതിന് പകരം 4 ലക്ഷം രൂപ വായ്പയായി നൽകുമ്പോൾ പണി തീരാത്ത വീടുകളും തിരിച്ചടക്കാനാവാത്ത കടവുമായിരിക്കും അവശേഷിക്കുക. ജപ്തി ഭീഷണിയും അവരെ തുറിച്ചുനോക്കും. ദുരന്തത്തിനിരയായവരുടെ വായ്പകുടിശ്ശിക എഴുതിത്തള്ളുന്നതിന് പകരം 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക വഴി ആ കാലയളവിലെ പലിശയും ചേർത്ത് കടബാധ്യത കൂടുകയെന്ന ഫലമേ ഉണ്ടാവുകയുളു. വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്നത് വഴിയും കടബാധ്യതകൾ ഇരട്ടിക്കും. വില്പന വസ്തുക്കളാകെ നശിച്ചുപോയ കച്ചവടക്കാരുടെ സ്ഥിതിയും ഇതുതന്നെ. പലേ സ്ഥാപനങ്ങളും ഇനി പുനരാരംഭിക്കാൻ ആവാത്തവിധം തകർന്ന് പോയിട്ടുണ്ട്. ആ രംഗത്തേക്ക് കടന്നുവരാൻ വൻകിട മാളുകളും റീട്ടെയ്ൽ വ്യാപാരകുത്തകകളും തയ്യാറെടുപ്പ് തുടങ്ങിയിട്ടുണ്ട്. നടുവൊടിഞ്ഞുപോയ കാർഷികമേഖലയുടെ ഭാവിയും ഭീതിജനകമാണ്. പ്രളയദുരന്തത്തിൽപ്പെട്ട കർഷകരിൽ നല്ലൊരുപങ്കും ഇനിയും കാർഷികവൃത്തിയിലേക്ക് മടങ്ങാനാവാത്തവിധം തകർന്നുപോയിരിക്കുന്നു. കേരളത്തിന്റെ തനതു കാർഷിക ഉല്പാദന മേഖലയിലുണ്ടാവുന്ന കുറവ് കുത്തകകളുടെ നേട്ടമായി മാറും.

**പുനർനിർമ്മാണമെന്ന പുത്തൻവിപണി**

'നവകേരള'ത്തിന്റെ നിർമ്മാണ ചുമതല പിണറായി സർക്കാർ ലോകബാങ്കിനെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രളയജലം ഇറങ്ങിത്തുടങ്ങുന്നതിനുമുമ്പുതന്നെ കെപിഎംജിയും ലോകബാങ്കും രംഗപ്രവേശം ചെയ്തു. ലോകബാങ്ക് കേരളത്തിൽ (കു)പ്രസിദ്ധമാണെങ്കിലും കെപിഎംജി ആദ്യമായാണ് പത്രത്താളുകളിൽ നിറയുന്നത്. പലരാജ്യങ്ങളും ഈ കമ്പനിക്കെതിരായെടുത്ത നടപടികളും പുറത്തുവന്നു. അതെല്ലാം അവഗണിച്ചുകൊണ്ട് ദുരന്താനന്തര പുനർനിർമ്മാണത്തിന്റെ പദ്ധതിരേഖ തയ്യാറാക്കാൻ ഈ കമ്പനിയെത്തന്നെ സർക്കാർ ചുമതലപ്പെടുത്തി. മലയാളിയായ അരുൺ എം. കുമാർ ഇന്ത്യൻ സിഇഒ ആയി പ്രവർത്തിക്കുന്ന കെപിഎംജി ആഗോളതലത്തിൽ പ്രബലമായ കൺസൾട്ടൻസി കമ്പനിയാണ്. ടാറ്റ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ തുടങ്ങി ഒബാമ ഭരണത്തിലെ ഉന്നതഉദ്യോഗസ്ഥൻ വരെയായ ഇദ്ദേഹം, യുഎസ് കമ്പനികൾക്ക് വിദേശ കോൺട്രാക്ട് നേടിക്കൊടുക്കുന്നതിന്റെ സ്പെഷ്യലിസ്റ്റ് ആയി അറിയപ്പെടുന്നു. യുഎസ് വാണിജ്യതാല്പര്യങ്ങൾ മുന്നോട്ട് വെയ്ക്കുന്നതിൽ യുഎസ് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് ബൗദ്ധികശേഷി നൽകുന്ന വിദഗ്ദ്ധൻ. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായി ചേർന്ന് കേരള വികസനത്തെപ്പറ്റി ഒരു പുസ്തകവും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

തങ്ങളുടെ ഇടപാടുകാരായ, ലോകമെങ്ങുമുള്ള കമ്പനികളുടെ കമ്പോള സാധ്യത വർദ്ധിപ്പിക്കുകയെന്നതാണ് ആഗോളതലത്തിൽ, നെതർലന്റ് ആസ്ഥാനമായ കെപിഎംജിയുടെ പ്രധാന സേവനം. അതിനുവേണ്ടി അവർ നടത്തുന്ന കുതന്ത്രങ്ങൾ കാരണമാണ് പലരാജ്യങ്ങളിൽനിന്നും നിയമനടപടികൾ നേരിടേണ്ടിവരുന്നത്. കെപിഎംജി ഇന്ത്യയിൽ നടത്തുന്ന അഴിമതികളെപ്പറ്റിയും അവിശുദ്ധ കച്ചവട താല്പര്യങ്ങളെ സംബന്ധിച്ചും പ്രധാനമന്ത്രിക്ക് ഒരു ഐഎഎസ് ഉദ്യോഗസ്ഥൻ എഴുതിയ കത്ത് കാരവൻ മാഗസിൻ പ്രസിദ്ധീകരിച്ചിരുന്നു. വളരെ വലിയ സർക്കാർ കോൺട്രാക്ടുകൾ തങ്ങളുടെ ഇടപാടുകാർക്കുവേണ്ടി നേടിയെടുക്കാൻ കെ.പി.എം.ജി നടത്തിയ അഴിമതികളെപ്പറ്റി അതിൽ പ്രതിപാദിക്കുന്നു. ഇത്തരം കോൺട്രാക്ടുകൾ അനുവദിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കും ബന്ധുക്കൾക്കും കമ്പനിയിൽ വലിയ ശമ്പളമുള്ള ഉദ്യോഗം നൽകുന്നതാണ് അഴിമതിയുടെ ഒരു രീതി. മോദിഗവണ്മെന്റിന്റെ 'സ്മാർട്ട് സിറ്റി', 'സ്വച്ഛ് ഭാരത്', 'മേക്ക് ഇൻ ഇന്ത്യ', 'സ്കിൽ ഇന്ത്യ' തുടങ്ങിയ വൻപദ്ധതികളുടെയെല്ലാം കൺസൾട്ടൻസിയാണ് കെ.പി.എം.ജി. ഈ കമ്പനി കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ പദ്ധതി രേഖ സൗജന്യമായി തയ്യാറാക്കിക്കൊടുക്കാമെന്ന് സമ്മതിച്ചതുകൊണ്ടാണത്രേ ആ ചുമതല കേരളസർക്കാർ അവരെ ഏല്പിച്ചത്. കേരളത്തെ പുനർനിർമ്മിക്കാൻ 35000 കോടിരൂപ വേണമെന്നാണ് സർക്കാർ പറയുന്നത്. അതായത് 35000 കോടി രൂപയുടെ ഒരു കമ്പോളം ലോകമുതലാളിമാർക്കുവേണ്ടി കേരളത്തിൽ ഒരുങ്ങിയിരിക്കുകയാണെന്നർത്ഥം. 2700 ഓളം വരുന്ന ഇന്ത്യൻ കമ്പനികളുടെയും ലോകമെങ്ങുമുള്ള അസംഖ്യം വൻകിട കമ്പനികളുടെയും വ്യാപാരം വർദ്ധിപ്പിക്കാൻ കരാറെടുത്തിരിക്കുന്ന കെപിഎംജി എന്ന ആഗോളഭീമന്റെ കയ്യിൽ കേരളത്തിന്റെ ഭാവി ഏൽപ്പിച്ചുകൊടുക്കുകയാണ്. അവർ സൗജന്യസേവനമാണത്രേ ചെയ്യുന്നത്. പ്രളയം തകർത്തെറിഞ്ഞ ജീവിതങ്ങളെയോർത്ത് സഹജീവിസ്നേഹത്താൽ ഭിക്ഷക്കാർവരെയുള്ളവർ നൽകിയ സഹായങ്ങൾ എവിടെയായിരിക്കും എത്തിച്ചേരുക എന്ന കാര്യത്തിൽ ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

യുദ്ധവും പ്രകൃതിക്ഷോഭവും ജീവിതത്തിനുമേൽ ഭീതിദമായ ദുരന്തങ്ങൾ വർഷിക്കുമ്പോൾ അവ മുതലാളിത്തത്തിന് ലാഭകൊയ്ത്തിന് അവസരമുണ്ടാക്കുന്ന ചാകരകളാണ്. സ്വാഭാവികമായ വികാസം മുരടിച്ച് കമ്പോളപ്രതിസന്ധിയിലാണ്ട മരണാസന്ന മുതലാളിത്തം പുതിയ കമ്പോളസൃഷ്ടിക്കായി സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണം ത്വരിതപ്പെടുത്തുന്നു. കരുതിക്കൂട്ടിയുള്ള യുദ്ധത്തിലൂടെ നശിപ്പിക്കപ്പെടുന്നയിടങ്ങളിൽത്തന്നെ പുനർനിർമ്മാണമെന്ന പുതിയ കമ്പോളം സൃഷ്ടിക്കപ്പെടുന്നു. യുദ്ധം സൃഷ്ടിക്കുന്നതിൽ പങ്കാളികളാകുന്നവർ തന്നെ പുനർനിർമ്മാണ കമ്പോളത്തിലും പറന്നിറങ്ങുന്ന കാഴ്ചയും നമുക്ക് മുന്നിലുണ്ട്. യുദ്ധം പോലെ തന്നെ സർവ്വനാശകാരികളായ പ്രകൃതി ദുരന്തം തകർത്തെറിയുന്ന ജനപഥങ്ങളുടെ പുനഃസൃഷ്ടിയിലും സമാന സാഹചര്യം നാം കാണുന്നു.

**പ്രളയ ദുരന്തത്തെ നേരിടാൻ ശാസ്ത്രീയമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുക**

കേരളത്തിന്റെ സവിശേഷതയാർന്ന ഭൂഘടന പരിഗണനയിലെടുത്തുകൊണ്ട് ഏറ്റവും ശാസ്ത്രീയവും സമഗ്രവുമായ ഒരു ദുരന്തനിവാരണ പദ്ധതി അടിയന്തരമായി രൂപപ്പെടുത്താൻ ഒരു സർക്കാരും ഈ നിമിഷംവരെയും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് മഴയുടെ തോത് അനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലേക്ക് വെള്ളം കയറിത്തുടങ്ങുന്നതിന്റെ ഒരു ഭൂരേഖ ഇപ്പോഴും നാം അന്തിമമാക്കിയിട്ടില്ല. എല്ലാ വർഷവും പ്രളയം നേരിടുന്ന, 5 വലിയ നദികൾ വന്നു ചേരുന്ന, കടൽനിരപ്പിൽ താഴെയുള്ള കുട്ടനാട്ടിൽപ്പോലും ഒരു വെള്ളപ്പൊക്ക മാപ്പ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നതിൽനിന്ന് സർക്കാരുകൾ എത്ര നിരുത്തരവാദപരമായാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാം. വെള്ളപ്പൊക്ക മേഖലകളിലെ വീടുകൾ പ്രളയത്തെ നേരിടാൻ തക്കതായി നിർമ്മിക്കാൻ സർക്കാർ മുൻകൈയെടുക്കണം. സ്ഥിരസ്വഭാവത്തിലുള്ള ക്യാമ്പ് ഷെൽട്ടറുകൾ ഈ മേഖലകളിലെല്ലാം നിർമ്മിക്കണം. സ്വാഭാവിക ജലപ്രവാഹത്തിനു വിഘ്നമായിട്ടുള്ള വെള്ളപ്പൊക്ക മേഖലകളിലെ എല്ലാ നിർമ്മിതികളും ഉടൻ പൊളിച്ചു നീക്കണം.

മുകളിൽ സൂചിപ്പിച്ച ആവശ്യങ്ങളും പ്രളയബാധിതരുടെ ന്യായമായ അവകാശങ്ങളും നേടിയെടുക്കാൻ ജനങ്ങൾ പ്രക്ഷോഭരംഗത്ത് അണിനിരക്കേണ്ടിവരുമെന്നാണ് ഇതിനോടകം രൂപപ്പെട്ടിട്ടുള്ള സാഹചര്യം വ്യക്തമാക്കുന്നത്. അതിനായി പ്രളയബാധിതരുടെയും സാധാരണജനങ്ങളുടെയും ജനകീയസമരവേദികൾക്കു രൂപം നൽകുക എന്നതാണ് ഇനിയുള്ള കടമ.





പ്രളയബാധിതമേഖലകളിൽ എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ പാഠോപകരണങ്ങളുടെ വിതരണം

**കരുതിക്കൂട്ടിയുള്ള യുദ്ധത്തിലൂടെ നശിപ്പിക്കപ്പെടുന്നയിടങ്ങളിൽത്തന്നെ പുനർനിർമ്മാണമെന്ന പുതിയ കമ്പോളം സൃഷ്ടിക്കപ്പെടുന്നു. യുദ്ധം സൃഷ്ടിക്കുന്നതിൽ പങ്കാളികളാകുന്നവർ തന്നെ പുനർനിർമ്മാണ കമ്പോളത്തിലും പറന്നിറങ്ങുന്ന കാഴ്ചയും നമുക്ക് മുന്നിലുണ്ട്. യുദ്ധം പോലെ തന്നെ സർവ്വനാശകാരികളായ പ്രകൃതി ദുരന്തം തകർത്തെറിയുന്ന ജനപഥങ്ങളുടെ പുനഃസൃഷ്ടിയിലും സമാന സാഹചര്യം നാം കാണുന്നു.**

## പ്രളയബാധിതർക്ക് ആത്മവിശ്വാസം പകർന്ന്

# ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വോളന്റിയർമാർ

### ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിച്ച് കോട്ടയത്തെ ബേസ് ക്യാമ്പ്

സംസ്ഥാനത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത് കോട്ടയത്ത് വയസ്ക്കരക്കുന്നിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി ഓഫീസിലെ ബേസ് ക്യാമ്പാണ്. പാർട്ടി സംസ്ഥാനക്കമ്മിറ്റി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുവേണ്ടി രൂപംനൽകിയ സംസ്ഥാന സബ് കമ്മിറ്റിയുടെ കോ-ഓർഡിനേറ്ററും സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് ജയ്സൺ ജോസഫിന്റെ നേതൃത്വത്തിൽ നൂറുകണക്കിന് സഖാക്കൾ ഒരു മാസത്തിലേറെ നടത്തിയ വിശ്രമരഹിതമായ പ്രവർത്തനങ്ങളിലൂടെയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമായത്.

പശ്ചിമ ബംഗാൾ, കർണ്ണാടക, തമിഴ്നാട്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ എത്തിച്ചേർന്ന മെഡിക്കൽ സർവ്വീസ് സെൻററിന്റെ പ്രവർത്തകരായ ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, മറ്റ് പ്രവർത്തനങ്ങൾക്ക് എത്തിച്ചേർന്ന സഖാക്കൾ തുടങ്ങിയ വരടക്കം എഴുപതിലധികം ആളുകൾ ബേസ് ക്യാമ്പിൽ താമസിച്ച് പ്രവർത്തിച്ചു. മറ്റ് ജില്ലകളിൽ ചെറുതും വലുതുമായ ക്യാമ്പുകൾ കേന്ദ്രീകരിച്ച് നൂറ് കണക്കിന് സഖാക്കളാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായത്.

വ്യക്തികളും സന്നദ്ധസംഘടനകളും സഹായവുമായി ബേസ് ക്യാമ്പിലേക്ക് വന്നുകൊണ്ടേയിരുന്നു. കോട്ടയം തമ്പലക്കാട് സ്വദേശി അർജുന്റെ അഭ്യർത്ഥന പ്രകാരം കോയമ്പത്തൂരിൽ നിന്നും തമിഴ് സഹോദരങ്ങളായ മുത്തുമുരുകനും അഴകും ആഗസ്റ്റ് 15-ന് ലോറിയിൽ കൊണ്ടുവന്ന സാധനങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. അവർ തമിഴ് നാട്ടിലേക്ക് മടങ്ങും വഴി കാലടിയിലെ വെള്ളപ്പൊക്കത്തിൽ അകപ്പെടുകയും ഭക്ഷണമില്ലാതെ രണ്ടു ദിവസം കാലടിപ്പാലത്തിലും തുടർന്ന് മൂന്ന് ദിവസം ദുരിതാശ്വാസ ക്യാമ്പിലും കഴിയേണ്ടിവരികയും ചെയ്തു. അവരോടുള്ള സ്നേഹവും നന്ദിയും നിസ്സീമമാണ്. യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ(യുഎൻഎ)യ്ക്ക് മുംബൈയിൽനിന്നും വന്ന ലക്ഷക്കണക്കിന് രൂപയുടെ സാധനങ്ങൾ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷാ തികഞ്ഞ വിശ്വാസത്തോടെ പാർട്ടിയെ ഏൽപ്പിച്ചു. കോട്ടയത്തെ നവജീവൻ ട്രസ്റ്റി പി.യു.തോമസിന്റെ അത്യാവശ്യ ഘട്ടങ്ങളിലുള്ള സഹായവും എടുത്ത് പറയേണ്ടതാണ്. ബേസ് ക്യാമ്പിലെ സഖാക്കൾക്ക് എല്ലാ ദിവസവും ഉച്ചഭക്ഷണം നൽകിയതും നവജീവനാണ്. ടെക്നോപാർക്കിലെ സോഫ്റ്റ്‌വെയർ എഞ്ചിനീയർ ടോണി ഏബ്രഹാം ആവശ്യാനുസരണം മാന്നാനത്തുള്ള ജേക്കബ് മാണി വഴി സാധനങ്ങൾ എത്തിച്ചു കൊണ്ടിരുന്നു. ഭാരത് ഹയറിംഗ് സർവ്വീസ് ഉടമ ബാലകൃഷ്ണൻ നിരവധി സഹായങ്ങളോടൊപ്പം അദ്ദേഹത്തിന്റെ വണ്ടിയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിട്ടുതന്നു. ഫോട്ടോഗ്രാഫറായ റിജോ, അദ്ദേഹം സമാഹരിച്ച സാധനങ്ങൾ എത്തിച്ചു. പാർട്ടിയുടെ അഭ്യുദയകാംക്ഷിയായ വിജയ അവശ്യവസ്തുക്കൾ പലവട്ടം നൽകി. സജീവ് കുമാറിന്റെ അഭ്യർത്ഥന പ്രകാരം കൊച്ചിൻ റിഫൈനറി ഓഫീസേഴ്സ് അസോസിയേഷൻ പലവട്ടം ബേസ് ക്യാമ്പിൽ സാധനങ്ങൾ എത്തിച്ചു. എറണാകുളത്തുനിന്നും ഐശ്വര്യ പലപ്പോഴായി വലിയ സഹായങ്ങൾ നൽകി. കുര്യൻ, അവശ്യ സന്ദർഭങ്ങളിലെല്ലാം ഭക്ഷണപ്പൊതികൾ ക്യാമ്പിലെത്തിച്ചു. കോൺട്രാക്ടർ മനോജ് പ്രളയത്തിൽ മുങ്ങിക്കിടന്നിരുന്ന തിരുവാർപ്പ് പ്രദേശത്ത് സ്വന്തം വാഹനവുമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നമ്മോടൊപ്പം പങ്കു ചേർന്നു. കോട്ടയം മെഡിക്കൽ കോളേജിലെ ഡപ്യൂട്ടി സൂപ്രണ്ട് ഡോ. പി.എസ്.രാജേഷ്, നർമ്മദ ടെക്സ്റ്റൈൽസ്, കവിത ടെക്സ്റ്റൈൽസ്, ഹോട്ടൽ ആനന്ദമന്ദിരം, തന്തൂർ റെസ്റ്റോറന്റ്, ഇന്ത്യൻ കോഫീ ഹൗസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പ്രസാദ്, രാജപ്പൻ അറയ്ക്കൽ, ഹമീദ് കൊടിയന്തറ, ഡോ.കൊച്ചുറാണി എബ്രഹാം, ഗിരിജ പ്രസാദ്, കെ.ബീന തുടങ്ങിയ നിരവധി ആളുകളുടെ സഹായം കൊണ്ടും പാർട്ടി കേന്ദ്രക്കമ്മിറ്റിയുടെ ആഹ്വാന പ്രകാരം മറ്റ് സംസ്ഥാനങ്ങളിലെ പാർട്ടി ഘടകങ്ങളുടെ വലിയ പിൻതുണയോടെയുമാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞത്. പൊന്തൻപുഴ-വലിയകാവ് വനസംരക്ഷണ പട്ടയ സമരസമിതിയുടെ നേതൃത്വത്തിൽ ജയിംസ് കണ്ണിമലയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും കോട്ടയം ബേസ് ക്യാമ്പിലും ചങ്ങനാശ്ശേരിയിലും നിരവധി തവണ സഹായവുമായി എത്തി. സമരസമിതിയുടെ നേതൃത്വത്തിൽ തുരുത്തി സെന്റ് മേരീസ് എൽപി സ്കൂളിൽ 1500പേർക്ക് ഓണസദ്യ ഒരുക്കി.

രാഷ്ട്രീയ രംഗത്ത് പാർട്ടി മുന്നോട്ട് വയ്ക്കുന്ന ജനകീയ സമരരാഷ്ട്രീയവും വിട്ടുവീഴ്ചയില്ലാതെ മുറുകെപ്പിടിക്കുന്ന തൊഴിലാളിവർഗ്ഗ നിലപാടുകളും കൊണ്ട് വലിയൊരു വിഭാഗം ആളുകളുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടുവാൻ നമുക്കായിട്ടുണ്ട്. അതിന്റെ ഉത്തമ ഉദാഹരണമാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നാനാതുറകളിൽനിന്ന് കിട്ടിയ സഹായസഹകരണങ്ങൾ.

### കോട്ടയം ജില്ല

കോട്ടയം ജില്ലയിലെ അപ്പർ കുട്ടനാടൻ മേഖലയിലെ പ്രളയബാധിതർക്ക് ആശ്വാസമെത്തിച്ചുകൊണ്ടുള്ള ബഹുവിധ പ്രവർത്തനങ്ങൾ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ നടത്തി. ജില്ലയിലെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിലൊന്നായ തിരുവാർപ്പിൽ മഹാപ്രളയത്തിന് മുൻപുണ്ടായ വെള്ളപ്പൊക്കം മുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. മഹാപ്രളയത്തിൽ വീടുകളും റോഡുകളും മുങ്ങി ആളുകൾ ക്യാമ്പുകളിലേക്ക് എത്തിത്തുടങ്ങിയ ആഗസ്റ്റ് 16-ന് രാത്രിയിൽ ഭക്ഷണം എത്തിച്ചുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. തിരുവാർപ്പ് പഞ്ചായത്തിലെ എല്ലാ ക്യാമ്പുകളിലും സഖാക്കൾ നിരന്തരം സന്ദർശിച്ച് ആവശ്യകതകൾ തിരിച്ചറിഞ്ഞു കൊണ്ട് പ്രവർത്തിച്ചു. ക്യാമ്പുകളിൽ എത്താനാവാതെ വീടുകളിൽ കുടുങ്ങിപ്പോയവരെ സന്ദർശിച്ച് ഭക്ഷ്യധാന്യങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്തു. വേമ്പനാട്ടു കായലിന്റെ നടുക്കുള്ള എറമ്പം തുരുത്തിൽ വള്ളത്തിൽ എത്തി, മെഡിക്കൽ ക്യാമ്പും ഭക്ഷ്യധാന്യ വിതരണവും നടത്തി. റോഡും സ്കൂളും ആശുപത്രിയും എന്തിനേറെ ഒരു കട പോലുമില്ലാതെ എറമ്പത്തും തൊട്ടടുത്ത തുരുത്തുകളിലുമായി 41 കുടുംബങ്ങൾ താമസിക്കുകയാണ്. അവർക്ക് പുറം ലോകവുമായി ബന്ധപ്പെടണമെങ്കിൽ വള്ളം മാത്രമാണ് ആശ്രയം. കുറച്ച് കുടുംബങ്ങൾക്ക് മാത്രമാണ് വള്ളം സ്വന്തമായുള്ളത്. ആരോഗ്യ പ്രശ്നങ്ങൾ വരുമ്പോൾ 12 കിലോമീറ്റർ അകലെയുള്ള കോട്ടയത്ത് എത്തിയാണ് എറമ്പം നിവാസികൾ ചികിത്സ നേടുന്നത്. ഹാർട്ട് അറ്റാക്ക് പോലെ പൊടുന്നനെ അത്യാഹിതം സംഭവിക്കുന്ന അസുഖങ്ങൾ ബാധിച്ച പലരും കൃത്യസമയത്ത് ചികിത്സ കിട്ടാതെ മരിച്ചിട്ടുണ്ട്. ഒരു ഡോക്ടറെങ്കിലുമുള്ള ചെറിയൊരു ക്ലിനിക് എറമ്പത്ത് സ്ഥാപിക്കുവാൻ സർക്കാർ മുൻകൈ എടുക്കണം. വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുകയാണെങ്കിലും കുടിക്കുവാൻ ഒരു തുള്ളി വെള്ളം ഇല്ലായെന്നതാണ് വിരോധാഭാസം.കുടിവെള്ളം വില കൊടുത്ത് വാങ്ങുകയല്ലാതെ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്. പഞ്ചായത്ത് അധികൃതർ എത്രയും വേഗം എറമ്പം നിവാസികൾക്ക് സ്ഥിരമായി കുടിവെള്ളം ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം. വെട്ടിക്കാട്ട്, പുതിയാത്ത്, മീഞ്ചിറ, മാധവശ്ശേരി കോളനി, അംബേദ്കർ കോളനി, താമരശ്ശേരി കോളനി, തട്ടാരക്കാട് ,കേളക്കേരി, വെങ്ങായിക്കാട് പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിഷ്കൃത സമൂഹത്തിനിണങ്ങും വിധം ജീവിക്കുവാനുള്ള സാഹചര്യം ഗവൺമെന്റ് സൃഷ്ടിക്കണം. വെള്ളം ഇറങ്ങിയതിനു ശേഷം പരസഹായമില്ലാത്ത നിർധന കുടുംബങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളും നടത്തി.

ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി തിരുവാർപ്പ് ചാപ്റ്ററും മെഡിക്കൽ സർവ്വീസ് സെൻററും സംയുക്തമായി താമരശ്ശേരി, അംബേദ്കർ കോളനികളിൽ മെഡിക്കൽ സർവ്വേയും ബ്ലീച്ചിംഗ് പൗഡർ വിതരണവും നടത്തി. എലിപ്പനിയ്ക്കുള്ള പ്രതിരോധ മരുന്ന് ഡോക്സി സൈക്ലിൻ ആർക്കും കിട്ടിയിട്ടില്ലായെന്നത് സർവ്വേയിലൂടെ മെഡിക്കൽ സംഘത്തിന് ബോധ്യപ്പെട്ടു. ഉടൻതന്നെ അത് വിതരണം ചെയ്തു. ഡോ.അനിത, ഡോ.ജയലക്ഷ്മി, ബ്രേക്ക് ത്രൂ സംഘാടകരായ എ.എൻ.സുധീഷ്, മാത്യൂ, പി.ആർ. സജിമോൻ, സുമേഷ് കുമാർ, എ.ശ്രീനിവാസൻ തുടങ്ങിയവർ പങ്കെടുത്തു. കുമരകത്ത് നസ്രത്ത്പള്ളിക്ക് സമീപത്തുള്ള രോഗികളായ വൃദ്ധരുടെ വീട്ടിലേക്കുള്ള നടപ്പാലം എസ്‌യുസിഐ സഖാക്കൾ പുനർനിർമ്മിച്ചു. ആ പ്രദേശങ്ങളിലെ വീടുകളിൽ ഭക്ഷ്യ വിതരണവും നടത്തി. തിരുവാർപ്പ് ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ്, സഖാക്കൾ ആശാ രാജ്, കെ.പി. പ്രസാദ്, സുനിൽകുമാർ, സുരേഷ് കുമാർ, ജീനാഥ് ചന്ദ്രൻ, അർച്ചന എം.എസ്, അനൂജ ജീനാഥ്, ഇ.വി. പ്രീതി, എൻ.റ്റി. അവിനേഷ് കുമാർ, രജീഷ്, ചന്ദ്ര ബോസ്, മുരുകൻ, ഷാജൻ, എ.കെ.സോമവല്ലി, ജോയൽ സുനിൽ, അക്സ സുനിൽ, അർച്ചന സുരേഷ്, ആരോമൽ, ദർശന സുരേഷ് തുടങ്ങിയവരും നിരവധി നാട്ടുകാരും പങ്കെടുത്തു.

കോട്ടയം സൗത്ത് ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് എൽപി സ്കൂൾ, ചിങ്ങവനം, ഗവൺമെന്റ് യുപി സ്കൂൾ പള്ളം, പള്ളം സെന്റ് പോൾസ് ഹാൾ, കല്ല് പറമ്പ് പള്ളി ഹാൾ, ചാന്നാനിക്കാട് എൽപി സ്കൂൾ തുടങ്ങിയ നിരവധി ക്യാമ്പുകൾ സന്ദർശിച്ച് ഭക്ഷ്യവസ്തുക്കൾ എത്തിച്ചു. കടുവാക്കുളം പുറമ്പോക്ക് കോളനിയിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുകയും ഡോക്ടറുടെ സേവനം ഉറപ്പാക്കുകയും ചെയ്തു. ലോക്കൽ കമ്മിറ്റി സെക്രട്ടറി എ ജി.അജയകുമാർ, സഖാക്കൾ ബിനോയ് പി. ജോണി, സി.ആർ.രാജേഷ്, എം.ആർ.മണി, സുമിത്ര തുടങ്ങിയവർ നേതൃത്വം നൽകി. കുറവിലങ്ങാട് ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കല്ലറയിലെ എന്തക്കുഴി, കല്ലുപുറം മേഖലകളിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണവും മെഡിക്കൽ ക്യാമ്പും നടത്തി.

കോട്ടയം ടൗൺ ലോക്കൽ കമ്മിറ്റി കുമരകം, തിരുവാർപ്പ് മേഖലകളിൽ നിന്നും ടോറസുകളിൽ ക്യാമ്പുകളിലേക്ക് വന്ന ജനങ്ങളെ സ്വീകരിക്കുകയും നഗരത്തിലെ 9 ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ചെയ്തു. ഈരയിൽ കടവ്, ഗ്രാമീൺചിറ, പുളിനാക്കൽ, പഴയ ബോട്ട് ജെട്ടി പ്രദേശങ്ങളിൽ ഭക്ഷ്യധാന്യ വിതരണം നടത്തി. ലോക്കൽ സെക്രട്ടറി സഖാവ് പി.എൻ. തങ്കച്ചൻ, സഖാക്കൾ സാലി സെബാസ്റ്റ്യൻ, ബെന്നി ദേവസ്യ, ഷീജ മറീന, ലാര്യാ പി., ഡോ.വി.എൻ.രമണി, പ്രതീഷ് ജയിംസ്, റലേഷ് ചന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി.

വെള്ളപ്പൊക്കത്തെത്തുടർന്ന് ചങ്ങനാശ്ശേരിയിലെത്തിച്ചേർന്ന കുട്ടനാട്ടിലെ ജനങ്ങളുടെ സഹായാർത്ഥം പെരുന്നയിലും ബോട്ടുജെട്ടിയിലും ഹെൽപ് ഡെസ്കുകൾക്ക് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് വോളണ്ടിയേഴ്സ് നേതൃത്വം നൽകി. പ്രളയബാധിത പ്രദേശങ്ങളായ മനയ്ക്കച്ചിറ, കോമങ്കേരിച്ചിറ, പൂവം, മാടത്താനിച്ചിറ എന്നീ സ്ഥലങ്ങളിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ വീടുകൾ വൃത്തിയാക്കൽ, പരിസര ശുചീകരണം, കിണറുകൾ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു. മനയ്ക്കച്ചിറ, തവളപ്പാറ, പുതുച്ചിറ തുടങ്ങിയ പ്രദേശങ്ങളിൽ പ്രളയബാധിതർക്ക് അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റ് വിതരണം ചെയ്തു.

വെള്ളപ്പൊക്കത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്കായി മനയ്ക്കച്ചിറ, എടവന്തറ, കോമങ്കരിച്ചിറ, മുളയ്ക്കാംതുരുത്തി, തുരുത്തി എന്നീ സ്ഥലങ്ങളിൽ എ.ഐ.ഡി.എസ്.ഒ പഠനോപകരണവിതരണം നടത്തി. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, മീനാക്ഷി ആർ, മേധ സുരേന്ദ്രനാഥ്, ശാലിനി ജി.എസ്, ആമി തുടങ്ങിയവർ നേതൃത്വം നൽകി.

വെട്ടിത്തുരുത്ത്, പെരുന്ന, പുതുച്ചിറ എന്നിവിടങ്ങൾ ഉൾപ്പെടെ ചങ്ങനാശ്ശേരി നഗരത്തിലെ വിവിധ ക്യാമ്പുകൾ സന്ദർശിച്ച് അവശ്യവസ്തുക്കൾ വിതരണം നടത്തി. പ്രളയാനന്തരമുണ്ടായ ആരോഗ്യപ്രശ്നങ്ങളെ മുൻനിർത്തി മനയ്ക്കച്ചിറ, കോമങ്കരിച്ചിറ, എടവന്തറ തുടങ്ങിയ പ്രദേശങ്ങളിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)ഉം മെഡിക്കൽ സർവ്വീസ് സെന്ററും സംയുക്തമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഡൽഹി മൗലാന ആസാദ് മെഡിക്കൽ കോളജ്, കർണാടകയിലെ ബെല്ലാരി മെഡിക്കൽ കോളജ്, മഹാരാഷ്ട്രയിലെ വാർധ മെഡിക്കൽ കോളജ് എന്നിവിടങ്ങളിൽ നിന്നെത്തിയ ഡോക്ടർമാരുടെ സംഘം ജനങ്ങൾക്ക് നേരിട്ട് വൈദ്യസഹായങ്ങൾ നൽകി

(ശേഷം 8-ാം പേജിൽ)



കോട്ടയത്തെ ബേസ് ക്യാമ്പിലേയ്ക്ക് വിതരണത്തിനുള്ള സാധനങ്ങളുമായി വാഹനങ്ങൾ എത്തുന്നു

# മനുഷ്യസാഹോദര്യത്തിന്റെ ഉദാത്തമാതൃക സൃഷ്ടിച്ച് രക്ഷാപ്രവർത്തനം

*(7-ാം പേജിൽ നിന്ന്)*

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും മദ്യപൻമാർ തടസ്സം സൃഷ്ടിച്ച സാഹചര്യത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ കളക്ടർ പ്രഖ്യാപിച്ച മദ്യനിരോധനത്തെ മറികടന്നുകൊണ്ട് ഷാപ്പുകളും ബാറുകളും തുറന്നതിനെതിരെ കുരിശുംമൂട്ടിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചു.


ചാലക്കുടി


അയിരൂർ


ചാലക്കുടി

തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പ്രളയബാധിതരുടെ വീടും പരിസരവും വൃത്തിയാക്കുന്നു

കോമങ്കേരിചിറയിലെ യാത്രാക്ലേശം പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടും എടവന്തറ, കോമങ്കേരിചിറ, മേപ്രാൽവഴി തിരുവല്ലയ്ക്ക് നിത്യേന ബസ് സർവ്വീസ് ആരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടും ഡിടിഒയ്ക്ക് നിവേദനം സമർപ്പിച്ചു.

## ആലപ്പുഴ ജില്ല

ആലപ്പുഴ ജില്ലയിൽ ഏറ്റവുമധികം നാശനഷ്ടങ്ങളുണ്ടായത് ചെങ്ങന്നൂർ, കുട്ടനാട് മേഖലകളിലാണ്. ചെങ്ങന്നൂരിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രധാനമായും മുളക്കുഴയിൽ ആഗസ്റ്റ് 23 ന് ആരംഭിച്ച ക്യാമ്പ് കേന്ദ്രീകരിച്ചാണ് നടന്നത്. വമ്പിച്ച ബഹുജന പിന്തുണയോടെയാണ് മുളക്കുഴ ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്. മാർത്തോമ പള്ളിയിലെ ഫാദർ അലക്സാണ്ടർ തോമസും യുവജനസംഘവും എല്ലാ സഹായങ്ങളും നൽകി. മെഡിക്കൽ ടീം ഉൾപ്പെടെയുള്ളവർക്ക് താമസിക്കുവാൻ വീടും സാങ്കേതിക സഹായങ്ങളും നൽകി നിർലോഭമായി അവർ പിന്തുണച്ചു. സമീപവാസികളായ ജനങ്ങൾ വാളണ്ടിയർമാരെ സഹായിക്കാൻ കുടുംബാംഗങ്ങളെപ്പോലെ 24 മണിക്കൂറും പ്രവർത്തിച്ചത് ആദരപൂർവ്വം ഓർക്കുന്നു.


മുളക്കുഴ മാർത്തോമ പള്ളിയിലെ പാരീഷ് ഹാളിൽ നടന്ന ജനകീയ സംഗമത്തിൽ ഫാദർ അലക്സാണ്ടർ തോമസ് അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

തിരുവനന്തപുരം, കോട്ടയം എഞ്ചിനിയറിംഗ് കോളേജുകളിലെ നിരവധി വിദ്യാർത്ഥികളും അധ്യാപകരും കർണ്ണാടകയിലെ ധാർവാഡ് ജില്ലയിൽ നിന്ന് വന്ന എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സഖാക്കളും തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സഖാക്കളും മഹാരാഷ്ട്രയിലെ വാർധ മെഡിക്കൽ കോളേജിലെ അഞ്ച് ഡോക്ടർമാരടങ്ങിയ സംഘവും ചെങ്ങന്നൂരിലെ പാർട്ടി സഖാക്കളുമാണ് മുളക്കുഴയിലെ പ്രവർത്തനങ്ങളിൽ പങ്കെടുത്തത്. ഏകദേശം നൂറോളം പേർ പ്രവർത്തനങ്ങളിൽ സഹകരിക്കുകയുണ്ടായി. ചെങ്ങന്നൂരിലെ വിവിധ പ്രളയബാധിതമേഖലകളിലായി 16 വീടുകൾ വൃത്തിയാക്കാൻ വാളണ്ടിയർമാർക്ക് കഴിഞ്ഞു. കൂടാതെ ഒരു ഹയർസെക്കണ്ടറി സ്കൂളും. ആ പ്രവർത്തനങ്ങളിൽ വോളണ്ടിയർമാർ വഹിച്ച പങ്ക് ഏവരെയും ആത്ഭുതപ്പെടുത്തുന്നതായിരുന്നു. വിശേഷിച്ചും കർണ്ണാടകയിൽ നിന്ന് വന്ന സഖാക്കൾ അഭിനന്ദനം അർഹിക്കുന്നു. ഏവരും, സമർപ്പിതരായി ഒറ്റമനസ്സോടെ ക്ലീനിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

ഡോ.ഹരിപ്രസാദിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സർവ്വീസ് സെന്റർ നടത്തിയ പ്രവർത്തനങ്ങളും പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. മഹാരാഷ്ട്രയിൽ നിന്ന് വന്ന ഡോ.ജാനകി, ഡോ.ഇഷിർ, ഡോ.അനന്തു, ഡോ്.അബ്ദുൾ വഹാബ്, ഡോ.പങ്കജ് തുടങ്ങിയ അഞ്ച് ഡോക്ടർമാരും കൊൽക്കത്തയിൽ നിന്ന് വന്ന ഡോ.അംശുമാൻ മിത്രയും ഡോ.നിഖിലയും ചേർന്ന് 4 മെഡിക്കൽ ക്യാമ്പുകൾ ചെങ്ങന്നൂർ മേഖലയിൽ മാത്രം നടത്തി. പ്രളയബാധിതരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അവർ പ്രത്യേകം തയ്യാറാക്കിയ പഠനറിപ്പോർട്ടും വിലപ്പെട്ടതാണ്. 30-ാം തീയതി രാവിലെ ചെങ്ങന്നൂർ പ്രസ്സ് ക്ലബിൽ വെച്ച് നടത്തിയ പത്രസമ്മേളനത്തിൽ റിപ്പോർട്ട് പുറത്തുവിട്ടു. ജനങ്ങൾക്ക് ശുദ്ധജലവും പ്രതിരോധ മരുന്നും എത്രയും വേഗം ലഭ്യമാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുമെന്ന് അവർ മുന്നറിയിപ്പ് നൽകി.

30-ാംതീയതി മൂന്ന് മണിക്ക് പ്രളയബാധിതരെ സഹായിക്കാനായി നടന്ന ജീവൻ രക്ഷാ ദൗത്യത്തിലും തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സഹകരിച്ച വോളണ്ടിയർമാരും ബഹുജനപ്രവർത്തകരും പാർട്ടി പ്രവർത്തകരും ചേർന്ന് മുളക്കുഴ മാർത്തോമ പള്ളിയിലെ പാരീഷ് ഹാളിൽ സംഗമം സംഘടിപ്പിക്കുകയുണ്ടായി. അനുഭവങ്ങൾ പങ്കുവെയ്ക്കൽ സംഗമത്തിൽ നൂറിലേറേ പേർ പങ്കെടുത്തു. റവറന്റ് ഫാദർ അലക്സാണ്ടർ തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംഗമത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ സ്വാഗതം പറഞ്ഞു. ഡോ.അലക്സാണ്ടർ കോശി, ജനകീയ പ്രതിരോധ സമിതിയുടെ മുതിർന്ന നേതാക്കന്മാരായ ഡോ.വി വേണുഗോപാൽ, ആലാവാസുദേവൻ പിള്ള, ജെയ്സൺ ജോസഫ്, അഡ്വ.മാത്യൂ വേളങ്ങാടൻ, അഡ്വ. ഒ ഹാരീസ്, ബി.ദീലിപൻ, ഷൈല കെ ജോൺ, പാർത്ഥസാരഥി വർമ്മ എന്നിവരും മെഡിക്കൽ സർവ്വീസ് സെന്ററിന്റെ പ്രസിഡന്റ് ഡോ.ഹരിപ്രസാദ്, റ്റി.റ്റി.രാജൻ ചെങ്ങന്നൂർ, റ്റി.യോഹന്നാൻ, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ലോക്കൽ സെക്രട്ടറി റ്റി.കോശി, പ്രളയബാധിതരായ രതീഷ്, അജയ്, കെ.ബിമൽജി, റ്റി.കെ.ഗോപിനാഥൻ, വി.ഡി. സന്തോഷ്, കൗൺസിലർ കെ.ഷിബുരാജൻ, മഹേഷ് എന്നിവരും വാർധ മെഡിക്കൽ കോളേജിലെ ഡോ.അനന്തു, വഹാബ്, കോട്ടയം ബീലിവേഴ്സ് ഹോസ്പിറ്റലിലെ ഡോ. അഖിൽ എന്നിവരും സംസാരിച്ചു.

ജനങ്ങളുടെ ദുരിതം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സർക്കാർ അടിയന്തര ധനസഹായം ദുരിതബാധിതർക്ക് നൽകാൻ നടപടിയെടുക്കണമെന്ന് ഫാദർ അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. അതിനായി ദുരിതബാധിതർ ശബ്ദമുയർത്തണം- അദ്ദേഹം പറഞ്ഞു.

വറ്റിവരണ്ടുപോകാത്ത, മനുഷ്യസ്നേഹത്തിന്റെ ഉദാത്ത ഭാവപ്രകടനങ്ങളാണ് പ്രളയമേഖലകളിലെവിടെയും നമുക്ക് കാണാൻ കഴിയുന്നതെന്ന് എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് പറഞ്ഞു. ജാതിക്കും മതത്തിനും കക്ഷിരാഷ്ട്രീയത്തിനും അതീതമായി മനുഷ്യർ ഒറ്റക്കെട്ടായി പ്രവർത്തിച്ച ആ മഹത്തായ ദിനങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് മുന്നേറാൻ സന്നദ്ധരായാൽ കൊടിയ ദുരിതങ്ങൾക്കറുതിവരുത്തുവാൻ നമുക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

പ്രളയദുരിതബാധിതരുടെ പ്രശ്നങ്ങൾ മുൻനിർത്തിക്കൊണ്ടുള്ള പ്രക്ഷോഭങ്ങൾക്ക് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി നേതൃത്വം നൽകണമെന്ന് അഡ്വ. മാത്യൂ വേളങ്ങാടൻ സമാപനപ്രസംഗത്തിൽ പറഞ്ഞു.

പാണ്ടനാട്, പരുമലക്കടവ്, മാവേലിക്കര മേഖലകളിൽ അതിവിപുലമായ പ്രവർത്തനങ്ങൾ നടന്നു.

പ്രളയദിനങ്ങളിൽ ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ അനേകം ചെറുപ്പക്കാരോടൊപ്പം എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സഖാക്കളും സാഹസികമായി പ്രവർത്തിക്കുകയുണ്ടായി. സഖാക്കൾ പ്രവീൺ, കൊച്ചുമോൻ, സത്യൻ, കെ.ബിമൽജി തുടങ്ങിയ നിരവധിപേർ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. നൂറുകണക്കിന് പേരെയാണ് അവർ രക്ഷപ്പെടുത്തിയത്. ചെന്നിത്തല, മാന്നാർ, കടപ്ര, നിരണം പഞ്ചായത്തുകളിലെ 25 ലേറേ ക്യാമ്പുകളിൽ സഖാക്കൾ നേരിട്ടു ചെന്നാണ് സഹായങ്ങൾ നൽകിയത്. സഖാക്കൾ പാർത്ഥസാരഥി വർമ്മ, കെ.ബിമൽജി, വേണുഗോപാൽ വി., ഭുവനേശ്വരൻ, ജി.പ്രദീപ്, സുമിത് തുടങ്ങിയവർ ഇതിൽ പങ്കെടുത്തു. ഈ ക്യാമ്പുകളിൽ ഭക്ഷണപ്പൊതി, വസ്ത്രങ്ങൾ, മരുന്നുകൾ, പായകൾ, കുടിവെള്ളപായ്ക്കറ്റുകൾ തുടങ്ങിയവ ജനങ്ങൾക്ക് എത്തിച്ചുകൊടുത്തു. നിരന്തരം ക്യാമ്പുകളുമായി ബന്ധം സഖാക്കൾ പുലർത്തിയിരുന്നു. അവിടുത്തെ പ്രശ്നങ്ങൾ സമയോചിതം അധികാരികളെ അറിയിക്കുകയും ഇടപെടുകയും ചെയ്തു. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാം മെഡിക്കൽ സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. വർധ മെഡിക്കൽ കോളേജിലെ ടീമിനൊപ്പം എസ്.മിനി, എം.കെ.ഷഹസാദ്, ആർ.അപർണ്ണ എന്നിവരും വോളണ്ടിയർമാരായി പ്രവർത്തിക്കുകയുണ്ടായി.

ദുരിതം ഏറ്റവും കുടൂതൽ അനുഭവിച്ച പാണ്ടനാട് മേഖലയിലെ 4000 ത്തോളം ആളുകൾ താമസിച്ച പ്രധാന ക്യാമ്പായ പരുമല ദേവസ്വം ബോർഡ് ഹയർസെക്കണ്ടറി സ്കൂളിൽ കർണ്ണാടകയിൽ നിന്ന് വന്ന സഖാക്കളുടെ സഹായത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിയത്. ഈ പ്രവർത്തനങ്ങളിൽ ആർ.രാഹുൽ, ജയകൃഷ്ണൻ, കെ.കുഞ്ഞുമോൻ, ജി.സതീശൻ, ശിവപ്രസാദ്, എസ്.ഡി.ശ്രീലാൽ, കെ.സജികുമാർ, ആർ.രാജേഷ്, എസ്.ബി.ആദർശ്, ഗോവിന്ദ് ശശി, ബി.എസ്.എമിൽ, കെ.പ്രവീൺ, നവീൻ കോശി എന്നിവർ പങ്കെടുത്തു. തുടർന്ന് 4 ദിവസങ്ങളിലായി 25-ഓളം വീടുകൾ വൃത്തിയാക്കി. ഈ മേഖലയിലെ വീടുകളെല്ലാം തകർന്ന നിലയിലാണ്.

കൂടാതെ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകളുടെ വിതരണവും നടത്തി. ഒരു കോളനിയിലേയ്ക്കുള്ള 500 മീറ്റർ റോഡ് ക്ലീൻ ചെയ്തു. കടപ്ര പഞ്ചായത്തിലെ തേവേരി മേഖലയിൽ 10 വീടുകൾ ശുചീകരിച്ചു. ഇതിൽ കോയ്ച്ചിറ കോളനിയും ഉൾപ്പെടും. ഈ പ്രവർത്തനങ്ങളിൽ സഖാക്കൾ കെ.കെ.ഓമനക്കുട്ടൻ, കെ.ബിമൽജി, വി.വേണുഗോപാൽ, പി.പി.പ്രശാന്ത്കുമാർ, രമേശ് റ്റി.പരശുറാം(കർണ്ണാടക), ശശികുമാർ, ആർ.പ്രവീൺ, പി.ആർ.സതീശൻ, ഷാനവാസ്, മഹേഷ്, ഫിലിപ്പ്, കെ.സത്യൻ, ഒ.കെ.പ്രകാശ്, കൊച്ചുമോൻ, എൻ.കെ.ചന്ദ്രബോസ്, ഒ.കെ.പ്രസാദ് എന്നിവർ പങ്കെടുത്തു.

കുട്ടനാട്ടിൽ വിപുലമായ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നടന്നത്. പമ്പാ ഡാം തുറന്നുവിട്ടത് അറിഞ്ഞ സമയം മുതൽ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകുമെന്നുള്ള മുന്നറിയിപ്പുകൾ സഖാക്കൾക്കും നാട്ടുകാർക്കും നമ്മുടെ പ്രവർത്തകർ നൽകി. വെള്ളം ഉയർന്നപ്പോൾ പല സ്ഥലങ്ങളും വെള്ളത്തിനടിയിലായതിനാൽ വൈദ്യുതിബന്ധവും ഫോൺബന്ധവും തകരാറിലായി. ആദ്യമുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനം നടന്നുവരുമ്പോഴാണ് കേരളത്തെ നടുക്കിയ മഹാപ്രളയമുണ്ടാകുന്നത്. പാർട്ടി സെന്ററിൽ തയ്യാറാക്കി വച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുൾപ്പെടെയുള്ള ദുരിതാശ്വാസ സാമഗ്രികൾ ഒന്നാകെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഒന്നര ലക്ഷത്തിലധികം ജനങ്ങൾ ഒന്നടങ്കം ജീവനുംകൊണ്ട് രക്ഷപ്പെടുകയായിരുന്നു. അതിൽ രോഗികളും പ്രായമായവരും കുഞ്ഞുങ്ങളുമൊക്കെയുണ്ട്. കഴുത്തോളം വെള്ളത്തിൽ നീന്തിയാണ് പലരും എസി റോഡിൽ എത്തിയത്. നീന്തലറിയാത്തവർ പത്ത് മണിക്കൂറിലധികം ബോട്ടിനും വള്ളത്തിനും വേണ്ടി കാത്തുനിന്നു.

കുടുങ്ങിക്കിടക്കുന്നവരെ രക്ഷ

*(ശേഷം 9-ാം പേജിൽ)*

# പ്രളയബാധിതമേഖലകളിലുടനീളം മെഡിക്കൽ ക്യാമ്പുകൾ








**ചെങ്ങന്നൂർ, കുട്ടനാട്, തിരുവല്ല മേഖലകളിലെ മെഡിക്കൽ ക്യാമ്പുകൾ**

*(8-ാം പേജിൽ നിന്ന്)*

പ്പെടുത്താൻ നമ്മുടെ സഖാക്കൾ അശ്രാന്തപരിശ്രമത്തിൽ ഏർപ്പെട്ടു. വെള്ളപ്പൊക്കം മുൻകൂട്ടിക്കണ്ട് സഖാക്കൾ ബിജു സേവ്യർ, കുഞ്ഞുമോൻ, ശശി എന്നവരുടെ നേതൃത്വത്തിൽ മെഗാഫോണിൽ അനൗൺസ്മെന്റ് നടത്തി ജനങ്ങൾക്ക് മുന്നറിയിപ്പുനൽകി. നൂറുകണക്കിന് ജനങ്ങളെ രാമങ്കരിയിലെയും മാമ്പുഴക്കരിയിലെയും രണ്ടുനില ഹാളിൽ എത്തിക്കുകയും അവിടെനിന്ന് ചങ്ങനാശ്ശേരിയിലും ആലപ്പുഴയിലും ബോട്ടിലും ടോറസ്സിലും എത്തിക്കാൻവേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു. വേഴപ്രയിലെ ഉൾപ്രദേശങ്ങളിൽനിന്നും നൂറുകണക്കിന് ജനങ്ങളെ ചെറിയ വള്ളത്തിൽ കയറ്റി രക്ഷപ്പെടുത്താൻ സഖാവ് കുഞ്ഞുമോന്റെ നേതൃത്വത്തിൽ ക്യാമ്പിലുണ്ടായിരുന്ന യുവാക്കൾ നടത്തിയ പരിശ്രമം എടുത്തു പറയണ്ടതാണ്. ഭക്ഷണവും ഉറക്കവുമില്ലാതെ നടത്തിയ പ്രവർത്തനങ്ങൾക്ക് ഒടുവിൽ ഇവരും ചങ്ങനാശ്ശേരിയിലെ ക്യാമ്പിൽ എത്തിച്ചേർന്നു.

ചങ്ങനാശ്ശേരിയിലെ സഖാക്കൾ കുട്ടനാടുനിന്ന് എത്തിയ ആയിരക്കണക്കിന് ആളുകളെ ഹൃദയപൂർവ്വം സ്വീകരിച്ച് വിവിധ ക്യാമ്പുകളിൽ എത്തിച്ചു. കുട്ടനാടിന്റെ വിവിധ സ്ഥലങ്ങളിൽ കുടുങ്ങിക്കിടന്നവരെ രക്ഷിക്കാൻ മത്സ്യത്തൊഴിലാളികളുടെ വള്ളത്തിൽ പി.ആർ.സതീശൻ, പി.കെ.ശശി, ബിജു സേവ്യർ, സുബാഷ് തുടങ്ങിയ സഖാക്കൾ വഴികാട്ടിയായി പോയി. കാണാതായ നിരവധി പേരുടെ വിവരങ്ങൾ അധികാരികളെ അറിയിച്ച് അന്വേഷണം നടത്തുവാൻ ഊർജ്ജിതശ്രമം നടത്തി. പലക്യാമ്പുകളിലായി ഒറ്റപ്പെട്ട് പോയവരെ പരസ്പരം ബന്ധപ്പെടുത്തുവാനും കഴിഞ്ഞു. നന്ദനൻ വലിയപറമ്പ്, അനിൽ, മിനി, സജിമോൻ, തുടങ്ങിയവരും രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി. ടി.ശശി, അനീഷ്, കെ.പി.മനോഹരൻ, വിനോദ്, രമണൻ, എൻ.കെ.ശശികുമാർ, കെ.പ്രതാപൻ എന്നിവരും വിവിധ ക്യാമ്പുകൾ സന്ദർശിച്ച് വേണ്ട സഹായങ്ങൾ എത്തിച്ചു.

ക്യാമ്പിൽ പോവാൻ കഴിയാതെ കുടുങ്ങിപ്പോയ എടത്വയിലുള്ള സഖാവ് ഷിൽജുവും ഭാര്യയും മൂന്ന് കുഞ്ഞുങ്ങളും രോഗിയായ അമ്മയും ഹെലികോപ്ടറിൽനിന്ന് താഴേക്കിട്ട ബിസ്കറ്റ് കഴിച്ച് അഞ്ചുദിവസം കഴിഞ്ഞുകൂടി. സഖാക്കളുടെ സാന്ത്വന വാക്കുകളും സഹായഹസ്തങ്ങളും കൊടിയ ദുരിതത്തിൽപ്പെട്ട ജനങ്ങൾക്ക് വലിയ ആശ്വാസമായി.

തുടർന്ന് നീരേറ്റുപുറം, രാമങ്കരി, മാമ്പുഴക്കരി, വേഴപ്ര, കാവാലം, വെളിയനാട്, ചമ്പക്കുളം, അമിച്ചകരി, വടക്കൻ വെളിയനാട്, കൈനടി, തുടങ്ങിയ നിരവധി പ്രദേശങ്ങളിൽ പാർട്ടി വോളന്റിയർമാരുടെ നേതൃത്വത്തിൽ നടന്ന വീട് വൃത്തിയാക്കൽ ജനങ്ങളെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സഹായകമായി. നീരേറ്റുപുറം ടിഎംടി സ്കൂൾ വൃത്തിയാക്കുവാൻ നടത്തിയ കഠിനയത്നം പ്രദേശവാസികളുടെയാകെ പ്രശംസ പിടിച്ചുപറ്റി. ഹെഡ്മാസ്റ്ററും അദ്ധ്യാപകരുമെല്ലാം നമ്മോടൊപ്പം പ്രയത്നിച്ചു. നീരേറ്റുപുറത്ത് വോളന്റിയർമാർക്ക് ക്യാമ്പ് ചെയ്യാൻ സൗജന്യമായി ആഡിറ്റോറിയം ലഭിക്കുകയുണ്ടായി. ചമ്പക്കുളത്ത് മഡോണ ട്രസ്റ്റിന്റെ ഇരുനിലക്കെട്ടിടവും നമുക്ക് ക്യാമ്പ് ചെയ്യാൻ വിട്ടുതന്നു. ചമ്പക്കുളം ഗവ.ആശുപത്രിയിലും ശുചീകരണപ്രവർത്തനം നടത്തി. ബാബു, ഉഷ, തങ്കമ്മ തുടങ്ങിയർ സഹായങ്ങൾ നൽകി. ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി വോളന്റിയർമാരുടെ സഹായത്തോടെ ഇലക്ട്രിക് വയറിംഗ്, മോട്ടോർ റിപ്പയറിംഗ് എന്നിവയും ചെയ്തു. ജനങ്ങൾക്കിടയിൽ വ്യാപകമായ മതിപ്പുളവാക്കാൻ മറ്റുസംസ്ഥാനങ്ങളിൽനിന്നു വന്ന സഖാക്കളുൾപ്പെടെ നടത്തിയ നമ്മുടെ പ്രവർത്തനങ്ങൾക്കായി.

## പത്തനംതിട്ട ജില്ല

പത്തനംതിട്ട ജില്ലയിലെ വിവിധ മേഖലകളിൽ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ക്യാമ്പുകളിൽ എത്തിച്ചേരാൻ കഴിയാതെ ഒറ്റപ്പെട്ടുപോയവർക്ക് ഭക്ഷണവും വസ്ത്രങ്ങളും എത്തിച്ചു. ആറന്മുള, അയിരൂർ, പുല്ലാട്, തിരുവല്ല, മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തിരുവല്ല താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും, മെഡിക്കൽ സംഘത്തിന്റെ ഭവനസന്ദർശനവും നടന്നു. വൈദ്യുതി തകരാർ സംഭവിച്ച വീടുകളിൽ ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പരിശോധന നടത്തി തകരാറുകൾ പരിഹരിച്ചു. ക്യാമ്പുകളിൽനിന്നും തിരികെ വീട്ടിലെത്തിയവർക്ക് സർക്കാർ ധനസഹായം ലഭിക്കാതിരുന്നതിനെത്തുടർന്ന് ഉണ്ടായ ഭക്ഷണ, വസ്ത്ര ദൗർലഭ്യം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. സഖാക്കൾ എസ്.രാജീവൻ, എസ്.രാധാമണി, ബിനു ബേബി, ബിജിരാജ്, നിത്യമോൾ, രതീഷ് രാമകൃഷ്ണൻ, ജതിൻ രാജീവൻ, കെ.സന്തോഷ് തുടങ്ങിയവർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ഇടുക്കി ജില്ല

ഇടുക്കി ജില്ലയിലും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ദുരിതബാധിതരോടൊപ്പം നിലകൊണ്ടു. ജില്ലയിൽ വ്യാപകമായി നൂറുകണക്കിന് ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി. താഴ്ന്ന പ്രദേശങ്ങളിലും പെരിയാർ തീരത്തും മൂന്നാറിലും വെള്ളപ്പൊക്കവും അതുമൂലമുള്ള നാശനഷ്ടങ്ങളും ഉണ്ടായി. ആദ്യദിവസങ്ങളിൽ പാർട്ടി പ്രവർത്തകർ തൊടുപുഴ താലൂക്കിൽ വിവിധ ക്യാമ്പുകൾ സന്ദർശിക്കുകയും സാദ്ധ്യമായ സന്നദ്ധ-സഹായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തുടർന്ന് ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം ഏറെ നാശനഷ്ടമുണ്ടായ ചെറുതോണി, കരിമ്പൻ, മുരിക്കാശ്ശേരി, ഇരട്ടയാർ, ഇടുക്കി, കഞ്ഞിക്കുഴി, കട്ടപ്പന, വണ്ണപ്പുറം, വെള്ളിയാമറ്റം തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിക്കുകയും വീടും കൃഷിയും കൃഷിസ്ഥലവും സർവ്വതും നഷ്ടപ്പെട്ടവരെ ആശ്വസിപ്പിക്കുകയും ജീവിതം തിരിച്ചുപിടിക്കുതിനുള്ള തുടർപ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു. കോട്ടയം കേന്ദ്രീകരിച്ചുനടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സഖാക്കൾ പങ്കാളികളായി.

## എറണാകുളം ജില്ല

പ്രളയദുരിതത്തിൽപ്പെട്ട് കെടുതിയിലായ ആലുവ, കാലടി, പറവൂർ തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചാണ് ജില്ലയിലെ പ്രവർത്തനങ്ങൾ നടന്നത്. കേരളത്തിന്റെ പ്രധാന വ്യാവസായിക-സാമ്പത്തിക മേഖലയും വൻകിട ജനവാസപ്രദേശങ്ങളുമടങ്ങുന്ന പെരിയാർ നദിയുടെ 7 കിലോമീറ്റർ ചുറ്റളവിലെ പ്രദേശങ്ങളിൽ കൊടുംദുരിതങ്ങളും വൻനാശനഷ്ടവും വിതച്ചാണ് പ്രളയം കടന്നുപോയിരിക്കുന്നത്. താഴ്ന്നപ്രദേശങ്ങളിലെല്ലാം വെള്ളം കയറി. കൃത്യമായ അറിയിപ്പുകളുടെ അഭാവത്തിൽ മുൻകൂട്ടി തയ്യാറെടുപ്പ് നടത്താൻ കഴിയാത്തതുമൂലം നദിയിൽ നിന്ന് താരതമ്യേന അകന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കും അപ്രതീക്ഷിതമായ നാശനഷ്ടങ്ങൾ ഉണ്ടായി.

ആലുവ, കാലടി, അങ്കമാലി, മൂത്തകുന്നം മേഖലയിലെ മിക്കവാറും സഖാക്കളുടെയും അനുഭാവികളുടെയും വീടുകൾ ആഗസ്റ്റ് 15 ന് തന്നെ വെള്ളത്തിനടിയിലായി. എന്നിരുന്നാലും പ്രളയപ്രദേശങ്ങളിൽ സാഹചര്യാനുസരണം രക്ഷാപ്രവർത്തനങ്ങളിലും ദുരന്തനിവാരണപ്രവർത്തനങ്ങളിലും ഉയർന്ന കാര്യശേഷി പ്രദർശിപ്പിച്ചുകൊണ്ട് അവരും ഇടപെട്ടു. കളമശ്ശേരിക്ക് വടക്കോട്ടും ചാലക്കുടിക്ക് തെക്കോട്ടും ആഗസ്റ്റ് 20 വരെ പ്രളയജലം മൂലം പൂർണ്ണമായും ഒറ്റപ്പെട്ട നിരവധി തുരുത്തുകൾ സൃഷ്ടിക്കപ്പെട്ടു. നിരവധി പാലങ്ങളും വെള്ളത്തിനടിയിലായി. വൈദ്യുതി, വാർത്താവിനിമയ, റെയിൽ-റോഡ് ഗതാഗത സൗകര്യങ്ങളില്ലാതായതോടെ ഇത്തരം തുരുത്തുകളിലും വീടുകളുടെ മുകളിലും മറ്റും ഒറ്റപ്പെട്ട പതിനായിരക്കണക്കിന് ജനങ്ങൾ ഭക്ഷണവും കുടിവെള്ളവും മരുന്നും ലഭിക്കാതെ പ്രതിസന്ധിയിലായി. അഭൂതപൂർവ്വമായ ഉൾക്കരുത്തോടെ, പ്രതിസന്ധിവേളയിൽ ഉയർന്ന കരുത്തോടെ പ്രവർത്തിച്ച ആയിരക്കണക്കിന് മനുഷ്യസ്നേഹികൾ, വിശേഷിച്ച് ചെറുപ്പക്കാരും തീരദേശങ്ങളിൽനിന്ന് രക്ഷാപ്രവർത്തനത്തിനെത്തിയ മത്സ്യത്തൊഴിലാളികളും നമ്മുടെ സഖാക്കളും ജീവാപായത്തിന്റെ അളവ് കുറച്ചു. വൈകിയുണർന്ന് വൈകി പ്രവർത്തിച്ചുതുടങ്ങിയ സർക്കാർ സംവിധാനങ്ങൾ രംഗത്തെത്തുമ്പോഴേയ്ക്കും നിരവധിയായ ദുരിതാശ്വാസക്യാമ്പുകൾ നാടെമ്പാടും അഭയാർത്ഥികളാൽ നിറഞ്ഞിരുന്നു. ഭക്ഷണവും വസ്ത്രവും ആശ്വാസവുമായി നിരവധി സംഘടനകളും വ്യക്തികളും സങ്കുചിത കക്ഷിരാഷ്ട്രീയ-ജാതി-മത-പരിഗണനകളേതുമില്ലാതെ രംഗത്തെത്തിയതോടെ കേരളം എല്ലാ നന്മകളോടെയും പൂർണ്ണശോഭയോടെ തലയുയർത്തുന്നതാണ് പിന്നീട് കണ്ടത്.

നിരവധി മേഖലകളിൽനിന്ന് ഉയർന്ന സഹായാഭ്യർത്ഥനകളെ ജില്ലാ ഭരണകൂടത്തിനും രക്ഷാപ്രവർത്തനത്തിലേർപ്പെടുന്ന സൈനിക ഉദ്യോഗസ്ഥർക്കും മുന്നിലെത്തിച്ചും ഒറ്റപ്പെട്ട പ്രദേശങ്ങളിലെ സഖാക്കൾക്ക് പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ആഗസ്റ്റ് 15 മുതൽ പാർട്ടി ജില്ലാകമ്മിറ്റിയും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ട സബ്കമ്മിറ്റികളും കോ-ഓർഡിനേഷൻ കമ്മിറ്റിയും സജീവമായി നിലകൊണ്ടു.

ആഗസ്റ്റ് 20 ന് വെള്ളം ഇറങ്ങിത്തുടങ്ങിയതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ സഹായമെത്തിക്കാനും വീടുകളും പരിസരങ്ങളും ശുചീകരിക്കാനും മെഡിക്കൽ സഹായമെത്തിക്കാനും മെഡിക്കൽ സർവ്വീസ് സെന്റർ, തൃപ്പൂണിത്തുറ ചൈൽഡ്, റിഫൈനറി ഓഫീസേഴ്സിന്റെയും ജീവനക്കാരുടെയും സംഘടനകൾ, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി, ജനകീയ പ്രതിരോധ സമിതി എന്നിവരുടെ സഹായത്തോടെയും സഹകരണത്തോടെയും നമുക്കായി.

ആലുവ മേഖലയിലെ പാനായിക്കുളം, വെസ്റ്റ് കൊടുങ്ങല്ലൂർ, വെളിയത്തുനാട്, കരുമാലൂർ പരുവക്കാട്, കീഴ്മാട്, നൊച്ചിമ, അങ്കമാലി മേഖലയിലെ പുളിയനം, പവിഴപ്പൊങ്ങ്, യൂദാപുരം, കാലടി മേഖലയിലെ കൊറ്റമം, പറവൂർ മേഖലയിലെ കരിംപാടം, മൂത്തകുന്നം കൊട്ടുവള്ളിക്കാട്, ചെറിയ പഴംപുള്ളിത്തുരുത്ത് എന്നീ പ്രദേശങ്ങളിൽ ആഗസ്റ്റ് 21 മുതൽ സെപ്തംബർ 3-ാം തീയതിവരെ നടത്തപ്പെട്ട ശുചീകരണപ്രവർത്തനത്തിലും മെഡിക്കൽ ക്യാമ്പുകളിലും ക്ലോറിനേഷൻ പ്രവർത്തനങ്ങളിലും മുഴുവൻ സഖാക്കളും അനുഭാവികളും സുഹൃത്തുകളും പങ്കുചേർന്നു. നമ്മുടെ പ്രവർത്തനങ്ങളിൽ മതിപ്പുതോന്നിയ പോലീസ് ഉദ്യോഗസ്ഥർപോലും തങ്ങളുടെ അവധിദിവസങ്ങളിൽ ക്ലീനിംഗ് പ്രവർത്തനങ്ങളിൽ പങ്കുചേരാനായെത്തിയത് തികച്ചും പുതിയ അനുഭവമായിരുന്നു. തിരുവോണദിവസം പാനായിക്കുളത്ത് ദുരിതബാധിതർക്കൊപ്പം ക്ലീനിംഗ് പ്രവർത്തനങ്ങളിലേർപ്പെട്ട സഖാക്കൾ അവർക്കൊപ്പം ഭക്ഷണം കഴിച്ച് ചെലവഴിച്ചതും ശ്രദ്ധേയമായി.

കർണ്ണാടക, തമിഴ്നാട്, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്ന് ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മെഡിക്കൽ വിദ്യാർത്ഥികൾ എന്നിവരും വോളന്റിയർമാരും സഖാക്കളും എറണാകുളം, മുളന്തുരുത്തി പാർട്ടി സെന്ററുകളിൽ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഭക്ഷണസാമഗ്രികളുടെ പാക്കറ്റുകളുടെ വിതരണം, നൂറിലേറെ വീടുകളുടെ ശുചീകരണം, നൂറുകണക്കിന് വീടുകളുടെ ക്ലോറിനേഷൻ, 4 മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യപ്രവർത്തകരുടെ വീടുസന്ദർശനവും പ്രതിരോധ മരുന്നുകളുടെ വിതരണവും എയിഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണവിതരണം എന്നിവ ഈ മേഖലകളിൽ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു.

ജില്ലയുടെ വടക്കൻമേഖലയിലെ പാർട്ടി കമ്മിറ്റികൾ അവരവരുടെ പ്രദേശങ്ങളിൽ പ്രളയബാധിതർക്കായി ആരംഭിച്ച ദുരിതാശ്വാസക്യാമ്പു

*(ശേഷം 10-ാം പേജിൽ)*

# പ്രളയബാധിതരെ സർക്കാർ സമരത്തിലേയ്ക്ക് തള്ളിവിടരുത്

*(7-ാം പേജിൽ നിന്ന്)*

കളിലെത്തുകയും ആവശ്യമായ സാധനസാമഗ്രികളും ഭക്ഷണവും വെള്ളവുമെത്തിക്കാനുള്ള സംവിധാനമൊരുക്കുകയും ചെയ്ത് തങ്ങളാൽ കഴിയുന്നത്ര സജീവമായി പ്രവർത്തിച്ചു. മൂവാറ്റുപുഴയാർ കരകവിഞ്ഞതോടെ ആറിന്റെ തീരപ്രദേശങ്ങളിൽ നിന്ന് ഒഴിപ്പിക്കപ്പെട്ട ജനങ്ങൾക്കും തങ്ങളാൽ കഴിയുന്ന സഹായം ഉറപ്പാക്കാൻ സഖാക്കൾ രാപകൽ യത്നിച്ചു.

സെപ്റ്റംബർ 1ന് ആമ്പല്ലൂർ ലോക്കൽ കമ്മിറ്റി മേഖലയായ കീച്ചേരി പൊയ്യാറ്റിത്താഴത്തും മാമ്പുഴയിലും മെഡിക്കൽ ക്യാമ്പുനടത്തി. പൊയ്യാറ്റിത്താഴത്ത് ഉദ്ഘാടന സമ്മേളനം പഞ്ചായത്ത് വൈസ്പ്രസിഡന്റ് മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി മേഖലാ സെക്രട്ടറി കെ.ഒ.ഷാൻ അദ്ധ്യക്ഷത വഹിച്ചു. ഡോക്ടർ ചിത്രാകുര്യാക്കോസും ഡോക്ടർ പി.പ്രബിതയും പ്രളയാനന്തര രോഗങ്ങളെ സംബന്ധിച്ച് മാമ്പുഴയിൽ ക്ലാസ്സു നടത്തി. ചടങ്ങിൽ ആശംസ നേർന്നുകൊണ്ട് പഞ്ചായത്തുമെമ്പർ ജിഷ, പൊതുപ്രവർത്തകൻ കെ.എസ്.ചന്ദ്രമോഹൻ ഫാർമസിസ്റ്റ് ശശികല എന്നിവർ സംസാരിച്ചു. കെ.ഒ.സുധീർ സ്വാഗതവും സി.കെ.രാജേന്ദ്രൻ നന്ദിയും പറഞ്ഞു. ക്യാമ്പിൽ പൊയ്യാറ്റിത്താഴത്തു 52 പേരും മാമ്പുഴയിൽ 66 പേരും പങ്കെടുത്തു. ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി പ്രവർത്തകരായ സജീവ് കുമാർ, തങ്കച്ചൻ, ലസിത എന്നിവർ ക്യാമ്പ് നിയന്ത്രിച്ചു. നമ്മുടെ ക്ഷണം സ്വീകരിച്ചു വിലാസിനി സിസ്റ്റർ, രാജൻ നായർ എന്നിവരും ക്യാമ്പിൽ സജീവമായിരുന്നു. സഖാക്കൾ എൻ.സി നാരായണൻ, രാജി, ഓമന, അശ്വതി, ശരത്, പുഷ്പ, കെ.സി.വിനോദ്, സി.ടി.സുരേന്ദ്രൻ യൂണിയൻ മെമ്പർ വേണു എന്നിവർ വോളന്റിയർമാരായി പങ്കെടുത്തു. എം.എസ്.മോഹൻ, ശശികല എന്നിവരും പങ്കെടുത്തു.

കേന്ദ്രമെഡിക്കൽ സർവ്വീസ് ടീമിന്റെ പ്രവർത്തനം ശ്ലാഘനീയമായിരുന്നു.

## തൃശ്ശൂർ ജില്ല

**വെ**ള്ളം പൊങ്ങിയ 15ന് രാത്രി മുതൽ 18 വരെ ദിവസങ്ങളിലായി പാർട്ടി സഖാക്കൾ ചാലക്കുടി, കൊടുങ്ങല്ലൂർ, മൂത്തകുന്നം, ചാവക്കാട് പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ നേതൃത്വപരമായി പ്രവർത്തിച്ചു. ഒപ്പംതന്നെ 17-ാം തീയതി മുതൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ ഒരു സംഘം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ സന്ദർശിച്ചു സാഹചര്യങ്ങൾ മനസ്സിലാക്കി. ജില്ലയിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടായ മേഖല എന്ന നിലയിൽ ചാലക്കുടി മേഖലയിൽ മേലൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് 21ന്, മേലൂർ കല്ലുകുത്തിയിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ ദുരിതാശ്വാസ ക്യാമ്പ് ഓഫീസ് പ്രവർത്തനമാരംഭിച്ചു. ലളിതമായ ഉദ്ഘാടന ചടങ്ങിൽ സഖാവ് ടി.കെ.സുധീർകുമാർ, ഡോ.പി.എസ്.ബാബു, ഗിരീശൻ മാസ്റ്റർ, ദാമോദരൻ നമ്പിടി, സഖാക്കൾ എം.പ്രദീപൻ, എ.എം.സുരേഷ്, പി.കെ.ധർമ്മജൻ, ധന്യ എന്നിവർ പങ്കെടുത്തു.

21 മുതൽ എല്ലാ ദിവസവും രോഗികളെ പരിശോധിച്ച് മരുന്ന് നൽകുന്ന മെഡിക്കൽ ക്യാമ്പ് വൈകുന്നേരങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഒപ്പംതന്നെ, വീടുകൾക്ക് അകത്തും പുറത്തുമായി മുട്ടോളം ഉയരത്തിൽ വരെ അടിഞ്ഞ ചെളി നീക്കംചെയ്ത് കഴുകി, ലിക്വിഡ് ബ്ലീച്ച് സ്പ്രേ ചെയ്ത് അണുവിമുക്തമാക്കുന്ന പ്രവൃത്തി, വോളണ്ടിയർ സംഘങ്ങൾ ഏറ്റെടുത്തു. പ്രളയക്കെടുതിയിൽ എല്ലാം നഷ്ടപ്പെട്ട് സ്തംഭിച്ചുനിന്ന ജനങ്ങൾക്ക്, നമ്മുടെ വനിതകളുൾപ്പെടെയുള്ള സന്നദ്ധപ്രവർത്തകർ നടത്തിയ പ്രവർത്തനം ആത്മവിശ്വാസം നൽകി.

29ന് 20 പേരടങ്ങുന്ന മെഡിക്കൽ സർവ്വീസ് സെന്ററിന്റെ മെഡിക്കൽ ടീം ഡോ.അനിത, ഡോ.സുപ്രഭ, ഡോ.ജയലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ മേലൂർ കലവറക്കടവ് കോളനി പ്രദേശത്ത് മെഡിക്കൽ ക്യാമ്പ് നടത്തി. മേലൂരിൽ തുടർന്നുവരുന്ന മെഡിക്കൽ ക്യാമ്പിൽ ഡോ.ആനന്ദൻ, ഡോ.മുകുന്ദൻ, ഡോ.സൗമ്യ എന്നിവർ സേവനമനുഷ്ഠിച്ചുവരുന്നു. ഡോ.ബാബു, ജി.നാരായണൻ, എം.പ്രദീപൻ, എ.എം. സുരേഷ്, പി.കെ.ധർമ്മജൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. കെടുങ്ങല്ലൂരിൽ സഖാക്കൾ എ.വി.ബെന്നി, സുജ ആന്റണി, സി.കെ.ശിവദാസൻ, കൃഷ്ണകുമാർ, നന്ദഗോപൻ എന്നിവരുടെ നേതൃത്വത്തിൽ ദുരിതാശ്വാസ-ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ചാവക്കാട് ഡോ.എം.മുകുന്ദൻ പങ്കെടുത്ത മെഡിക്കൽ ക്യാമ്പ് ആഗസ്റ്റ് 28ന് നടന്നു.





പാലക്കാട്, വയനാട് ജില്ലകളിലെ ദുരിതാശ്വാസ കിറ്റ് വിതരണം

## പാലക്കാട് ജില്ല

**പാ**ലക്കാട് ജില്ലയിൽ പ്രളയബാധിത പ്രദേശമായ ശങ്കുവാരത്തോട് കോളനി നിവാസികളുടെ വീട് ശുദ്ധീകരിച്ചെടുക്കുവാനുള്ള ബ്ലീച്ചിങ് പൗഡർ വിതരണം നടത്തി, ഇത് ഉപയോഗിക്കുന്നതിനു വേണ്ടി കൈ ഉറകളും മാസ്കും നല്കിയതോടൊപ്പം ഉപയോഗിക്കേണ്ട ശാസ്ത്രീയമായ രീതി എല്ലാ കുടുംബാംഗങ്ങൾക്കും വിശദീകരിച്ചുകൊടുത്തു. ആഗസ്റ്റ് 20,21,22 തിയ്യതികളിൽ ഈ പ്രവർത്തനങ്ങൾക്ക് കെ.അബ്ദുൾ അസീസ്, കെ.പ്രദീപ്, കെ.പ്രസാദ്, ആർ.രാജേഷ്, എൻ.സുഗന്ധി, എ.സജീന, ആർ.ശ്രുതി എന്നിവർ നേതൃത്വം നൽകി.

## വയനാട് ജില്ല

**വ**യനാട് ജില്ലയിൽ അതിവൃഷ്ടി സൃഷ്ടിച്ച കെടുതി ഏറ്റവും കൂടുതൽ ഉണ്ടായത് വൈത്തിരി, മാനന്തവാടി താലൂക്കുകളിലാണ്. ഉരുൾപൊട്ടൽ മൂലമാണ് ജില്ലയിൽ കൂടുതൽ നാശങ്ങൾ ഉണ്ടായത്. 47 ഉരുൾ പൊട്ടലുകൾ നടക്കുകയും 331 ഏക്കർ സ്ഥലം പൂർണ്ണമായി നശിക്കുകയും ചെയ്തു. പൊഴുതന, കുറിച്യർമല, തിരുനല്ലി, തവിഞ്ഞാൽ, മക്കിമല, പാൽച്ചുരം തുടങ്ങിയിടത്തെല്ലാം ഭയാനകമായ ഉരുൾ പൊട്ടലാണ് ഉണ്ടായത്. ജില്ലയിൽനിന്നും പുറത്തേക്കുള്ള എല്ലാ ചുരങ്ങളിലും മണ്ണിടിച്ചിൽ ഉണ്ടായ കാരണം ജില്ല പൂർണ്ണമായും ഒറ്റപ്പെട്ടു. യാതൊരു മുന്നറിയിപ്പും കൂടാതെ ബാണാസുര അണക്കെട്ട് തുറന്നുവിട്ടതാണ് പടിഞ്ഞാറത്തറപോലുള്ള സ്ഥലങ്ങളിൽ പ്രളയക്കെടുതി രൂക്ഷമാക്കിയത്. ഇക്കാര്യത്തിലുള്ള വൈദ്യുതി മന്ത്രിയുടെ പ്രതികരണം വിടുവായത്തവും അഹന്തനിറഞ്ഞതുമാണ്. ജില്ലാ കലക്ടർക്കുപോലും ഡാം തുറക്കുന്നതിനെക്കുറിച്ച് അറിവില്ലായിരുന്നു. 10 മനുഷ്യജീവൻ ജില്ലയിൽ പൊലിഞ്ഞു. 1076 വീടുകൾ പൂർണ്ണമായും 4000 ത്തിലേറെ വീടുകൾ ഭാഗികമായും തകർന്നു. പ്രളയത്തിലും ഉരുൾപൊട്ടലിലും നശിച്ചുപോയ കൃഷിയുടെയും കന്നുകാലികളുടെയും കണക്കെടുപ്പ് ഇനിയും പൂർത്തിയായിട്ടില്ല. ഇതു കൂടാതെയാണ് ഇപ്പോഴും തുടരുന്ന ഭൂമി നിരങ്ങൽ പ്രതിഭാസം. 45 ഇടങ്ങളിൽ ഭൂമി നിരങ്ങി. 474 കുടുംബങ്ങളെ ഇതു കാര്യമായി ബാധിച്ചു.

പ്ലാസ്റ്റിക് ഷീറ്റുകൾക്കു കീഴെയും പൊട്ടിപ്പൊളിഞ്ഞ വീടുകളിലും കഴിഞ്ഞിരുന്ന ആദിവാസികളും ദരിദ്ര കർഷക-കർഷകതൊഴിലാളികളും പ്രളയക്കെടുതി കൊണ്ട് സർവ്വസ്വവും നഷ്ടപ്പെട്ടവരായി മാറി. ഈ ദയനീയ സ്ഥിതി മാധ്യമങ്ങളിലൂടെ കണ്ടറിഞ്ഞ രാജ്യത്തിനകത്തും പുറത്തുമുള്ള മനുഷ്യസ്നേഹികൾ നാനാവിധ സഹായങ്ങളുമായി ഇപ്പോഴും ചുരം കയറിയെത്തുന്നു. സർക്കാറിന്റെ സങ്കുചിത കടുംപിടുത്ത നയങ്ങളെ മറികടന്നുകൊണ്ട് പലരും ദുരിതാശ്വാസ കേന്ദ്രങ്ങളിലും കോളനികളിലും ചെന്ന് സഹായസാമഗ്രികൾ വിതരണം ചെയ്യുകയുണ്ടായി.

ജില്ലയിലെ പ്രളയ ബാധിതരെ സഹായിക്കാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ അഡ്വ. റ്റി.ജെ.ഡിക്സൺ, പുഷ്പ അഗസ്റ്റിൻ, കെ.മധുസൂദനൻ എന്നിവരുടെ സംഘം വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയുണ്ടായി. ആഗസ്റ്റ് 18 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ ദുരിതാശ്വാസത്തിനുള്ള ഭക്ഷ്യവസ്തുക്കൾ സംഭരിക്കുകയും അവ കിറ്റുകളാക്കുകയും ചെയ്തു. ആഗസ്റ്റ് 22 മുതൽ, ക്യാമ്പുകളിൽനിന്ന് വീടുകളിലേക്ക് വന്നവർക്കും ക്യാമ്പുകളിൽ പോകാതെ വീട്ടിൽതന്നെ കഴിഞ്ഞ ദുരിതബാധിതർക്കും കിറ്റുകൾ പ്രളയബാധിതമേഖലകളിൽ വിതരണം ചെയ്യുകയുണ്ടായി. പടിഞ്ഞാറത്തറ, പനമരം, പൊഴുതന എന്നിവിടങ്ങളിലെ വിവിധ കോളനികളിലും വീടുകളിലും എസ്‌യുസിഐ പ്രവർത്തകർ കിറ്റുവിതരണം നടത്തുകയും ജനങ്ങളുടെ കഷ്ട-നഷ്ടങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

ആഗസ്റ്റ് 24,25 തിയ്യതികളിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെയും എസ്‌യുസിഐയുടെയും ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. കർണ്ണാടകയിൽനിന്നുംവന്ന ശിശുരോഗ വിദഗ്ദ്ധൻ ഡോ.ശിവകുമാറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘത്തിൽ ഡോ.അതുൽ, ഡോ.സാഗർ, ഡോ.റിഷിൻ എന്നിവരുമുണ്ടായിരുന്നു. വലിയൊരു മരുന്നു ശേഖരവുമായാണ് അവർ സുൽത്താൻ ബത്തേരിയിൽ എത്തിച്ചേർന്നത്. യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതാവ് ജാസ്മിൻ ഷായുടെ നിർദ്ദേശാനുസരണം ലെവിസ്, അഞ്ജു, വിജു, മഞ്ജു എന്നീ നഴ്സുമാരും ഈ മെഡിക്കൽ സംഘത്തിൽ ഉണ്ടായിരുന്നു. യുഎൻഎ സംഭരിച്ച മരുന്നുകളിൽ ഒരു ഭാഗം ഈ വൈദ്യസഹായ സംഘത്തിന് അവർ നൽകിയിരുന്നു. സ്വയം സന്നദ്ധയായി വന്ന ഫാർമസിസ്റ്റ് അനിതയും ഈ ടീമിനൊപ്പമുണ്ടായിരുന്നു. പനമരത്തെ കീഞ്ഞ്കടവ്, പുത്തൂർകുന്ന് കോളനി, പിണങ്ങോട്, തേവണ എന്നിവിടങ്ങളിൽ നടന്ന മെഡിക്കൽ ക്യാമ്പുകളിൽ നൂറുക്കണക്കിന് പേർ ചികിത്സ തേടി. തേവണയിൽ നടന്ന മെഡിക്കൽ ക്യാമ്പ് ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡണ്ട് അഡ്വ. കെ.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു.

സേവന സന്നദ്ധരായ ധാരാളം വിദ്യാർത്ഥികളും യുവാക്കളും ഈ ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കു ചേരുകയുണ്ടായി. മരുന്നുശേഖരത്തിൽ വന്ന കുറവു നികത്താൻ മലപ്പുറത്തെ പാണ്ടിക്കാട്ടുനിന്നും വലിയ മരുന്നു പെട്ടികളുമായി ഇരുചക്രവാഹനത്തിൽ രാത്രിയിൽ സാഹസികമായി യാത്ര ചെയ്ത് സുൽത്താൻ ബത്തേരി ക്യാമ്പിൽ എത്തിച്ചുതന്ന റിൻഷാദ്, അൻഷാദ് എന്ന യുവാക്കളെ ഓർക്കാതിരിക്കാൻ കഴിയില്ല. ഈ ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കാളികളായ വടക്കനാട് നിന്ന് വന്ന യുവാക്കളുടെ കാര്യവും എടുത്തു പറയേണ്ടതാണ്.

കർണ്ണാടകയിൽനിന്നും വന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകരായ സഖാക്കൾ ഹരിഷ്, പുട്ടരാജു, ആകാശ്, ഒബണ്ണ, നന്ദൻ, ഷീല, സ്വറ്റ്ലാന എന്നിവർ വയനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കുകൊണ്ടു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേന്ദ്രന്റെ നേതൃത്വത്തിൽ കണ്ണൂരിൽനിന്നും സഖാക്കൾ ഭദ്രൻ, അപർണ, അകിൽ മുരളി, മേധ സുരേന്ദ്രനാഥ് എന്നിവരും ദുരിതാശ്വാസ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിച്ചു. വയനാട് ജില്ലാ കമ്മിറ്റി അംഗങ്ങളായ പി.കെ.ഭഗത്. ബി.ഇമാമുദ്ദീൻ എന്നിവരും സഖാക്കൾ ദേവസ്യ പുറ്റനാൽ, രമേഷ് മൂലങ്കാവ്, വർഗ്ഗീസ് കൃഷ്ണഗിരി, ജഗന്നാഥൻ തുടങ്ങിയരും ദുരിതാശ്വാസ പ്രവർത്തനത്തിൽ സജീവമായി പങ്കുകൊണ്ടു.

എഐഡിഎസ്ഒ യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നോട്ട്ബുക്ക്, പേന, പെൻസിൽ എന്നിവയുടെ വിതരണം നടന്നു. എഐഡിഎസ്ഒ സംസ്ഥാന ജോ.സെക്രട്ടറി ആർ.അപർണ നേതൃത്വം നൽകി.

## കണ്ണൂർ ജില്ല

**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ മലയോര മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ഉരുൾപൊട്ടലും പ്രളയവുംമൂലം ദുരിതമനുഭവിക്കുന്നവർക്കായി കരിക്കോട്ടക്കരി, വാണിയംപാറ, അമ്പായത്തോട് തുടങ്ങിയ മേഖലകളിൽ സ്ഥാപിക്കപ്പെട്ട ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും മഴക്കെടുതിമൂലം ദുരിതമനുഭവിച്ച ആദിവാസി പട്ടികജാതി കോളനികളിൽ ദുരിതാശ്വാസ കിറ്റുകൾ വിതരണം നടത്തുകയും ചെയ്തു. പാർട്ടി വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലയുടെ വിവിധ മേഖലകളിൽനിന്ന് വിഭവ സമാഹരണം നടത്തുകയും വയനാട് ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കണ്ണൂർ ജില്ലയിലെ സഖാക്കൾ പങ്കെടുക്കകയും ചെയ്തു. കൂടാതെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം, മെഡിക്കൽ ക്യാമ്പുകൾ, വീടുകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും പൊതുസ്ഥാനങ്ങളുടെയും ക്ലീനിംഗ്, വയറിംഗ്, പ്ലംബിംഗ് തുടങ്ങിയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജില്ലയിൽനിന്നുള്ള നിരവധി സഖാക്കൾ പങ്കെടുത്തു.

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മൂന്നാം പാർട്ടി കോൺഗ്രസിന് മുന്നോടിയായി

# ജില്ലാ സമ്മേളനങ്ങൾ

## സംസ്ഥാന സമ്മേളനം ഒക്ടോബർ 12,13,14 തൃശൂരിൽ

### തിരുവനന്തപുരം

തിരുവനന്തപുരം ജില്ലാ സമ്മേളനം ആഗസ്റ്റ് 11, 12 തീയതികളിൽ ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിൽവച്ചു നടന്നു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സംസ്ഥാന കമ്മിറ്റിയിൽനിന്ന് സഖാക്കൾ വി.കെ.സദാനന്ദൻ, ഷൈല കെ.ജോൺ എന്നിവരും സംബന്ധിച്ചു.

സഖാവ് ആർ.കുമാർ സെക്രട്ടറിയായും, സഖാക്കൾ ജി.ആർ.സുഭാഷ്, ആർ.ബിജു, എം.ഷാജർഖാൻ, പി.എസ്.ഗോപകുമാർ, എസ്.മിനി, എ.സബൂറ എന്നിവർ ജില്ലാ കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.



തിരുവനന്തപുരം ജില്ലാസമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

### കൊല്ലം

കൊല്ലം ജില്ലാ സമ്മേളനം കൊട്ടാരക്കര നാഥൻ ബിൽഡിംഗിൽ വച്ചു നടന്നു. പാർട്ടിയുടെ ആദ്യകാല സംഘാടകരിൽ ഒരാളായ സഖാവ് പഴങ്ങാലം ബദറുദീൻ പതാക ഉയർത്തി. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അന്തരിച്ച മുൻ ജില്ലാ സെക്രട്ടറിമാരായ സഖാക്കൾ എ.ജലാലുദീൻ, ജി.എസ്.പത്മകുമാർ, ജില്ലാ കമ്മിറ്റിയംഗം സഖാവ് ജി.രവീന്ദ്രൻ എന്നിവരെ അനുസ്മരിച്ചു കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു.

സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ സെക്രട്ടറിയും സഖാക്കൾ എസ്.രാധാകൃഷ്ണൻ, ജി.ധ്രുവകുമാർ, എസ്.രാഘവൻ, ബി.വിനോദ്, വി.ആന്റണി, പി.പി.പ്രശാന്ത്കുമാർ, ഇ.എൻ.ശാന്തിരാജ്, കെ.ശശാങ്കൻ, ബി.രാമചന്ദ്രൻ, ടിങ്കിൾ പ്രഭാകരൻ, കെ.മഹേഷ് എന്നിവർ അംഗങ്ങളുമായുള്ള പത്രണ്ടംഗ ജില്ലാ കമ്മിറ്റിയെയും സംസ്ഥാന സമ്മേളനത്തിലേക്കുള്ള പ്രതിനിധികളെയും സമ്മേളനം തിരഞ്ഞെടുത്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ സംസ്ഥാനകമ്മിറ്റിയിൽനിന്ന് നിരീക്ഷകനായി പങ്കെടുത്തു.




കൊല്ലം ജില്ലാസമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

### എറണാകുളം

എസ്‌യുസിഐ(സി) എറണാകുളം ജില്ലാ സമ്മേളനം ആഗസ്റ്റ് 11,12 തീയതികളിൽ മുളന്തുരുത്തിയിൽ നടന്നു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ പ്രസംഗിച്ചു. ദേശീയ-സാർവ്വദേശീയ തീസിസ്സുകളിലും രാഷ്ട്രീയ-സംഘടനാ പ്രമേയത്തെ അധികരിച്ചും ഗൗരവമേറിയ ചർച്ചകൾ സമ്മേളനത്തിൽ നടന്നു.

സഖാവ് ടി.കെ.സുധീർകുമാർ ജില്ലാ സെക്രട്ടറിയായി 22 അംഗ ജില്ലാ കമ്മറ്റിയേയും സംസ്ഥാന സമ്മേളന പ്രതിനിധികളേയും സമ്മേളനം തെരഞ്ഞെടുത്തു.




എറണാകുളം ജില്ലാസമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

### പാലക്കാട്

പാലക്കാട് ജില്ലാപ്രതിനിധി സമ്മേളനം സെപ്റ്റംബർ 2ന് ജില്ലാകമ്മിറ്റി ഓഫീസിൽവച്ച് നടന്നു. എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് ഡോ.പി.എസ്.ബാബു സമ്മേളനം ഉദ്ഘാടനം ചെയ്തു. സമീപകാലത്ത് നമ്മെ വിട്ടുപിരിഞ്ഞ പാർട്ടിയുടെ പ്രിയങ്കരനായ നേതാവും സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായിരുന്ന സഖാവ് ജി.എസ്.പത്മകുമാറിന്റെയും ജില്ലാസംഘാടകരായിരുന്ന സഖാക്കൾ കെ.എസ്.വിജയൻ, എം.ജെ.ജോസഫ് എന്നിവരുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം ജില്ലാസെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിച്ചു. ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.എം.ബീവി, ആർ.രാജേഷ് എന്നിവർ അടങ്ങുന്ന പ്രിസീഡിയമാണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്.

സാർവ്വദേശീയ-ദേശീയ സാഹചര്യങ്ങളെക്കുറിച്ചുള്ള തീസിസുകളിൻമേലും സംഘടനാ റിപ്പോർട്ടിന്മേലും സജീവമായ ചർച്ചകൾ നടന്നു. സഖാവ് കെ.അബ്ദുൾ അസീസ് സെക്രട്ടറിയായും സഖാക്കൾ കെ.എം.ബീവി, കെ.പ്രദീപ്, ആർ.രാജേഷ്, കെ.രാമനാഥൻ എന്നിവർ അംഗങ്ങളായുമുള്ള പുതിയ ജില്ലാകമ്മിറ്റിയെയും സംസ്ഥാന സമ്മേളനത്തിലേയ്ക്കുള്ള പ്രതിനിധികളെയും ജില്ലാസമ്മേളനം തെരഞ്ഞെടുത്തു. സഖാവ് ശിബ്ദാസ് ഘോഷ് ഗാനത്തോടുകൂടി സമ്മേളനം അവസാനിച്ചു.




ഇടുക്കി ജില്ലാസമ്മേളനത്തിൽ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു

### കോഴിക്കോട്

കോഴിക്കോട് ജില്ലാ സമ്മേളനം സെപ്തംബർ 13ന് നളന്ദ ആഡിറ്റോറിയത്തിൽ സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയിൽനിന്ന് സഖാക്കൾ കെ.കെ.സുരേന്ദ്രൻ, ജ്യോതികൃഷ്ണൻ എന്നിവർ പങ്കെടുത്തു. സഖാവ് എ.ശേഖർ സെക്രട്ടറിയും സഖാക്കൾ പി.എം.ശ്രീകുമാർ, പോൾ ടി.സാമുവൽ, എം.കെ.രാജൻ, ജ്യോതിപ്രകാശ്, ശ്രീനാഥ്, പി.കെ.തോമസ്, ഹരിദാസൻ, കെ.റഹീം എന്നിവർ അംഗങ്ങളുമായിട്ടുള്ള ജില്ലാ കമ്മിറ്റിയെയും സംസ്ഥാന സമ്മേളന പ്രതിനിധികളെയും സമ്മേളനം തിരഞ്ഞെടുത്തു.




വയനാട് ജില്ലാ കൺവൻഷൻ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

### വയനാട്

വയനാട് ജില്ലാ കൺവൻഷൻ സെപ്റ്റംബർ 16ന് സുൽത്താൻ ബത്തേരിയിൽ സുൽത്താൻ പ്ലെയ്സ് ഹാളിൽ നടന്നു. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. പാർട്ടി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.രാജീവൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

കർഷകരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളണമെന്ന് സർക്കാരിനോടാവശ്യപ്പെടുന്ന പ്രമേയം സഖാവ് ദേവസ്യ പുറ്റനാൽ അവതരിപ്പിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ സമാപന പ്രസംഗം നടത്തി. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി: വി.കെ.സദാനന്ദൻ (സെക്രട്ടറി), റ്റി.ജെ.ഡിക്സൺ, ബി.ഇമാമുദ്ദീൻ, പുഷ്പ അഗസ്റ്റിൻ, പി.കെ.ഭഗത്, കെ.മധുസൂദനൻ, ദേവസ്യ പുറ്റനാൽ.




മലപ്പുറം ജില്ലാകൺവൻഷൻ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു

### കണ്ണൂർ

സെപ്തംബർ 9ന് നടന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രഥമ കണ്ണൂർ ജില്ലാ സമ്മേളനം പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ്, സഖാവ് ഡോ.ഡി.സുരേന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു.സഖാവ് കെ.കെ.സുരേന്ദ്രനെ ജില്ലാ സെക്രട്ടറിയായി സമ്മേളനം തെരഞ്ഞെടുത്തു. ജില്ലാ കമ്മിറ്റിയംഗങ്ങളായി സഖാക്കൾ സജീന്ദ്രനാഥ്, ഡോ.ഡി.സുരേന്ദ്രനാഥ്, അനൂപ് ജോൺ, പി.സി.വിവേക് എന്നിവരെയും തിരഞ്ഞെടുത്തു. സംസ്ഥാന സമ്മേളനത്തിലേയ്ക്കുള്ള പ്രതിനിധികളെയും ജില്ലാ സമ്മേളനം തെരഞ്ഞെടുത്തു.




കണ്ണൂർ ജില്ലാസമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

*Date of publishing 20/09/2018*
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.45 No.6
Price : Rs 5.00
September-October 2018

# സാലറി ചലഞ്ച്: സർക്കാർ ജീവനക്കാരോടുള്ള വെല്ലുവിളി

**ഒരു ചലഞ്ചുമില്ലാതെതന്നെ ദുരിതാശ്വാസ സംഭാവനകൾ നൽകിയവരും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കെടുത്തവരും പ്രളയത്തിൽ നഷ്ടം അനുഭവിച്ചവരുമാണ് സർക്കാർ ജീവനക്കാർ. പക്ഷേ 11-9-2018ലെ ഉത്തരവ് ജീവനക്കാരോടുള്ള വെല്ലുവിളിയും ഭീഷണിയുമാണ്.**

അദ്ധ്യാപകർ, ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ ഒരു മാസത്തെ ശമ്പളമാണ് നവകേരള സൃഷ്ടിക്കുവേണ്ടി സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ അനുകൂല സംഘടനകളുടെയും വാർത്താമാധ്യമങ്ങളുടെയും സഹായത്തോടെ ജീവനക്കാരെ സമ്മർദ്ദത്തിലാക്കാനുള്ള നടപടി ഇതിനകം സർക്കാർ തുടങ്ങിക്കഴിഞ്ഞു. 13-9-2018ൽ ധനകാര്യവകുപ്പിൽ വിസമ്മതമറിയിച്ച ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിക്കൊണ്ടും പിന്നീട് മാപ്പപേക്ഷയുടെ അടിസ്ഥാനത്തിൽ തിരിച്ചെടുത്തുകൊണ്ടുമുള്ള നാടകീയ സംഭവങ്ങളിലൂടെ വിസമ്മതമറിയിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കുള്ള മുന്നറിയിപ്പ് സർക്കാർ നൽകിക്കഴിഞ്ഞു. സാലറി ചലഞ്ച് അക്ഷരാർത്ഥത്തിൽ ഉദ്യോഗസ്ഥർക്ക് ഒരു വെല്ലുവിളിയും ഭീഷണിയുമായി മാറിക്കഴിഞ്ഞിരിക്കുന്നു.

സർക്കാർ ഉദ്യോഗസ്ഥർ പൊതുവേ അനർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന വിഭാഗമാണ് എന്ന പ്രതീതി സർക്കാർ ഒത്താശയോടെ മാധ്യമങ്ങളും സോഷ്യൽമീഡിയ കൂലി എഴുത്തുകാരും സൃഷ്ടിച്ചിട്ടുണ്ട്. പ്രളയദുരന്തത്തിൽപ്പെട്ടവരിൽ സർക്കാർ ജീവനക്കാരുമുണ്ട്. ദുരന്തത്തിന്റെ ഒന്നാം ദിവസംമുതൽ ദുരന്തബാധിതർക്കുള്ള സാധനസാമഗ്രികളായും, ബക്കറ്റും രസീതുമായി സമീപിച്ച രാഷ്ട്രീയ പാർട്ടികൾക്കും സാമൂഹ്യ സംഘടനകൾക്കും സംഭാവനയുമായും ശുചീകരണപ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും സഹകരിച്ചും കഴിവിനൊപ്പവും അതിനപ്പുറവും സഹായം ചെയ്തുകഴിഞ്ഞവരാണ് സർക്കാർ ഉദ്യോഗസ്ഥർ. സർവ്വീസ് സംഘടനകൾ നടത്തിയ വലിയ പിരിവുകളിലും സഹകരിച്ചിട്ടുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ വഴിയും സംഭാവനകൾ നൽകിയിട്ടുണ്ട്.

കനത്ത ശമ്പളത്തിനുപുറമേ തൊട്ടതിനും പിടിച്ചതിനും അലവൻസുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്മാരിലെ വരേണ്യവർഗ്ഗത്തെയും ശരാശരി സർക്കാർ ഉദ്യോഗസ്ഥർ എന്ന വിഭാഗത്തിൽപ്പെടുന്ന, മാസത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന ജീവനക്കാരെയും ഒരേ നിലയിൽ കണക്കാക്കിയിരിക്കുന്ന സർക്കാർ കടുത്ത അനീതിയാണ് കാണിക്കുന്നത്. താഴെക്കിടയിലുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് 1957ലെ ലേബർ കോൺഫറൻസ് മിനിമം വേതനമായി അംഗീകരിച്ചതിൽനിന്നും വളരെക്കുറഞ്ഞ തുക മാത്രമേ ശമ്പളമായി കിട്ടുന്നുള്ളൂ എന്ന വസ്തുത ഈ സാമാന്യവത്ക്കരണത്തിന്റെ അപകടം വെളിവാക്കുന്നു. ഉത്സവബത്ത തിരിച്ചടവ്, പിഎഫ് വായ്പാതിരിച്ചടവുകൾ, പെൻഷൻ അടവ് എന്നിവയെല്ലാം കഴിഞ്ഞ് വാടകവീട്ടിൽ കഴിയുന്ന ഒരു സാധാരണ സർക്കാർ ഉദ്യോഗസ്ഥനിൽനിന്നും മൊത്തം മാസശമ്പളത്തിന്റെ പ ത്തുശതമാനം മാസംതോറും പിടിച്ചാൽ പിന്നെ ബാക്കി എത്രയുണ്ടാകും.

അതിസമ്പന്നരിൽനിന്ന് അവരുടെ വരുമാനത്തിന്റെ ഒരു വിഹിതം നിർബന്ധപൂർവ്വം ആവശ്യപ്പെടാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. കേരളത്തിന്റെ തോട്ടംമേഖല അടക്കിവാഴുന്ന ടാറ്റയെപ്പോലുള്ള കുത്തകകൾ, വൻകിട സ്വർണ്ണവ്യാപാരികൾ, ഇന്ത്യയൊട്ടാകെ പടർന്നിരിക്കുന്ന കേരളത്തിലെ ഫിനാൻസ് മുതലാളിമാർ, സ്വശ്രയകോളജ് ഉടമാ സംഘങ്ങൾ, മദ്യമുതലാളിമാർ, കേരളത്തിൽനിന്ന് കോടികൾ കൊയ്യുന്ന റീട്ടെയ്ൽ ഭീമന്മാർ തുടങ്ങി ഒരു പരിധിവരെ നിലവിലെ പരിസ്ഥിതി ദുരന്തത്തിന് കാരണക്കാരായ റിസോർട്ട്, ക്വാറി മാഫിയ സംഘത്തിനോടുപോലും തങ്ങളുടെ അറ്റാദായത്തിന്റെ ഒരു ഭാഗം സർക്കാർ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടില്ല. രവിപിള്ള, സണ്ണിവർക്കി, ക്രിസ് ഗോപാലകൃഷ്ണൻ, ആസാദ് മൂപ്പൻ, ഷിബുലാൽ, യൂസഫ് അലി, പി.എൻ.സി മേനോൻ, കല്യണരാമൻ, ജോർജ്ജ് മുത്തൂറ്റ്, അരുൺകുമാർ എന്നീ മലയാളികളായ അതിസമ്പന്നന്മാരുടെ മാസവരുമാനത്തിന്റെ പത്തുശതമാനം വാങ്ങി എടുത്താൽത്തന്നെ 10000കോടി രൂപ കിട്ടും. ഇതിനൊന്നും തയ്യാറാകാതെ ശരാശരി സർക്കാർ ജീവനക്കാരുടെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരുന്നതിന് മുതിരുകയാണ് സർക്കാർ.

2002ലാണ് ഇതുപോലെയൊരു ചലഞ്ച് ഉദ്യോഗസ്ഥർക്ക് നേരിടേണ്ടിവന്നത്. വായ്പയ്ക്കുവേണ്ടിയുള്ള ലോകബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസരണമായാണ് ആന്റണി സർക്കാർ അത്തരം നടപടികൾക്ക് ഒരുങ്ങിയത്. അന്ന് 32 ദിവസത്തെ ശമ്പളം സർക്കാരിന് നൽകിക്കൊണ്ടാണ് ജീവനക്കാർ ആ ചലഞ്ച് ഏറ്റെടുത്തത്. ഇത്തവണയും ലോകബാങ്ക് ഉദ്യോഗസ്ഥരുടെ ചർച്ചയ്ക്ക് ശേഷമാണ് മുഖ്യമന്ത്രി സാലറി ചലഞ്ചുമായി വന്നത് എന്നത് യാദൃശ്ചികം എന്ന് തത്ക്കാലം കരുതാം. ധനകാര്യമന്ത്രി തോമസ് ഐസക് 2002നെ ഓർമ്മപ്പെടുത്തുകയും ചെയ്തു.

റവന്യൂ വരുമാനത്തിന്റെ ഭീമമായ ഭാഗവും ശമ്പളത്തിനും പെൻഷനും ചെലവാക്കുന്നു എന്നുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവർ വായ്പാതിരിച്ചടവിന് ചെലവാകുന്ന തുക സംബന്ധിച്ച് കൃത്യമായ കണക്ക് അവതരിപ്പിക്കാൻ തുനിയാറില്ല. കേരളത്തിന്റെ ഏറ്റവും വലിയ റവന്യൂ ചെലവ് വായ്പാതിരിച്ചടവാണ്. കേരളം ഇന്നുവരെ എടുത്ത വായ്പകളും അതുമൂലം കേരള സമൂഹത്തിനുണ്ടായ ഭൗതിക നേട്ടവും കൃത്യമായി വെളിവാക്കാൻ തയ്യാറാകണം. കേരളത്തിലെ പൊതുവിദ്യാഭ്യാസം തച്ചുടച്ച ഡിപിഇപി തുടങ്ങിയ പദ്ധതികൾക്ക് കൈപ്പറ്റിയ തുകയും ഈ വായ്പകണക്കിൽ വരും എന്നുള്ളത് കൗതുകകരമായിരിക്കും. ലോകബാങ്കിൽനിന്ന് വായ്പയെടുത്ത് അവരുടെ ജനവിരുദ്ധ വ്യവസ്ഥകൾ നടപ്പിലാക്കി കേരളത്തെ നാശത്തിലേയ്ക്ക് നയിക്കുന്ന ഈ ലോണോമിക്സിന്റെ ഇരകളായി സർക്കാർ ജീവനക്കാരെ മാറ്റരുത്.

പ്രകൃതി ദുരന്തം മുതലാക്കിക്കൊണ്ട് ഭരണവർഗ്ഗം എപ്പോഴും തൊഴിലാളിവിരുദ്ധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. 2005ൽ കത്രീനകൊടുങ്കാറ്റിന്റെ പേരിൽ അമേരിക്കയിലെ തൊഴിലാളികളുടെ വേതനം വെട്ടിച്ചുരുക്കിയ കാര്യം ഓർക്കുക. നാളുകളായി നടപ്പിലാക്കാൻ കരുതിയിരുന്ന ഈ അനീതി കൊടുങ്കാറ്റു സൃഷ്ടിച്ച ആഘാതത്തിന്റെ മറവിൽ നടപ്പിലാക്കുകയായിരുന്നു. പത്തുശതമാനം ശമ്പളക്കുറവിനോട് പത്തുമാസംകൊണ്ട് പൊരുത്തപ്പെടുന്ന സർക്കാർ ജീവനക്കാരൻ 2019ൽ പ്രാബല്യത്തിൽ വരേണ്ടിയിരിക്കുന്ന ശമ്പളപരിഷ്ക്കരണത്തെപ്പറ്റി മിണ്ടില്ല എന്നും കണക്കുകൂട്ടുന്നുണ്ടാകും. ജീവനക്കാരോടുള്ള പല ചലഞ്ചുകളും ഇങ്ങനെ അന്തരീക്ഷത്തിലുണ്ട്.

ഇതിനെ കീഴ് വഴക്കമാക്കിക്കൊണ്ട് വ്യവസായ തൊഴിൽ മേഖലയിലോ വൻകിട കാർഷിക സംരഭങ്ങളിലോ ഉണ്ടാകുന്ന അപകടങ്ങൾ പ്രകൃതി ക്ഷോഭം, മാന്ദ്യം മുതലായവമൂലമുണ്ടാകുന്ന ലേ ഓഫ് തുടങ്ങിയ ദുരിതങ്ങൾക്കിരയാകുന്ന തൊഴിലാളികളെ സഹായിക്കാനെന്ന പേരിൽ മറ്റുതൊഴിലാളികളുടെ ആനുകൂല്യങ്ങൾ പിടിച്ചെടുക്കാൻ ന്യായംകിട്ടും. വിയോജിക്കുന്നവരെ മനുഷ്യത്വമില്ലെന്നാരോപിച്ച് നാണംകെടുത്തുകയോ ശിക്ഷിക്കുകപോലുമോ ചെയ്യാം. അതോടൊപ്പം മുതലാളി ചൂഷണം ചെയ്തുണ്ടാക്കിയ കൊള്ളലാഭത്തിന് കോട്ടം തട്ടാതെയും നോക്കാം.

ലോകമെമ്പാടുംനിന്ന് വന്ന സഹായവാഗ്ദാനങ്ങൾ ദുരുദ്ദേശത്തോടെ നിരസിച്ച കേന്ദ്രസർക്കാരിനുമേൽ ജനകീയ സമ്മർദ്ദം ചെലുത്തി തീരുമാനം മാറ്റിക്കുന്നതിനോ പൂർണ്ണകേന്ദ്രസഹായം നേടിയെടുക്കാനോ ഉള്ള ക്രിയാത്മകമായ നടപടിയൊന്നും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടില്ല. നാളിതുവരെ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുക്കുകയോ അത് കേന്ദ്രത്തെ ധരിപ്പിക്കുകയോ ചെയ്തിട്ടില്ല. 5000കോടി എന്നു പറഞ്ഞുതുടങ്ങിയ നാശനഷ്ടങ്ങളുടെ കണക്ക് ഇപ്പോൾ 50000 കോടി എത്തി നിൽക്കുന്നു. 3800 കോടി രൂപ ജീവനക്കാരിൽനിന്ന് പിരിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ കേന്ദ്രത്തിന് നൽകിയതാകട്ടെ വെറും 4900 കോടി രൂപയുടെ നഷ്ടക്കണക്കാണ്. ഇനി കേന്ദ്രസർക്കാർ പൂർണ്ണസഹായം നൽകാതെ കടുംപിടുത്തം കാട്ടുകയാണെങ്കിൽതന്നെ സാധാരണക്കാരനെ ബാധിക്കാത്ത മറ്റുമാർഗ്ഗങ്ങൾ തേടാം. ഉദാഹരണത്തിന് ആരാധനാലയങ്ങളിൽ കെട്ടിക്കിടക്കുന്ന നിധികളുടെ ഒരു ഭാഗം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംഭാവനയായി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാം. കേരളത്തിലെ ക്ഷേത്രങ്ങളോട് ഒരു ബിജെപി എംപിതന്നെ ഈ അഭ്യർത്ഥന നടത്തിക്കഴിഞ്ഞു. അതിസമ്പന്നർ ഉപയോഗിക്കുന്ന ആഡംബര വസ്തുക്കൾക്കും അവരുടെ വരുമാനത്തിനും ഉയർന്ന നികുതി ഈടാക്കാം. അതൊന്നും സർക്കാർ പണ്ഡിതന്മാരുടെ ചിന്തയിൽ വരുന്നില്ല.

പ്രകൃതി ദുരന്തത്തെയോ യുദ്ധത്തെയോ തുടർന്നുണ്ടാകുന്ന പുനർനിർമ്മാണ പ്രക്രിയ മൂലധനശക്തികളെ സംബന്ധിച്ചിടത്തോളം എല്ലായ്പ്പോഴും വലിയ ലാഭം കൊയ്യാനുള്ള സുവർണ്ണാവസരമാണ്. എഡിബി, കെപിഎംജി തുടങ്ങിയ സ്ഥാപനങ്ങളെ രംഗത്തിറക്കിയിരിക്കുന്നത് കടം എടുത്ത് വികസന സംരഭങ്ങളിലൂടെ മുതലാളിമാർക്ക് ലാഭം കൊയ്യാനുള്ള സൗകര്യം ഒരുക്കുന്നതിനായാണ്. ദുരിതബാധിതർക്ക് നാമമാത്രമായ സഹായം നൽകിക്കൊണ്ട് ഈ കടംവാങ്ങിയ പ ണം മുഴുവൻ നാട്ടിൽ ഇല്ലാത്ത നിരക്കിൽ പാലവും റോഡും നിർമ്മിക്കാൻ വിനിയോഗിക്കും. ഇതിന്റെപേരിലുള്ള ബാദ്ധ്യതയും പലിശയും ധനക്കമ്മിയും പലതരം നികുതി സെസ്സുകളുടെ രൂപത്തിൽ ദുരിതബാധിതർ ഉൾപ്പെടെയുള്ള ജനങ്ങളുടെ തലയിൽ വന്നുപതിക്കും. ഈ പ്രളയദുരന്തത്തിനിടയിലാണ് ഇന്ധനവില വർദ്ധനവിലൂടെ കേന്ദ്രസംസ്ഥാന സർക്കാരുകൾ നൂറുകണക്കിന് കോടി രൂപ നാട്ടുകാരുടെ കൈയിൽനിന്ന് തട്ടിയെടുത്തത്. കൂടാതെ ജിഎസ്ടിക്ക് പത്തുശതമാനം സെസ്സു ചുമത്താൻ നീക്കം നടത്തുന്നു.

സർക്കാർ ഉദ്യോഗസ്ഥർകൂടെ ഉൾപ്പെട്ടതാണ് ഈ സമൂഹം. പ്രളയകെടുതിയിൽ പെട്ടവരും അവരെ സഹായിക്കാൻ മുന്നിട്ടിറങ്ങിയവരിലും സർക്കാർ ഉദ്യോഗസ്ഥരുണ്ട്. സഹജീവികളോടുള്ള സ്നേഹവും മനുഷ്യത്വവുമാണ് അതിന് പ്രേരണയായത്. സർക്കാർ ഉദ്യോഗസ്ഥന്റെ മനുഷ്യത്വം അളക്കാൻ സർക്കാർ കൊണ്ടുവന്ന ഈ സ്കെയിൽ ഇവിടെ ചെലവാകില്ല. ജോലി ചെയ്തു ലഭിക്കുന്ന കൂലി അഥവാ ശമ്പളം കാരുണ്യ പ്രവർത്തനങ്ങൾക്കുൾപ്പെടെ എങ്ങനെ വിനിയോഗിക്കണം എന്നു തീരുമാനിക്കാനുള്ള പൂർണ്ണ അവകാശം ഏതൊരാളെയും പോലെ സർക്കാർ ഉദ്യോഗസ്ഥർക്കും ഉണ്ട്. ആയതിനാൽ 11-9-2018ലെ 144/ 2018/ധനനമ്പർ എന്ന കറുത്ത ഉത്തരവ് പിൻവലിച്ച് ഉദ്യോഗസ്ഥർക്ക് ആത്മാഭിമാനത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുകയാണ് വേണ്ടത്.

**പ്രകൃതി ദുരന്തം മുതലാക്കിക്കൊണ്ട് ഭരണവർഗ്ഗം എപ്പോഴും തൊഴിലാളിവിരുദ്ധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. 2005ൽ കത്രീനകൊടുങ്കാറ്റിന്റെ പേരിൽ അമേരിക്കയിലെ തൊഴിലാളികളുടെ വേതനം വെട്ടിച്ചുരുക്കിയ കാര്യം ഓർക്കുക. പത്തുശതമാനം ശമ്പളക്കുറവിനോട് പത്തുമാസംകൊണ്ട് പൊരുത്തപ്പെടുന്ന സർക്കാർ ജീവനക്കാരൻ 2019ൽ പ്രാബല്യത്തിൽ വരേണ്ടിയിരിക്കുന്ന ശമ്പളപരിഷ്ക്കരണത്തെപ്പറ്റി മിണ്ടില്ല എന്നും കണക്കുകൂട്ടുന്നുണ്ടാകും. ജീവനക്കാരോടുള്ള പല ചലഞ്ചുകളും ഇങ്ങനെ അന്തരീക്ഷത്തിലുണ്ട്.**

## മനുഷ്യാവകാശ പ്രവർത്തകരുടെ അറസ്റ്റ് ഫാസിസ്റ്റ് നടപടി – പ്രൊവാഷ് ഘോഷ്

മുതിർന്ന സാമൂഹ്യ-മനുഷ്യാവകാശ പ്രവർത്തകരെ അറസ്റ്റുചെയ്ത ബിജെപി നയിക്കുന്ന മഹാരാഷ്ട്ര സർക്കാരിന്റെ നടപടി ഫാസിസ്റ്റ് നീക്കമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അഭിപ്രായപ്പെട്ടു.

ഭീമാ-കൊറിഗോൺ സംഭവത്തിലെ പങ്കാളിത്തം ആരോപിച്ച് നടത്തിയ ഈ അറസ്റ്റ് എതിരഭിപ്രായങ്ങളെ അമർച്ച ചെയ്യാനും പ്രതിഷേധിക്കുന്നവരിൽ ഭീതി പടർത്താനുമുദ്ദേശിച്ചുള്ളതാണ്. ഇത് അങ്ങേയറ്റം അപലപനീയമാണ്. അറസ്റ്റുചെയ്തവരെ ഉടനടി, നിരുപാധികം വിട്ടയയ്ക്കണമെന്നും സഖാവ് പ്രൊവാഷ് ഘോഷ് ആവശ്യപ്പെട്ടു.




ജനകീയ പ്രതിരോധ സമിതി കോട്ടയത്ത് സംഘടിപ്പിച്ച പ്രതിഷേധത്തിൽ പ്രൊഫ.സി.മാമ്മച്ചൻ പ്രസംഗിക്കുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.